# സഹവർത്തിത്വം

# കമ്മ്യൂണിസത്തിന്റെയും മുതലാളിത്തത്തിന്റെയും?

335.43

CANNANORE ... COMMITTEE
OF THE COMMUNIST PARTY OF INDIA.
CANNANORE.

പി. യൂഡിൻ

1959 ഫിബ്രവരി

വില 50 ന. പ.

335.43

പ്രസാധകന്മാർ:

പ്രഭാതം പ്രിൻറിംഗ് & പബ്ളിഷിംഗ് കമ്പനി

(പ്രൈവററ്) ലിമിററഡ്.

അച്ചടി: പരിഷന്മുദ്രണാലയം, എറണാകുളം. കോപ്പി 2000.

553

# കുറിപ്പ്

3052

കമ്മ്യൂണിസത്തിന്റെ അടിസ്ഥാനപരമായ സമീപനത്തെ വിമർശിച്ചുകൊണ്ടു് പണ്ഡിററ് നെഹ്റു 1958 ആഗസ്റ്റുമാസത്തിൽ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററിയുടെ മുഖപത്രമായ "എക്കണോമിക്ക് റെവ്യൂ"യിൽ എഴുതിയ ഒരു ലേഖനവും അതിനു സോവിയററു തത്വശാസ്ത്രപണ്ഡിതനായ അക്കഡെമീഷ്യൻ യൂഡിൻ എഴുതിയ മറുപടിയുമാണു് ഈ പുസ്തകത്തിലുള്ളതു്. "വേൾഡ് മാർക്സിസ്റ്റ് റെവ്യൂ" എന്ന മാസികയുടെ പത്രാധിപസമിതി ആവശ്യപ്പെട്ടതനുസരിച്ചു് എഴുതപ്പെട്ടതാണു് യൂഡിന്റെ മറുപടി. 1958 ഡിസമ്പർ ലക്കം "വേൾഡ് മാർക്സിസ്റ്റ് റെവ്യൂ"യിൽ ഇവ രണ്ടും കൊടുത്തിരുന്നു.

കമ്മ്യൂണിസത്തിന്റെ സമീപനത്തെ വിമർശിച്ചുകൊണ്ടു് പണ്ഡിററ് നെഹ്റു എഴുതിയ ഒരു ലേഖനത്തിനു ഒരു സോവ്യററ് പണ്ഡിതൻ മറുപടി പറഞ്ഞപ്പോഴേയ്ക്കും, റോയിട്ടറെപ്പോലുള്ള സാമ്രാജ്യത്വപക്ഷപാതമുള്ള ഒരു വാർത്താ ഏജൻസി അതിനെ നെഹ്റുവിനെ വിമർശിക്കലും ആക്ഷേപിക്കലുമായി ചിത്രീകരിക്കാൻ ശ്രമിക്കയുണ്ടായി. യൂഡിന്റെ ലേഖനത്തിൽ നിന്നു് അവിടന്നും ഇവിടന്നും ചില വാക്കുകൾ—വാചകങ്ങൾ പോലുമല്ല—ഊരിയെടുത്താണു് റോയിട്ടർ ഈ പാഴ്‌വേലയിലേർപ്പെട്ടതു്. റോയിട്ടർ പരത്തിയ പുകകൊണ്ടു് ആർക്കെങ്കിലും തെററിദ്ധാരണയുണ്ടായിട്ടുണ്ടെങ്കിൽ അതു പരിഹരിക്കാനിതു പ്രയോജനപ്പെടും. എന്നാൽ അതിലും പ്രധാനമായി ഇതു പ്രസിദ്ധപ്പെടുത്താൻ ഞങ്ങളെ പ്രേരിപ്പിച്ചതു് മറെറാന്നാണു്. സമീപനത്തിലുള്ള യഥാർത്ഥവ്യത്യാസം മനസ്സിലാക്കാനും അവ തമ്മിൽ തട്ടിച്ചുനോക്കാനും ഇവ ഉപകരിക്കും.

പ്രസാധകർ

# അടിസ്ഥാനപരമായ സമീപനം

(ജവഹർലാൽ നെഹ്റു)

നമുക്കു ഗൌരവതരമായ പല ആഭ്യന്തരപ്രശ്നങ്ങളേയും നേരിടേണ്ടതുണ്ടു്. ഈ പരിചിന്തനം പോലും കൂടുതൽ വിപുലമായൊരു ചിന്താമണ്ഡലത്തിലേക്കാണു് അനിവാൎയ്യമായും നമ്മെ നയിക്കുന്നതു്. നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങൾ എന്തെന്നെങ്കിലും വ്യക്തമല്ലെങ്കിൽ, ലോകത്തെ ഇന്നു ബാധിച്ചിരിക്കുന്ന ചിന്താക്കുഴപ്പത്തിൽ നിന്നും നമുക്കു പുറത്തുകടക്കാനാവില്ല. ആവശ്യമായത്ര ചിന്താവ്യക്തതയോ, പ്രധാനപ്രശ്നങ്ങൾക്കുള്ള ഉത്തരമോ എൻെറ വശമുണ്ടെന്നു് ഞാൻ നടിക്കുന്നില്ല. ഈ പ്രശ്നങ്ങളെക്കുറിച്ചു ഞാൻ എല്ലായ്പോഴും ചിന്തിക്കുന്നുണ്ടെന്നു മാത്രമെ, എല്ലാ വിനയത്തോടുംകൂടി, എനിക്കു പറയാനാവൂ. സുസ്ഥിരാശയങ്ങൾ ഉള്ളവരെ, അതുകൊണ്ടു തന്നെ പ്രശ്നങ്ങളുടെ ആഴത്തിലേയ്ക്കു നോക്കുവാൻ മിനക്കെടേണ്ടാത്തവരെ കണ്ടു്, ഒരൎത്ഥത്തിൽ, ഞാൻ അസൂയപ്പെടുന്നു. ഏതെങ്കിലും മതത്തിൻെറയോ ആദൎശത്തിൻെറയോ കാഴ്ചപ്പാടിലൂടെ നോക്കുന്ന അവരെ, എല്ലായ്പോഴും മാററങ്ങളുടേതായ യുഗങ്ങളുടെ കൂടപ്പിറപ്പായ മാനസികസംഘട്ടനങ്ങൾ, അലോസരപ്പെടുത്തുന്നില്ല.

2. ഇളകാത്ത ആശയങ്ങളും അങ്ങിനെ ആത്മസംതൃപ്തിയുമുണ്ടാകുന്നതു് കൂടുതൽ സുഖകരമാണെങ്കിലും, അതൊരിക്കലും സ്വീകാൎയ്യമായ ഒന്നല്ല; കെട്ടിനില്പിലേയ്ക്കും ജീൎണ്ണിപ്പിലേക്കും മാത്രം നയിക്കുന്ന ഒന്നാണതു്. മാനുഷികജീവിതത്തിലെ മാററത്തിലുള്ള വൻപിച്ച വേഗതയാണു് ഇന്നത്തെ അടിസ്ഥാനവസ്തുത. എൻെറ ജീവിതത്തിൽതന്നെ ഞാൻ അത്ഭുതാവഹങ്ങളായ മാററങ്ങളാണു് കണ്ടിട്ടുള്ളതു്. മനുഷ്യരാശിയെ അങ്ങ

യുദ്ധം അമ്പെ നശിപ്പിച്ചില്ലെങ്കിൽ, അടുത്ത തലമുറയുടെ ജീവിതകാലത്തിനിടയിൽ ഉണ്ടാകുന്ന മാററങ്ങൾ ഇതിലും വലുതായിരിക്കും.

## വിചിത്രമായ കാഴ്ച

3. മനുഷ്യമനസ്സ് ഭൗതികലോകത്തെ ക്രമേണ കീഴടക്കുന്നതുപോലെ, അഥവാ മനസ്സിലാക്കുന്നതുപോലെ പ്രധാനമായ മറെറാരു സംഭവം ഇന്നില്ല. ആ പ്രക്രിയ ഭയാനകമായ വേഗതയിൽ തുടരുകയുമാണ്. ഇനിമേലിൽ, അഥവാ വലിയൊരു അതിർത്തിവരെ, മനുഷ്യൻ ഭൗതികപരിതസ്ഥിതികളുടെ ഇരയാകേണ്ടതില്ല. ഭൗതികപരിതഃസ്ഥിതികളെ ഇങ്ങിനെ കീഴടക്കിയിരിക്കുമ്പോൾ തന്നെ, പൊതുവിൽ മനുഷ്യൻെറ ധാർമ്മികക്കരുത്തും ആത്മനിയന്ത്രണവും ഇല്ലാതാകുന്ന വിചിത്രമായ കാഴ്ചയും കാണാനുണ്ട്. ഭൗതികലോകത്തെ കീഴടക്കിയ അവൻ സ്വയം കീഴടക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

4. അതാണു അണുയുഗത്തിലേയും സ്പുട്നിക്ക് യുഗത്തിലേയും ദുഃഖകാരിയായ വിരോധാഭാസം. ഇപ്പോഴും ഭാവിയിലും അതു വിനാശകാരിയായിരിക്കുമെന്നു അംഗീകരിക്കപ്പെട്ടിട്ടും അണുപരീക്ഷണങ്ങൾ തുടരുകയാണ്. അവയുടെ പ്രയോഗംകൊണ്ട് മനുഷ്യരാശി മുഴുവൻ നശിക്കുമെന്ന കാര്യം എല്ലാവരും മനസ്സിലാക്കിയതിന്നു ശേഷവും, കൂട്ടത്തോടെ നശിപ്പിക്കുവാനുതകിയ എല്ലാത്തരത്തിലുമുള്ള ആയുധങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്തുവരികയാണ്. ഈ വസ്തുത, ഞെട്ടിപ്പിക്കുന്ന വ്യക്തതയോടെ മുൻസൂചിപ്പിച്ച വിരോധാഭാസത്തെയാണ് വെളിവാക്കുന്നത്. മനുഷ്യരാശിയുടെ വലിയൊരു വിഭാഗത്തിന്നു പിടികിട്ടാത്തത്ര ദൂരത്തിലേക്ക് ശാസ്ത്രം പുരോഗമിച്ചുകൊണ്ടിരിക്കുന്നു; പരിഹരിക്കുന്നതുപോകട്ടെ, നമ്മിൽ മിക്കവർക്കും മനസ്സിലാക്കുവാൻകൂടി കഴിയാത്ത പ്രശ്നങ്ങൾ അതു ഉന്നയിക്കുകയും ചെയ്യുന്നു. ഇതാണ് ഈ കാല

ഘട്ടത്തിലെ ആന്തരികസംഘട്ടനത്തിൻേറയും പ്രക്ഷുബ്ധതയുടേയും കാരണം. ഒരുഭാഗത്തു് മഹത്തും ഗംഭീരവുമായ ഈ ശാസ്ത്രീയ-സാങ്കേതിക പുരോഗതിയും അതിൻെറ നിരവധി ഫലങ്ങളും; മറുഭാഗത്തു്, സംസ്കാരത്തിൻെറ തന്നെ ഒരുതരം മാനസികക്ഷീണവും.

5. യുക്തിവാദം (റാഷനലിസം) മതവുമായി ഏറ്റുമുട്ടുന്നു. ധാർമ്മികമോ ആത്മീയമോ ആയ മററു് അച്ചടക്കങ്ങൾ സൃഷ്ടിക്കാതെതന്നെ, മതത്തിൻേറയും സാമൂഹ്യ മാമൂലുകളുടേയും അച്ചടക്കം മാഞ്ഞുപോകുന്നു. ഒന്നുകിൽ, നമ്മുടെ സാധാരണ ജീവിതവുമായി അത്ര ബന്ധമൊന്നുമില്ലാത്ത കാര്യങ്ങൾ കൈകാര്യം ചെയ്യുക—അങ്ങിനെ ഒരു ദന്തഗോപുരനിലപാടു സ്വീകരിക്കുക; അതല്ലെങ്കിൽ, ഇന്നത്തെ കാലഘട്ടത്തിന്നു് യോജിക്കാത്ത സാമൂഹ്യനിയമങ്ങളുമായി ബന്ധപ്പെട്ടു കിടക്കുക—ഇതാണു് മതം ഫലത്തിൽ ചെയ്യുന്നതു്. മറുഭാഗത്താകട്ടെ, എന്തെല്ലാം ഗുണങ്ങളുണ്ടായാലും ശരി, യുക്തിവാദം അന്തസ്സത്തയിലേക്കിറങ്ങാതെ, കാര്യങ്ങളുടെ പുറംതോടിനെ മാത്രമാണു് കൈകാര്യം ചെയ്യുന്നതെന്നു് തോന്നുന്നു. വമ്പിച്ച പുതു സാദ്ധ്യതകളുടേതും നിഗൂഢതകളുടേതുമായ ഒരു ഘട്ടത്തിൽ ശാസ്ത്രം തന്നെയും ചെന്നെത്തിയിരിക്കുന്നു. ഭൗതികപദാൎത്ഥവും ഭൗതികശക്തിയും ആത്മീയശക്തിയും കൂടിപ്പിണയുന്നതുപോലുണ്ടു്.

6. പണ്ടുകാലങ്ങളിൽ ജീവിതം കൂടുതൽ ലളിതവും പ്രകൃതിയുമായി അടുപ്പമുള്ളതുമായിരുന്നു. ഇപ്പോഴതു് കൂടുതൽ സങ്കീൎണ്ണവും അധികമധികം ദ്രുതഗതിയിലുള്ളതുമായി തീൎന്നിരിക്കുന്നു. ചിന്തിയ്ക്കുവാനോ, ചോദ്യം ഉന്നയിക്കുവാൻ പോലുമോ സമയമില്ല. ശാസ്ത്രീയവികസനങ്ങൾ, ഭൗതികശക്തിയിൽ വമ്പിച്ച മിച്ചം സൃഷ്ടിച്ചിരിക്കുന്നു. അവ, പലപ്പോഴും, തെററായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു.

## പ്രശ്നം പഴയതുതന്നെ

7. യുഗങ്ങളായി മനുഷ്യരാശിയെ നേരിട്ടിരുന്ന ആ പഴയ പ്രശ്നം തന്നെ നമ്മെയും നേരിടുന്നു. എന്താണ് ജീവിതത്തിന്റെ അർത്ഥം? ഇന്നത്തെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകാൻ കഴിയാത്തിടത്തോളം കാലം, വിശ്വാസത്തിന്റേതായ ഭൂതകാലം അപര്യാപ്തമാണെന്ന് തോന്നുന്നു. മാററങ്ങളുടേതായ ഒരു ലോകത്തിൽ, ഈ മാററങ്ങളും സംഭവങ്ങളുമായി ഇണങ്ങിച്ചേരുക എന്നതായിരിക്കണം, ജീവിതം. ഈ നീക്കുപോക്കുകളുടെ അഭാവമാണ് സംഘട്ടനങ്ങൾ സൃഷ്ടിക്കുന്നത്.

8. നിരവധി ഗുണങ്ങളുള്ളവയെങ്കിലും പഴയസംസ്കാരങ്ങൾ, വ്യക്തമായും അപര്യാപ്തമാണെന്ന് തെളിഞ്ഞിരിക്കുന്നു. പുതിയ പാശ്ചാത്യസംസ്കാരവും—അതിന്റെ എല്ലാ വിജയങ്ങളും നേട്ടങ്ങളും അണുബോംബുകൾ കൂടിയുമുണ്ടെങ്കിലും—അപര്യാപ്തമാണെന്ന് തോന്നുന്നു. അതുകൊണ്ട് നമ്മുടെ സംസ്കാരത്തിൽ എന്തോ തകരാറുണ്ടെന്ന ബോധം വളരുന്നു. ശരിയാണ്, നമ്മുടെ പ്രശ്നങ്ങൾ, പ്രധാനമായും, സംസ്കാരത്തിന്റേതുതന്നെയാണ്. മതം, ധാർമ്മികവും ആത്മീയവുമായ ഒരുതരം അച്ചടക്കത്തെ പ്രദാനം ചെയ്തു; അന്ധവിശ്വാസത്തേയും സാമൂഹ്യമാമൂലുകളേയും ശാശ്വതീകരിക്കുവാനും അതു ശ്രമിച്ചു. ആ അന്ധവിശ്വാസങ്ങളും സാമൂഹ്യമാമൂലുകളും മതത്തിന്റെ യഥാർത്ഥമായ ഉൾക്കാമ്പിനെ കുടുക്കിലാക്കുകയും മൂടിക്കളയുകയും ചെയ്തു. നിരാശാബോധം പടർന്നു. ഈ നിരാശാബോധത്തിന്റെ പുറകിലൂടെയാണ് കമ്മ്യൂണിസം രംഗത്തു വന്നത്. അതൊരുതരം വിശ്വാസവും അച്ചടക്കവും പ്രദാനം ചെയ്തു. ഒരതിർത്തിവരെ അതു ശൂന്യത ഇല്ലാതാക്കുന്നു. മനുഷ്യന്റെ ജീവിതത്തിനു ഉള്ളടക്കം നല്കിക്കൊണ്ട് അത് ഒരതിർത്തിവരെ, വിജയിക്കുന്നു. ഭാഗികമായി അതിന്റെ അയവില്ലാത്ത സ്വഭാവംകൊണ്ടും, അതിലുമുപരിയായി, മാനുഷികസ്വഭാവത്തിന്റെ ചില അതിപ്രധാനാവ

ശ്യങ്ങളെ വിഗണിക്കുന്നതുകൊണ്ടും അതു്, പൂറമെയ്ക്കു വിജയി ച്ചിട്ടുണ്ടെങ്കിൽകൂടി, പരാജയപ്പെട്ടിരിക്കുകയാണു്. മുതലാളി ത്തസമുദായത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചു് കമ്മ്യൂണിസ ത്തിൽ വളരെയധികം പറയുന്നുണ്ടു്. ആ വിശകലനത്തിൽ സ ത്യമുണ്ടു്. എന്നാൽ, കമ്മ്യൂണിസത്തിൻെറ മുരടൻ ചട്ടക്കൂടിന്നു ള്ളിൽത്തന്നെ പ്രവൃദ്ധമാനമായ വൈരുദ്ധ്യങ്ങൾ നാം ദർശി ക്കുന്നു. അതിൻെറ വ്യക്തിസ്വാതന്ത്ര്യമർദ്ദനം ശക്തിമത്തായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. ജീവിതത്തിൻെറ ധാർമ്മികവും ആത്മീയവുമായ ഭാഗമെന്നു് വിളിക്കാവുന്നതിനോടുള്ള അതി ൻെറ പുച്ഛം, മനുഷ്യനിൽ അടിസ്ഥാപരമായിട്ടുള്ളതിനെ വിഗ ണിക്കുന്നുവെന്നു മാത്രമല്ല, മനുഷ്യസ്വഭാവത്തിന്നു നിലവാരവും മൂല്യവും ഇല്ലാതാക്കുകയും ചെയ്യുന്നു. അക്രമവുമായുള്ള അതി ൻെറ നിർഭാഗ്യകരമായ ബന്ധം മനുഷ്യനിൽ ഒരുതരം ദൂഷിച്ച പ്രവണത വളത്തുന്നു.

9. സോവിയററു് യൂണിയൻെറ പല നേട്ടങ്ങളേയും കു റിച്ചു എനിക്കു് അത്യധികമായ ബഹുമാനമാണുള്ളതു്. സാധാ രണ മനുഷ്യക്കും കുട്ടികൾക്കും കല്പിച്ചിട്ടുള്ള മൂല്യം മഹത്തായ ഈ നേട്ടങ്ങളിൽ പെടുന്നു. അവരുടെ വിദ്യാഭ്യാസ—പൊതു ജനാരോഗ്യസമ്പ്രദായങ്ങൾ, ഒരുപക്ഷെ, ലോകത്തിലെ ഏററ വും ഉൽകൃഷ്ടമായവയാണു്. എന്നാൽ, അവിടെ വ്യക്തിസ്വാ തന്ത്ര്യം ഹനിക്കപ്പെടുന്നതായി പറയപ്പെടുന്നു; അതു് ശരിയു മാണു്. പക്ഷെ, എല്ലാ രൂപത്തിലുമുള്ള വിദ്യാഭ്യാസം അവി ടെ പ്രചരിക്കുന്നുണ്ടെന്നതു തന്നെ വമ്പിച്ചൊരു മോചനശക്തി യാണു്; അതു് അവസാനം, വ്യക്തിസ്വാതന്ത്ര്യമർദ്ദനത്തെ വെ ച്ചുപൊറുപ്പിക്കില്ല. ഇതു ഒരു വൈരുദ്ധ്യമാണു്. നിർഭാഗ്യവ ശാൽ, അക്രമത്തിൻെറ ആവശ്യകതയുമായി കമ്മ്യൂണിസം വള രെയധികം ബന്ധപ്പെട്ടു. അതു ലോകത്തിൻെറ മുമ്പിൽവെച്ച ആദർശം, അങ്ങിനെ കരിപിടിച്ച ഒന്നായിത്തീൎന്നു. മാർഗ്ഗങ്ങൾ ലക്ഷ്യങ്ങളെ വളച്ചൊടിച്ചു. നാമിവിടെ കാണുന്നതു്,

ററായ മാർഗ്ഗങ്ങളുടേയും ശീലുകളുടേയും ശക്തിമത്തായ സ്വാധീനമാണു്.

## സംഘട്ടനങ്ങൾ

10. മുതലാളിത്താടിസ്ഥാനത്തിലുള്ള സമുദായഘടന അക്രമത്തിലും വർഗ്ഗസംഘട്ടനത്തിലും അധിഷ്ഠിതമാണെന്നു കമ്മ്യൂണിസം കുററപ്പെടുത്തുന്നു. ജനാധിപത്യപരവും മററുമായ സമരങ്ങളുടേയും അസമത്വത്തിൻേറയും ഫലമായി മുതലാളിത്തഘടനയിൽ മാററങ്ങളുണ്ടാവുകയും ഇന്നും മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽക്കൂടിയും, ഇതു് പ്രധാനമായും ശരിയാണെന്നു് ഞാൻ കരുതുന്നു. ഇതെങ്ങിനെ ഒഴിവാക്കാം, എല്ലാവൎക്കും സമമായ അവസരങ്ങൾ നല്കുന്ന വർഗ്ഗരഹിതമായ സമുദായം എങ്ങിനെ സൃഷ്ടിക്കാം എന്നതാണു് പ്രശ്നം. അക്രമത്തിൻെറ മാർഗ്ഗത്തിലൂടെ നേടാനാവുമോ? സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ഈ മാററങ്ങൾ വരുത്തുവാൻ കഴിയുമോ? കമ്മ്യൂണിസം അക്രമത്തിൻെറ സമീപനവുമായാണു് വ്യക്തമായും കൂട്ടുചേൎന്നിരിക്കുന്നതു്. സാധാരണഗതിയിൽ അതു് കായികമായ അക്രമം ചെയ്യുന്നില്ലെങ്കിലും അതിൻെറ ഭാഷ അക്രമത്തിൻേറതാണു്; അതിൻെറ ചിന്ത അക്രമത്തിൻേറതാണു്; പ്രേരണയോ, ജനാധിപത്യപരമായ സമ്മർദ്ദമോ ചെലുത്തി മാററങ്ങൾ വരുത്തുവാൻ അതു ശ്രമിക്കുന്നില്ല; ബലാല്ക്കാരവും ധ്വംസനവും നശീകരണവും തന്നെയാണു് അതിൻെറ മാർഗ്ഗം. ഫാസിസത്തിൽ, അക്രമത്തിൻേറതും നശീകരണത്തിൻേറതുമായ ദുഷിച്ച ഭാവങ്ങൾ, അതിൻെറ നഗ്നരൂപത്തിൽ, കാണാം. അതേസമയം, സ്വീകാര്യമായൊരു ആദർശം അതിനില്ലതാനും.

11. ഗാന്ധിജി നമ്മെ പഠിപ്പിച്ച സമാധാനപരമായ സമീപനത്തിന്നു് കടകവിരുദ്ധമാണിതു്. അക്രമത്തിൻെറ ഭാഷയിൽ മാത്രമേ, അതംഗീകരിക്കാത്തവരെ അധിക്ഷേപിച്ചുകൊ

ണ്ടുമാത്രമേ ഒരു തത്വത്തെ ഉറച്ചു ന്യായീകരിക്കാനാവൂ എന്നു കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റുവിരോധികളും ഒരുപോലെ കരുതുന്നതായി തോന്നുന്നു. ഇരുകൂട്ടർക്കും കറുപ്പും വെളുപ്പും മാത്രമേ ഉള്ളു; അതിന്നിടയിൽ ഏററക്കുറച്ചിലുകളില്ല. ചില മതങ്ങളിൽ കാണുന്ന വിശ്വാസഭ്രാന്തിന്റേതായ പഴയ സമീപനമാണിതു്. മററുള്ളവരുടെ പക്കലും സത്യത്തിന്റെ അംശമുണ്ടാകാമെന്ന ബോധത്തിന്റെ, സഹിഷ്ണുതയുടെ, സമീപനമല്ലിതു്. എന്നെ സംബന്ധിച്ചു പറഞ്ഞാൽ മതത്തിന്റേതായാലും, സിദ്ധാന്തത്തിന്റേതായാലും, മറേറതെങ്കിലും രംഗത്തായാലും ശരി, ഈ സമീപനം തികച്ചും അശാസ്ത്രീയവും യുക്തിഹീനവും അപരിഷ്കൃതവുമാണെന്നു ഞാൻ കരുതുന്നു. മതപരമായ ഭാഗങ്ങളൊഴിവാക്കിയാൽ, ഗ്രീസിലെ ആ പഴയ ബഹുദൈവവിശ്വാസികളുടേതായ സഹിഷ്ണുതയെയാണു് ഞാനിഷ്ടപ്പെടുന്നതു്. ഇതേപ്പററിയെല്ലാം എന്തു വിചാരിച്ചാലും ശരി, ഏതെങ്കിലും വലിയൊരു ജനവിഭാഗത്തിന്റെമേൽ ബലാൽക്കാരമായി ആശയങ്ങൾ അടിച്ചേല്പിക്കുവാൻ ശ്രമിച്ചാൽ അതു് അവസാനം പരാജയപ്പെടുമെന്നുള്ള ഘട്ടം ഇന്നത്തെ ലോകത്തിൽ വന്നെത്തിയിരിക്കുന്നു. ഇന്നത്തെ ചുററുപാടിൽ ഇതു് യുദ്ധത്തിലോ ഒരം വമ്പിച്ച നാശനഷ്ടത്തിലേയ്ക്കും നമ്മെ നയിക്കും. വിജയമുണ്ടാവില്ല; എല്ലാവർക്കും പരാജയമാണേൽക്കുക. കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങൾക്കിടയിൽ നാമിതു കാണുകയുണ്ടായി. അടുത്ത കാലത്തു് സ്വാതന്ത്ര്യം നേടിയ പ്രദേശങ്ങളിൽ കൊളോണിയൽ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തുന്ന കാര്യം മഹച്ഛക്തികൾക്കുപോലും അത്ര സുസാദ്ധ്യമല്ല. 1956-ലെ സൂയസ് സംഭവം അതു് തെളിയിച്ചു. ഏതു് ആദർശത്തെക്കാളും ശക്തിയേറിയതാണു് ദേശീയ സ്വാതന്ത്ര്യാഭിലാഷമെന്നും, അതിനെന്നേയ്ക്കുമായി മർദ്ദിച്ചൊതുക്കാനാവില്ലെന്നും ഹംഗറിയിലെ സംഭവങ്ങൾ തെളിയിച്ചു. ഹങ്കറിയിൽ സംഭവിച്ചതു്, പ്രധാനമായും, കമ്മ്യൂണിസവും, കമ്മ്യൂണിസ്റ്റു് വിരോധവും തമ്മിലുള്ള സംഘട്ടനമായിരുന്നില്ല.

വിദേശനിയന്ത്രണത്തിൽനിന്നും മോചനം നേടുവാൻ ശ്രമിക്കുന്ന ദേശീയതയെയാണു് അതു പ്രതിനിധാനം ചെയ്യുന്നതു്.

12. അങ്ങനെ പ്രധാന പ്രശ്നങ്ങൾക്കൊന്നുംതന്നെ അക്രമംകൊണ്ടു് പരിഹാരം കാണാനാവില്ലെന്നായിട്ടുണ്ടു്. എന്തെന്നാൽ അക്രമം അതിഭീകരവും വിനാശാത്മകവുമായിത്തീർന്നിരിക്കുന്നു. ഈ പ്രശ്നത്തിന്റെ ധാർമ്മികപരിശീലനത്തിനു് അതിന്റെ പ്രായോഗികവശം കൂടുതൽ ശക്തി നൽകിയിരിക്കുന്നു.

13. വലിയതോതിലുള്ള അക്രമംകൊണ്ടു് നാം ലക്ഷ്യമാക്കുന്ന സാമൂഹ്യക്രമം സൃഷ്ടിക്കുവാനാവില്ലെങ്കിൽ, അക്കാര്യത്തിൽ ചെറിയതോതിലുള്ള അക്രമം സഹായകമാകുമോ? തീർച്ചയായുമില്ല. എന്തെന്നാൽ, അതു നമ്മെ വൻതോതിലുള്ള അക്രമത്തിലേക്കു നയിക്കും; അതു സംഘട്ടനത്തിന്റേയും ശിഥിലീകരണത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കും. സംഘട്ടനത്തിന്റെ ഫലമായി പുരോഗമനസാമൂഹ്യശക്തികൾ എങ്ങിനെയും വിജയിക്കുമെന്നു കരുതുന്നതു മൂഢതയാണു്. ജർമ്മനിയിൽ ഹിററ്ലർ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടിയേയും തുത്തുവാരുകയുണ്ടായി. ഇതു മററു രാജ്യങ്ങളിലും സംഭവിക്കാവുന്നതാണു്. ആന്തരികമായിത്തന്നെ ശിഥിലീകരണസ്വഭാവമുള്ളതിനാൽ അക്രമത്തോടുള്ള ഏതു സമീപനവും, ഇന്ത്യയിൽ പ്രത്യേകിച്ചും, ദ്രോഹകരമാണു്. കാരണം, നമുക്കിക്കാര്യത്തിൽ ഒരു ഭാഗ്യപരീക്ഷ നടത്താൻ സാധിക്കാത്തവിധത്തിൽ അത്രയധികം ശിഥിലീകരണപ്രവണതകളുണ്ടിവിടെ. പക്ഷെ ഇവയെല്ലാംതന്നെ, താരതമ്യേന ചെറിയ കാര്യങ്ങളാണു്. തെററായ മാർഗ്ഗങ്ങൾ ശരിയായ ഫലങ്ങളിൽ നമ്മെ എത്തിക്കില്ലെന്നതാണു് അടിസ്ഥാനപരമായ കാര്യം. ഇതു വെറുമൊരു ധാർമ്മികതത്വം മാത്രമല്ല, പ്രായോഗിക സിദ്ധാന്തംകൂടിയാണെന്നു ഞാൻ വിശ്വസിക്കുന്നു.

14. ഈ പൊതുപശ്ചാത്തലത്തെക്കുറിച്ചു്, പ്രത്യേകിച്ചും ഇന്ത്യയിലെ ചുററുപാടുകളെക്കുറിച്ചു്, നമ്മിൽ ചിലർ ചർച്ചചെ

യ്യുന്നുണ്ട്. ഇന്ത്യയിൽ നൈരാശ്യത്തിൻെറയും മനംമടുപ്പിൻെറ യുമായ ഒരു ബോധം പരന്നിരിക്കുന്നുവെന്ന് പലപ്പോഴും പറ ഞ്ഞുകേൾക്കുന്നു. ആവേശവും കഠിനാദ്ധ്വാനവും ഏററവും അ ത്യാവശ്യമായിട്ടുള്ള ഈ സമയത്ത്, പഴയ ചൈതന്യപ്രസരം കാണാനില്ല. ഇതു നമ്മുടെ രാജ്യത്തു മാത്രമായിക്കാണുന്ന ഒന്ന ല്ല: ഒരത്ഥത്തിൽ, ഇതു ഒരു ലോകപ്രതിഭാസമാണ്. നമുക്കൊരു ജീവിത തത്വശാസ്ത്രമില്ലെന്നതാണ് ഇതിൻെറ കാരണമെന്നു എ ൻെറ വിലപ്പെട്ടൊരു പഴയ സ്നേഹിതൻ പറയുന്നു.* ശരിയാ ണ്, തത്വശാസ്ത്രപരമായ സമീപനത്തിൻെറ അഭാവം ലോക ത്താകെ കാണുന്നുണ്ട്. രാജ്യത്തിൻെറ ഭൗതികമായ ഐശ്വര്യം ഭദ്രമാക്കുന്നതിന്നുള്ള ശ്രമങ്ങൾക്കിടയിൽ, മാനുഷികപ്രകൃതിയി ലെ ആത്മീയപ്രവണതകളിൽ നാം ശ്രദ്ധിക്കുന്നില്ല. അതുകൊ ണ്ട്, വ്യക്തിക്കും രാഷ്ട്രത്തിന്നും സോദ്ദേശ്യത—ജീവിക്കുവാനും, ആവശ്യമെങ്കിൽ മരിക്കുവാനും തയ്യാറാകുന്ന ഒന്ന്—നൽകാൻ വേണ്ടി നാം ഒരു ജീവിതതത്വശാസ്ത്രം പുനരുജ്ജീവിപ്പിക്കുക യും നമ്മുടെ ചിന്തകൾക്ക് വിപുലമായ അത്ഥത്തിൽ, ആത്മീയ മായ പശ്ചാത്തലം നൽകുകയുംവേണ്ടിയിരിക്കുന്നു. നാം ക്ഷേമ രാഷ്ട്രത്തേയും ജനാധിപത്യത്തേയും സോഷ്യലിസത്തേയുംകുറിച്ച പറയാറുണ്ട്. നല്ല ഭാവനകളാണവയെല്ലാം. എന്നാലവയുടെ അത്ഥം വ്യക്തവും സംശയാതീതവുമല്ല. ഇതാണ് വാദം. അ ങ്ങനെയാണ്, നമ്മുടെ അന്തിമലക്ഷ്യം എന്തായിരിക്കണമെന്ന പ്രശ്നം ഉദിച്ചത്. ജനാധിപത്യവും സോഷ്യലിസവും ഒരു ലക്ഷ്യത്തിലേക്കുള്ള മാറ്റ്ഗങ്ങളാണ്; അവ സ്വയം ലക്ഷ്യങ്ങളല്ല. സമൂഹത്തിൻെറ നന്മയെക്കുറിച്ച് നാം പറയുന്നു. സമൂഹത്തി ൻെറ ഘടകങ്ങളായ വ്യക്തികളുടെ നന്മക്കതീതവും അതിൽനി ന്നു് വിഭിന്നവുമായ ഒന്നാണോ ഇതു്? സമൂഹത്തിൻെറ നന്മ

---

* 1958 ആഗസ്റ്റ് 1-ാംനു- "ഇക്കണോമിക്ക് റെവ്യൂ" പ്ര സിദ്ധീകരിച്ച ഡോ: സമ്പൂണ്ണാനന്ദൻെറ കോൺഗ്രസ്സ് ആദർശ വും പരിപാടിയും എന്ന ലേഖനമാണ് ഉദ്ദേശിക്കപ്പെടുന്നതു്.

യെന്നു വിളിക്കപ്പെടുന്ന ഒന്നിന്നുവേണ്ടി വ്യക്തിയെ വിഗണിക്കയും ബലികഴിക്കയുമാണെങ്കിൽ—നാം പുലർത്തേണ്ട ശരിയായ ലക്ഷ്യമാണോ അതു്?

## സിദ്ധാന്തങ്ങളുടെ ഉരകല്ലു്

15. വ്യക്തിയെ അങ്ങനെ ബലികഴിക്കരുതെന്നതു സമ്മതിക്കപ്പെട്ടിട്ടുണ്ടു്. വ്യക്തി തിരഞ്ഞെടുക്കപ്പെട്ട ഒരു സംഘത്തിന്നുപകരം മുഴവൻ സമുദായവുമാകുമെങ്കിൽ, ആ വ്യക്തിക്കു് വികസിക്കുവാനുള്ള അവസരം ലഭിക്കുമ്പോൾ മാത്രമേ യഥാർത്ഥ സാമൂഹ്യപുരോഗതി കൈവരു. അതുകൊണ്ടു് തന്റെ ക്ഷുദ്രമായ 'വ്യക്തിത്വ'ത്തിൽനിന്നു ഉയരാനും അങ്ങിനെ എല്ലാവരുടേയും നന്മയുടെ ഭാഷയിൽ ചിന്തിക്കാനും ഒരു വ്യക്തിയെ എത്രത്തോളം സഹായിക്കുന്നുവെന്നതാണു്, യഥാർത്ഥത്തിൽ എല്ലാ രാഷ്ട്രീയ–സാമൂഹ്യസിദ്ധാന്തങ്ങളുടേയും ഉരകല്ലു്. ജീവിതനിയമം മത്സരമോ സ്വാർത്ഥമോ ആകരുതു്, സഹകരണമാവണം. ഓരോ വ്യക്തിയുടേയും നന്മ സമുദായത്തിന്റെയാകെ നന്മകളള്ള സംഭാവനയായിത്തീരണം. അത്തരമൊരു സാമൂഹ്യക്രമത്തിൽ അവകാശങ്ങളായിരിക്കയില്ല, ചുമതലകളായിരിക്കും ഊന്നപ്പെടുന്നതു്. ചുമതല നിർവ്വഹിക്കുന്നതിൽനിന്നും അവകാശങ്ങൾ സ്വയം ഉണ്ടാകും. നാം വിദ്യാഭ്യാസത്തിന്നു പുതിയൊരു ഉന്നം നൽകുകയും പുതിയ മാതൃകയിലുള്ള മനുഷ്യരാശിയെ കരുപ്പിടിപ്പിക്കുകയും ചെയ്യണം.

16. സചേതനങ്ങളും അചേതനങ്ങളുമായ എല്ലാററിന്നും പ്രപഞ്ചഘടനയിൽ ഒരു സ്ഥാനമുണ്ടെന്ന പഴയ വേദാന്തവീക്ഷണത്തിലാണു് ഈ വാദം ചെന്നെത്തുന്നതു്. പ്രപഞ്ചത്തെ വലയംചെയ്യുന്ന ദൈവികശക്തി, അല്ലെങ്കിൽ മൗലികശക്തി, അതുമല്ലെങ്കിൽ ജീവശക്തിയുടെ ജ്വാല, എല്ലാററിലുമുണ്ടെന്ന വീക്ഷണത്തിൽചെന്നെത്തുന്നു. നമ്മെ നേരിടുന്ന ജീവിതപ്രശ്നങ്ങളിൽനിന്നാ നമ്മെ അകററിയേക്കാവുന്ന തത്വജ്ഞാനമണ്ഡലങ്ങളിലേക്കാണു് ഇതു നമ്മെ നയിക്കുന്നതു്. ഏതു ചിന്താസര

ണിയായാലുംവേണ്ടില്ല, അതിലൂടെ വേണ്ടത്ര പോയാൽ നാം ഒരുകണക്കിന്ന്, തത്വജ്ഞാനത്തിൻെറ മണ്ഡലത്തിൽചെന്നെത്തുമെന്നു ഞാൻ കരുതുന്നു. ശാസ്ത്രംപോലും എല്ലാത്തരത്തിലുംപെട്ട അചിന്ത്യതകളുടെ വക്കത്താണിന്നു്. ഈ തത്വജ്ഞാനപരമായ വശങ്ങളെക്കുറിച്ചു് ചർച്ചചെയ്യുവാൻ ഞാനുദ്ദേശിക്കുന്നില്ല. ഭൗതികലോകത്തിന്നടിയിൽ കിടക്കുന്ന മൗലികമായ ഒന്നിനെ മനസ്സ് എങ്ങനെയാണ് അന്വേഷിക്കുന്നതെന്നു് ഈ വാദങ്ങൾതന്നെ സൂചിപ്പിക്കുന്നു. ജീവിതതത്വത്തെക്കുറിച്ചുള്ള സർവ്വവ്യാപിയായ ഈ വീക്ഷണത്തിൽ നമുക്ക് യഥാർത്ഥവിശ്വാസമുണ്ടെങ്കിൽ വംശീയവും ജാതീയവും വർഗ്ഗപരവുമായ ഇടുങ്ങിയ മനസ്ഥിതിയിൽനിന്നു് കുറച്ചൊക്കെ രക്ഷനേടാൻ അതു നമ്മെ സഹായിച്ചേക്കും. ജീവിതപ്രശ്നങ്ങളോടുള്ള സമീപനത്തിൽ, അതു് നമ്മെ കുറേക്കൂടി സഹിഷ്ണുക്കളും വിശാലമനസ്കരും ആക്കിയേക്കും.

17. എന്നാൽ ഇതു പ്രശ്നങ്ങളൊന്നും പരിഹരിക്കുന്നില്ലെന്നതു് വ്യക്തമാണ്. ഒരർത്ഥത്തിൽ നാം തുടങ്ങിയേടത്തുതന്നെ നിൽക്കുന്നു. ഇന്ത്യയിൽ നാം ക്ഷേമരാഷ്ട്രത്തെയും സോഷ്യലിസത്തെയുംകുറിച്ചു സംസാരിക്കുന്നു. ഒരർത്ഥത്തിൽ എല്ലാ രാജ്യങ്ങളും—മുതലാളിത്തരാജ്യമായാലുംകൊള്ളാം, സോഷ്യലിസ്റ്റ്രാജ്യമായാലും കൊള്ളാം, കമ്മ്യൂണിസ്റ്റ് രാജ്യമായാലും കൊള്ളാം—ക്ഷേമരാഷ്ട്രമെന്ന ആദർശം സ്വീകരിക്കുന്നുണ്ടു്. മുതലാളിത്തം, സ്വന്തം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽനിന്നു് വളരെ വിദൂരതയിലാണെങ്കിലും, ജീവൽ പ്രധാനമായ ഏതോ ഒന്നിൻെറ അഭാവം അതിന്നു ഉണ്ടെങ്കിൽകൂടി, ചില രാജ്യങ്ങളെങ്കിലും, വലിയൊരു പരിധിവരെ ഈ പൊതുക്ഷേമം നേടിയെടുത്തിട്ടുണ്ടു്. മുതലാളിത്തം ജനാധിപത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അതിൻെറ പല ദൂഷ്യങ്ങളുടേയും രൂക്ഷത നിസ്സംശയമായും കുറഞ്ഞിട്ടുണ്ടു്. യഥാർത്ഥത്തിൽ, രണ്ടോ മൂന്നോ തലമുറകൾക്കുമുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമാണതു്. വ്യാ

വസായികമായി പുരോഗമിച്ച രാഷ്ട്രങ്ങളിൽ, അനുസ്യൂതവും ക്രമാനുഗതവുമായ പുരോഗതി കാണാം. ലോകമഹായുദ്ധങ്ങളിലുണ്ടായ വമ്പിച്ച നാശനഷ്ടങ്ങൾപോലും, വളരെയധികം വികസിച്ച ഈ രാഷ്ട്രങ്ങളിലെ ഈ പ്രവണതയെ തടഞ്ഞിട്ടില്ല. പോരാ, ഈ സാമ്പത്തികവികാസം, വിവിധതോതിലാണെങ്കിൽപ്പോലും എല്ലാ വർഗ്ഗങ്ങളിലേക്കും പരന്നിട്ടുണ്ട്. ഇതു വ്യാവസായികമായി വികസിക്കാത്ത രാജ്യങ്ങൾക്കു ബാധകമല്ല. ഈ രാജ്യങ്ങളിൽ വികസനത്തിന്നുവേണ്ടിയുള്ള സമരം വളരെ വിഷമംപിടിച്ചതാണ്. എല്ലാ ശ്രമങ്ങളുമുണ്ടായിട്ടും, സാമ്പത്തികാസമത്വങ്ങൾ നിലനില്ക്കുന്നുവെന്നുമാത്രമല്ല, അവ ചിലപ്പോൾ വഷളാവുകയുംചെയ്യുന്നു. മുതലാളിത്തസമുദായത്തിലെ ശക്തികൾ നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ അവ ധനികരെ കൂടുതൽ ധനവാന്മാരും പാവപ്പെട്ടവരെ കൂടുതൽ പാവപ്പെട്ടവരുമാക്കുകയും അങ്ങിനെ അവർതമ്മിലുള്ള വിടവ് വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു് സാധാരണഗതിയിൽ പറയാം. ഇതു് രാജ്യങ്ങൾക്കും, രാജ്യങ്ങൾക്കകത്തുതന്നെയുള്ള ഗ്രൂപ്പുകൾക്കും പ്രദേശങ്ങൾക്കും വർഗ്ഗങ്ങൾക്കും ബാധകമാണ്. വിവിധ ജനാധിപത്യ പ്രക്രിയകൾ ഈ സാധാരണ പ്രവണതകളിൽ ഇടപെടുന്നുണ്ട്. അതുകൊണ്ടു് പ്രധാനവശങ്ങൾ നിലനില്ക്കുന്നുവെങ്കിൽപ്പോലും മുതലാളിത്തംതന്നെയും ചില സോഷ്യലിസ്റ്റ് സ്വഭാവങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

## നിർവ്വചിക്കാൻ വിഷമം

18. സാധാരണഗതിയിലുള്ള പ്രക്രിയകളിൽ മനഃപൂർവ്വമായി ഇടപെടുവാനും അങ്ങിനെ ഉല്പാദനശക്തികളെ വളർത്താനും മാത്രമല്ല, അസമത്വങ്ങൾ കുറക്കാനും സോഷ്യലിസം ശ്രമിക്കുന്നു. പക്ഷെ സോഷ്യലിസമെന്നാൽ എന്താണ്? കണിശമായൊരു ഉത്തരം നൽകാൻ വിഷമമാണ്: നിരവധി നിർവ്വചനങ്ങളുണ്ടു്, അതിന്ന്. നന്മചെയ്യുന്നതും സമത്വത്തെ ലാക്കാക്കുന്നതുമായ എന്തോ ഒന്നു്—സോഷ്യലിസത്തെപ്പററി ചിലർ ഒരു

പക്ഷെ ഇങ്ങനെ അവ്യക്തമായി ചിന്തിക്കുന്നു. ഇതു് നമ്മെ ബഹുദൂരം കൊണ്ടുപോകുന്നില്ല. സോഷ്യലിസത്തിന്റെ പല ആശയങ്ങളും മുതലാളിത്തഘടനയിൽ ക്രമേണ കൂട്ടിച്ചേർക്കുന്നതുകൊണ്ടു് അവതമ്മിലുള്ള വമ്പിച്ച വിടവു് കുറയുകാണെന്നതു് ശരിയാണെങ്കിലും അടിസ്ഥാനപരമായിത്തന്നെ മുതലാളിത്തത്തിന്റേതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനമാണു് സോഷ്യലിസം എന്തായാലും സോഷ്യലിസം ഒരു ജീവിതരീതി മാത്രമല്ല, സാമൂഹ്യ-സാമ്പത്തികപ്രശ്നങ്ങളോടുള്ള ഒരു ശാസ്ത്രീയസമീപനംകൂടിയാണതു്. പിന്നണിയിൽ കിടക്കുന്നതും അവികസിതവുമായ ഒരു രാജ്യത്തു് സോഷ്യലിസത്തെ കുടിയിരുത്തുന്നതുകൊണ്ടു് പൊടുന്നനവെ അതിന്റെ പിന്നോക്കനില ഇല്ലാതാവുന്നില്ല. യഥാർത്ഥത്തിൽ നമുക്കപ്പോൾ ലഭിക്കുന്നതു് പിന്നോക്കം നില്ക്കുന്നതും ദരിദ്രവുമായ സോഷ്യലിസമാണു്.

19. ദൗർഭാഗ്യവശാൽ കമ്മ്യൂണിസത്തിന്റെ നിരവധി രാഷ്ട്രീയവശങ്ങൾ സോഷ്യലിസത്തിന്റെ കാഴ്ചപ്പാടിനെ വളച്ചൊടിക്കുവാൻ സഹായിച്ചിട്ടുണ്ടു്. കമ്യൂണിസം ആവിഷ്ക്കരിച്ചിട്ടുള്ള സമരമുറകൾ അക്രമത്തിനു വമ്പിച്ച പ്രാധാന്യം നല്കുകയുംചെയ്യുന്നു. അതുകൊണ്ടു് ഈ രാഷ്ട്രീയപ്രവണതകളെയും, അഥവാ അക്രമത്തിന്റെ അനിവാര്യതയേയും ഒഴിച്ചുനിർത്തിക്കൊണ്ടുവേണം സോഷ്യലിസത്തെക്കുറിച്ചു ചിന്തിക്കുവാൻ. ഒരു സമുദായത്തിലെ സാമൂഹ്യവും രാഷ്ട്രീയവും ബുദ്ധിപരവുമായ ജീവിതത്തിന്റെ പൊതു സ്വഭാവത്തിന്നാധാരം ഉല്പാദനക്കഴിവുകളാണെന്നു് അതു പറയുന്നു. ആ ഉല്പാദനക്കഴിവുകൾ മാറുകയും വികസിക്കുകയും ചെയ്യുന്നതോടൊപ്പം സമുദായത്തിന്റെ ജീവിതവും ചിന്തയും മാറുന്നു.

20. സാമൂഹ്യവും സാമ്പത്തികവുമായ ഇന്നത്തെ നിലയെ കാത്തുരക്ഷിക്കുന്നതിൽ തല്പരരായതിനാൽ സാമ്രാജ്യത്വം അഥവാ കൊളോണിയലിസം, പുരോഗമന ഗ്രൂപ്പുകളെ അല്ലെ

ങ്കിൽ വർഗ്ഗങ്ങളെ മർദ്ദിച്ചു; മർദ്ദിക്കുന്നു. ഒരു രാജ്യം സ്വതന്ത്രമായതിനുശേഷവും മററു രാജ്യങ്ങളിന്മേലുള്ള അതിൻെറ സാമ്പത്തികാശ്രിതത്വം തുടൎന്നുപോന്നേക്കാം. ചിലപ്പോഠം ഇതിനെയാണു്, സാംസ്കാരികവും സാമ്പത്തികവുമായ ഉററബന്ധങ്ങഠം എന്നു ഭംഗിയിൽ പറയുന്നതു്.

## ആസൂത്രണം പ്രധാനം

21. ഗ്രാമത്തിൻെറ സ്വയംപര്യാപ്തതയെക്കുറിച്ചു് നാം ചിലപ്പോഴൊക്കെ ചർച്ചചെയ്യാറുണ്ടു്. വികേന്ദ്രീകരണത്തിൻെറ ഒരു ഭാഗമാണെങ്കിലും ആ ആശയവുമായി ഇതിനെ കൂട്ടിക്കുഴക്കരുതു്. ആകാവുന്നത്ര വികേന്ദ്രീകരണമുണ്ടാകുന്നതു് നന്നെന്നു ഞാൻ കരുതുന്നു. പക്ഷെ അതു കൊണ്ടുചെന്നെത്തിക്കുന്നതു് പ്രാകൃതമായ ഉല്പാദനസമ്പ്രദായങ്ങളിലാണെങ്കിൽ അതിൻെറ അർത്ഥം, ചില പാശ്ചാത്യരാഷ്ട്രങ്ങഠംക്കു് വമ്പിച്ച ഭൗതികപുരോഗതി നേടിക്കൊടുത്ത പുതിയ സമ്പ്രദായങ്ങഠം നാം ഉപയോഗിക്കുന്നില്ലെന്നതുമാത്രമാണു്, അതായതു് നാം ദരിദ്രരായിത്തന്നെ തുടരും. പോര, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയുടെ സമ്മർദ്ദത്തിൻെറ ഫലമായി നാം കൂടുതൽ ദരിദ്രരായേക്കും. ശാസ്ത്രം നമ്മുടെ കൈവശം ഏല്പിച്ചിട്ടുള്ള ശക്തിവിഭവങ്ങളെ ഉപയോഗിക്കാതെ ദാരിദ്ര്യത്തിൻെറ ഈ ദൂഷിതവലയത്തിനുള്ളിൽ നിന്നും എങ്ങിനെ പുറത്തുകടക്കാം എന്നു് എനിക്കു മനസ്സിലാകുന്നില്ല. ദരിദ്രരായതുകൊണ്ടു് മുതൽമുടക്കാനുള്ള മിച്ചം നമുക്കില്ല. നാം അധികമധികം കീഴ്പ്പോട്ടു ആണ്ടുപോകുന്നു.

22. ആധുനിക സാങ്കേതികമുറകളും ശക്തിയുടെ പുതിയ ഉറവിടങ്ങളും ഉപയോഗിച്ചുകൊണ്ടു് നാം ഈ വേലിക്കെട്ടിനെ പൊളിക്കേണ്ടതുണ്ടു്.…. എന്നാൽ അതു ചെയ്യുമ്പോഠം നാം അടിസ്ഥാനപരമായ മാനുഷികവശത്തേയും നമ്മുടെ ലക്ഷ്യം വ്യക്തികളുടെ ഉന്നമനവും അസമത്വങ്ങളുടെ ലഘൂകരണവുമാണെന്ന വസ്തുതയേയും മറക്കരുതു്. അവസാനവിശകലനത്തിൽ, ജീവിത

ത്തിന്നു് അൽപ്പമൊരത്ഥം നല്കുന്നതും സംസ്കാരത്തിൻേറയും നാഗരികതയുടേയും അടിത്തറയുമായ ജീവിതത്തിൻെറ ധാമ്മികാത്മീയവശങ്ങളെ നാം മറക്കരുതു്.

23. സോഷ്യലിസ്റ്റ് സമുദായത്തിൻേറയോ മുതലാളിത്ത സമുദായത്തിൻേറയോ യാന്ത്രികമായ അംഗീകരണമല്ല ദാരിദ്ര്യത്തെ പൊടുന്നനവേ ഐശ്വര്യമാക്കിത്തീക്കുന്നതെന്നു് ഓക്കേണ്ടതുണ്ടു്. കഠിനാദ്ധ്വാനംചെയ്യുക, രാഷ്ട്രത്തിൻെറ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ നീതിപൂർവ്വകമായ വിതരണം സംഘടിപ്പിക്കുക—ഇതാണു് ഏകമാഗ്ഗം. ദീർഘവും വിഷമംപിടിച്ചതുമായ ഒരു പ്രക്രിയയാണതു്. വളരെ അവികസിതമായ ഒരു രാജ്യത്തിൽ മുതലാളിത്തമാഗ്ഗം പ്രയോജനപ്പെടുകയില്ല. സോഷ്യലിസ്റ്റ്മാഗ്ഗത്തിലുള്ള ആസൂത്രിതമായ സമീപനംകൊണ്ടുമാത്രമേ ക്രമാനുഗതമായ പുരോഗതി നേടാനാവൂ; അതിനുതന്നെയും കുറേക്കാലം പിടിക്കുകയുംചെയ്യും. ഈ പ്രക്രിയ അങ്ങിനെ തുടരുമ്പോഠം, നമ്മുടെ ജീവിതത്തിൻേറയും ചിന്തയുടേയും ഊടും പാവും ക്രമേണ മാറുന്നു.

24. ഇതിന്നു് ആസൂത്രണം അത്യാവശ്യമാണു്. കാരണം, അതില്ലെങ്കിൽ വളരെ പരിമിതമായ നമ്മുടെ വിഭവങ്ങളിൽ പാഴ്ചിലവുണ്ടാകും. ആസൂത്രണമെന്നാൽ കുറെ പദ്ധതികളുടേയും സ്കീമുകളുടേയും കുമ്പാരമെന്നല്ല അത്ഥം; എല്ലാ രംഗങ്ങളിലും സമുദായത്തിന്നു് പുരോഗമിക്കുവാനാവുംവിധം അടിത്തറയേയും പുരോഗതിയുടെ വേഗതയേയും ശക്തിപ്പെടുത്തുന്നതിനുള്ള സുചിന്തിതമായ സമീപനമാണതു്. രാജ്യത്തിൻെറ പൊതുദാരിദ്ര്യത്തിന്നുപുറമെ ചില വലിയ പ്രദേശങ്ങളിലെ രൂക്ഷമായ ദാരിദ്ര്യത്തിൻെറ പ്രശ്നവും ഇന്ത്യയിലുണ്ടു്. നമ്മുടെ മുമ്പിൽ എല്ലായ്പ്പോഴുമുള്ളതു് വിഷമം പിടിച്ചൊരു പ്രശ്നമാണു്: ഒന്നുകിൽ, തിരഞ്ഞെടുത്ത ചില അനുകൂലപ്രദേശങ്ങളിൽ ഉല്പാദനത്തിൽ മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കുക; അങ്ങിനെ, താൽക്കാലിക

മായി, ദരിദ്രപ്രദേശങ്ങളെ വിഗണിക്കുക. അല്ലെങ്കിൽ, വിവിധപ്രദേശങ്ങൾ തമ്മിലുള്ള അസമത്വങ്ങൾ ലഘൂകരിക്കുകയെന്ന ഉദ്ദേശത്തോടെ ഒരേ സമയംതന്നെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളേയും വികസിപ്പിക്കുവാൻ ശ്രമിക്കുക. ഇവ രണ്ടും തമ്മിൽ ഒരു തുല്യത പാലിച്ചുകൊണ്ടു്, അവിഭക്തമായ ഒരു ദേശീയപദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ടു്. ആ ദേശീയ പദ്ധതി അയവില്ലാത്തതാകണമെന്നില്ല; അയവില്ലാത്തതാകരുതുതാനും. ഏതെങ്കിലും മുരട്ടതത്വത്തിൽ അധിഷ്ഠിതമാകണമെന്നില്ലതു്. നിലവിലുള്ള വസ്തുതകളെ പരിഗണനയിലെടുക്കയാണു് വേണ്ടതു്. ഇന്നത്തെ ഇന്ത്യയിൽ ആ പദ്ധതി നിരവധി മേഖലകളിൽ സ്വകാര്യസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നു ഞാൻ കരുതുന്നു — ആ സ്വകാര്യസംരംഭങ്ങൾ കൂടിയും ആവശ്യമായും ദേശീയപദ്ധതിയുമായി ഇണങ്ങിച്ചേരുകയും ആവശ്യമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കു് വിധേയമായിരിക്കയും വേണം.

## ഭൂപരിഷ്ക്കാരങ്ങൾ

25. ഭൂപരിഷ്ക്കാരങ്ങൾക്കു് പ്രത്യേക പ്രാധാന്യംതന്നെയുണ്ടു്. എന്തെന്നാൽ, അതില്ലാതെ, ജനങ്ങൾ വളരെയധികം തിങ്ങിപ്പാർക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തു്, പ്രത്യേകിച്ചു് കൃഷിയിലെ ഉല്പാദനക്ഷമത കാര്യമായി വർദ്ധിപ്പിക്കാനാവില്ല. പക്ഷെ, ഭൂപരിഷ്ക്കാരങ്ങളുടെ പ്രധാനലക്ഷ്യം കൂടുതൽ ആഴത്തിലുള്ള മറെറാന്നാണു്. ചലനമില്ലാതെ നിൽക്കുന്ന സമൂഹത്തിൻെറ പഴകിയ വർഗ്ഗഘടനയെ പൊളിക്കുകയാണു് അവയുടെ ഉന്നം.

26. സാമൂഹ്യഭദ്രതയാണു് നമ്മുടെ ആവശ്യം. പക്ഷെ, ഒരു പ്രത്യേക വികാസഘട്ടത്തിൽ മാത്രമേ സാമൂഹ്യഭദ്രത ഉണ്ടാകൂ എന്നു് നാം മനസ്സിലാക്കണം. അല്ലെങ്കിൽ, നമുക്കു സാമൂഹ്യഭദ്രതയോ വളർച്ചയോ ഉണ്ടാവില്ല.

27. അവസാനവിശകലനത്തിൽ, മനുഷ്യൻെറ ഗുണമാണു് പ്രധാനം എന്നതു വ്യക്തമാണു്. മനുഷ്യനാണു്, ഒരു

രാഷ്ട്രത്തിൻെറ സമ്പത്തും സാംസ്കാരിക പുരോഗതിയും പടുത്തുയർത്തുന്നതു്. അതുകൊണ്ടു, മനുഷ്യരിൽ ആ ഗുണങ്ങൾ സൃഷ്ടിക്കുവാനുള്ള വിദ്യാഭ്യാസവും ആരോഗ്യവും അതിപ്രധാനങ്ങളായിത്തീരുന്നു. ഇവിടെയും നമുക്കു വിഭവങ്ങളുടെ അഭാവംകൊണ്ടുള്ള വിഷമങ്ങളുണ്ടു്. പക്ഷെ, സാമ്പത്തികവും അതുപോലെത്തന്നെ സാംസ്കാരികവും ആത്മീയവുമായ പുരോഗതിയുടെ അടിത്തറ ശരിയായ വിദ്യാഭ്യാസവും നല്ല ആരോഗ്യവും ആണെന്നു നാം എപ്പോഴും ഓക്കണം.

28. ഒരു ദേശീയ പദ്ധതിക്കു്, അങ്ങിനെ, ഹ്രസ്വകാലികവും ദീർഘകാലികവുമായ ലക്ഷ്യങ്ങളുണ്ടു്. ദീർഘകാല ലക്ഷ്യം ശരിയായ കാഴ്ചപ്പാടുണ്ടാക്കുന്നു. അതില്ലെങ്കിൽ ഹ്രസ്വകാലാസൂത്രണം കൊണ്ടു് പ്രയോജനമില്ല. അതു നമ്മെ ഇടുക്കുവഴികളിലെത്തിക്കും. ആസൂത്രണം, എപ്പോഴും ഒരു കാഴ്ചപ്പാടോടുകൂടിയതായിരിക്കും; നാം നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾവെച്ചു നോക്കുമ്പോൾ ശ്രമകരവുമായിരിക്കും. വേറൊരു വിധത്തിൽ പറഞ്ഞാൽ, സാമ്പത്തികച്ചുററുപാടുകളും ധനപരമായ കഴിവുകളുംകൊണ്ടു് പരിമിതപ്പെടുകയും നിബന്ധിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണെങ്കിലും ശരി, അതു്, ഫിസിക്കൽ പ്ലാനിങ്ങ് (ഒരു നിശ്ചിതകാലയളവിനുള്ളിൽ ചില നിശ്ചിതകാര്യങ്ങൾ നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടിയ ആസൂത്രണം—പരിഭാഷകൻ) ആയിരിക്കണം.

## നാംതന്നെ ചിന്തിക്കണം

29. ഒരു പരിധിവരെ മററു രാജ്യങ്ങൾക്കും പൊതുവായുള്ള പ്രശ്നങ്ങളെയാണു് ഇന്ത്യയും നേരിടുന്നതു്. എന്നാൽ സമാനതകളോ ചരിത്രപരമായ പൂർവ്വാനുഭവങ്ങളോ ഇല്ലാത്ത പുതിയ പ്രശ്നങ്ങൾ അതിലുമെത്രയോ അധികമാണു്. വ്യാവസായികമായി പുരോഗമിച്ച രാജ്യങ്ങളിലെ ഭൂതകാലസംഭവങ്ങൾ, നമ്മെ സംബന്ധിച്ചിടത്തോളം ബാധകമല്ല. യഥാർത്ഥത്തിൽ, ഇന്നു മുന്നണി

യിൽ നിൽക്കുന്ന രാജ്യങ്ങരം, അവയുടെ വ്യവസായവൽക്കരണം ആരംഭിക്കുന്നതിനു മുമ്പു തന്നെ, ആളോഹരി വരുമാനത്തിൻെറ കാര്യത്തിൽ ഇന്നത്തെ ഇന്ത്യയെക്കാരം ഭേദപ്പെട്ട നിലയിലായിരുന്നു. അതുകൊണ്ടു് പാശ്ചാത്യസാമ്പത്തികശാസ്ത്രം, സഹായകമെങ്കിലും, നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളുമായി അത്ര ബന്ധപ്പെട്ടവയല്ല. സാമ്പത്തിക പ്രക്രിയകളിൽ ഗണ്യമായ വെളിച്ചം വീശുന്നതെങ്കിലും പലവിധത്തിൽ പഴഞ്ചനായിത്തീൎന്നിട്ടുള്ള മാർക്സിസ്റ്റു് സാമ്പത്തികശാസ്ത്രവും അതുപോലെതന്നെയാണു്. അതിനാൽ മററുള്ളവരുടെ മാതൃകകളിൽനിന്നും പാഠമുരംക്കൊണ്ടു കൊണ്ടു്, പ്രധാനമായും നമ്മുടെ ചുററുപാടുകരംക്കു യോജിക്കുന്ന ഒരു പാതകണ്ടുപിടിക്കുവാൻ ശ്രമിച്ചുകൊണ്ടു്, നാം തന്നെ നമുക്കു വേണ്ടി ചിന്തിക്കേണ്ടതായിട്ടുണ്ടു്.

30. നമ്മുടെ പ്രശ്നങ്ങളുടെ സാമ്പത്തികവശങ്ങക്കുറിച്ചു പരിഗണിക്കുമ്പോരം സമാധാനപരമായ മാർഗ്ഗങ്ങളുടേതായ അടിസ്ഥാനപരമായ സമീപനത്തെ എപ്പോഴും ഓൎമ്മിക്കണം. ഒരു പക്ഷെ, ഇക്കാണുന്ന എല്ലാററിൻേറയും ആന്തരികാടിസ്ഥാനമായ ജീവച്ഛക്തിയെന്ന പഴയ വേദാന്തദൎശനവും നമ്മുടെ കാഴ്ചപ്പാടിൽ ഉണ്ടാകുന്നതു നന്നായിരിക്കും.

## ശ്രീ. നെഹറുവിൻെറ സമീപനം നമുക്കു സ്വീകാര്യമാണോ?

'അടിസ്ഥാനപരമായ സമീപനം' എന്നാണു്, ഇവിടെ പരാമർശിക്കപ്പെടുന്ന ലേഖനത്തിൻെറ തലക്കെട്ടു്. അതെഴുതിയതു പണ്ഡിററു് നെഹ്റുവാണു്; 1958 ആഗസ്റ്റു് 15-ാം നം-യിലെ "എ. ഐ. സി. സി. എക്കണോമിക്ക് റിവ്യൂ" അതു പ്രസിദ്ധീകരിച്ചു.

ഗണനീയനായ ഒരു ഇന്ത്യൻ രാഷ്ട്രതന്ത്രജ്ഞനും സമാധാന വക്താവുമെന്ന നിലയിൽ മാത്രമല്ല ശ്രീ. നെഹ്റുവിനെ നാം

അറിയുന്നതു്. നിരവധി സാഹിത്യകൃതികളുടെ കർത്താവുമാണദ്ദേഹം. അദ്ദേഹത്തിൻെറ "ആത്മകഥ"യും "ഇന്ത്യയെ കണ്ടെത്തലും" ലോകപ്രശസ്തങ്ങളാണു്. എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്കു് ശ്രീ. നെഹറുവിൻെറ പ്രസംഗങ്ങളിലും ലേഖനങ്ങളിലും അതിയായ താല്പയ്യമുണ്ടു്.

മാർക്സിസത്തിന്നെതിരായ വാദങ്ങളുന്നയിക്കുന്ന ശ്രീ. നെഹറുവിൻെറ ലേഖനത്തെ വിശകലനം ചെയ്യുന്നതിനു മുമ്പെ, ചില പ്രാഥമികകാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. തൻെറ രാജ്യത്തിൻെറ ഭാവിഭാഗധേയത്തെക്കുറിച്ചുള്ള അതിയായ ഉൽക്കണ്ഠ അദ്ദേഹത്തിൻെറ ആ ലേഖനത്തിൽ നിഴലിക്കുന്നു. കോടിക്കണക്കിനു് ജനങ്ങൾ പാക്കുന്ന ഇന്ത്യൻ രാഷ്ട്രത്തിൻെറ സാമ്പത്തികവും സാംസ്കാരികവുമായ അഭ്യുദയം സാധിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള ആഗ്രഹവും ആ ലേഖനത്തിൽ ശ്രീ. നെഹറു പ്രകടിപ്പിക്കുന്നു. ഇന്ത്യയെ മാത്രമല്ല മനുഷ്യരാശിയെ ആകെത്തന്നെ ബാധിക്കുന്ന, സമകാലീനചരിത്രത്തെ പൊതുവിൽ ബാധിക്കുന്ന, സാമ്പത്തികവും രാഷ്ട്രീയവും ധാമ്മികവും മററുമായ നിരവധിപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുവാനാണു് അദ്ദേഹം ശ്രമിക്കുന്നതു്.

രാഷ്ട്രീയത്തിലും സാഹിത്യത്തിലും അനുഭവസമ്പന്നനാണു് ശ്രീ. നെഹ്റു. ചില കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുനൊരുമ്പെടുമ്പോൾ വിമർശനങ്ങളും തക്കങ്ങളും ഉണ്ടാകുമെന്നു അദ്ദേഹത്തിന്നറിയാം. കമ്യൂണിസത്തെ ഒരു തത്വസംഹിതയെന്നനിലയിൽ ശ്രീ. നെഹ്റു വിമർശിക്കുന്നതു്, ഇതാദ്യമായല്ല. അദ്ദേഹത്തിൻെറ "ആത്മകഥയും", "ഇന്ത്യയെ കണ്ടെത്തലും" പരിശോധിച്ചാൽ ഇതു മനസ്സിലാക്കാൻ കഴിയും. കമ്യൂണിസ്റ്റു് തത്വശാസ്ത്രത്തിന്നെതിരായി അദ്ദേഹം ഉന്നയിക്കുന്ന എല്ലാ വാദങ്ങൾക്കും മാർക്സിസ്റ്റുകാർ മറുപടി പറഞ്ഞിട്ടില്ലെങ്കിൽ, അതിനുള്ള കാരണം തങ്ങളുടെ കാഴ്ചപ്പാടിനെ ന്യായീകരിക്കാനാവശ്യമായ കനത്ത ന്യായവാദങ്ങൾ അവക്കു് ഇല്ലെന്നതല്ല, തീർച്ച.

## ചില കാര്യങ്ങൾ

ഇത്തരം വ്യാമോഹങ്ങൾ വല്ലതുമുണ്ടെങ്കിൽ അതില്ലാതാക്കുവാൻവേണ്ടി, ശ്രീ. നെഹ്റുവിൻെറ 'അടിസ്ഥാനപരമായ സമീപനം' എന്ന ലേഖനത്തെക്കുറിച്ചു വിമർശനാത്മകമായ ചില കാര്യങ്ങൾ പറയേണ്ടതു എൻെറ കടമയാണെന്നു് ഞാൻ കരുതുന്നു. തന്നെ എതിർത്തേക്കാവുന്നവരെല്ലാം പിടിവാശിക്കാരും അസഹിഷ്ണുക്കളും അക്രമവാസനയുള്ളവരും മററുമാണെന്നു് അദ്ദേഹം മുൻവിധിയോടുകൂടിയ ഒരു മുന്നറിയിപ്പു് നൽകുന്നുണ്ടെന്നു് അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാനിതു ചെയ്യുന്നതു്. ശ്രീ. നെഹ്റു എഴുതുന്നു: "ഒരു തത്വത്തെ, അക്രമത്തിൻെറ ഭാഷയിലും, അംഗീകരിക്കാത്തവരെ അധിക്ഷേപിച്ചുകൊണ്ടും മാത്രമേ ഉറച്ചു ന്യായീകരിക്കാനാവൂ എന്നു കമ്യൂണിസ്റ്റുകാരും കമ്യൂണിസ്റ്റു് വിരോധികളും ഒരുപോലെ കരുതുന്നതായി തോന്നുന്നു. കറുപ്പും വെളുപ്പും മാത്രമേയുള്ളു; അതിന്നിടയിൽ ഇരുകൂട്ടരും, മറെറാന്നും കാണുന്നില്ല. ചില മതങ്ങളുടെ മുരടൻ സ്വഭാവമായ പഴഞ്ചൻ സമീപനമാണതു്. ഒരുപക്ഷെ മററുള്ളവരുടെ പക്കലും സത്യത്തിൻെറ ഒരംശമുണ്ടായിരിക്കാമെന്ന ധാരണയുടെ, സഹിഷ്ണുതയുടെ സമീപനമല്ല അതു്." കമ്യൂണിസ്റ്റുകാർക്കെതിരായുള്ള ഇത്തരം ആക്ഷേപങ്ങൾ പുതുതല്ല. അതുകൊണ്ടു് അതേപ്പററി പറയേണ്ടതുമില്ല. "മററുള്ളവരുടെപക്കലും സത്യത്തിൻെറ അംശ"മുണ്ടെന്നു് സമ്മതിക്കാൻ കമ്യൂണിസ്റ്റുകാർക്കു വയ്യെന്ന ആക്ഷേപത്തെ മാത്രമേ ഞാൻ സ്പർശിക്കുന്നുള്ളു.

മാർക്സിൻേറയും ലെനിൻേറയും ഗ്രന്ഥങ്ങൾ താൻ പഠിച്ചതായി ശ്രീ. നെഹ്റു 'ആത്മകഥയിലും' 'ഇന്ത്യയെ കണ്ടെത്തലി'ലും പറയുന്നു: "മാർക്സിനേയും ലെനിനേയും കുറിച്ചുള്ള പഠനം എൻെറ മനസ്സിൽ ശക്തിമത്തായ പ്രതികരണമുളവാക്കി. ചരിത്രത്തേയും സമകാലീന സംഭവങ്ങളെയും ഒരു പുതിയ വെളിച്ചത്തിൽ കാണാൻ അതെന്നെ സഹായിച്ചു." (ഇന്ത്യ

യെ കണ്ടെത്തൽ, 1946, പേജ് 13.) ശ്രീ. നെഹ്റു വീണ്ടും എഴുതി: "വരട്ടുതത്വവാദത്തിന്റെ അഭാവം, ഒരു പ്രത്യേക കാഴ്ചപ്പാടിലും സമീപനത്തിലുമുള്ള ഊന്നൽ, പ്രവർത്തനത്തോടുള്ള മനോഭാവം—ഇതിലാണ് മാർക്സിസത്തിന്റെ മുഴുവൻ വിലയും കിടക്കുന്നതെന്ന് എനിക്കു തോന്നുന്നു. ആ കാഴ്ചപ്പാട് സമകാലീനസാമൂഹ്യപ്രതിഭാസങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നു; പ്രവൃത്തിക്കും മോചനത്തിന്നുമുള്ള മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നു." (ആത്മകഥ, പേജ് 592.) അദ്ദേഹം തുടരുന്നു: "വ്യാപകവും സമഗ്രവുമായ ഈ കാഴ്ചപ്പാടുള്ളതിനാൽ, യഥാർത്ഥത്തിൽ വിവരമുള്ള ഒരു കമ്യൂണിസ്റ്റുകാരൻ, സാമൂഹ്യജീവിതത്തെ സംബന്ധിച്ച ഒരതിർത്തിവരെ കെട്ടുറപ്പുള്ള ബോധം വളർത്തുന്നു. അവനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം, അവസരവാദത്തിന്റേയോ, ഇരുട്ടിൽ തപ്പുന്നതിന്റേയോ മാത്രമായ ഒരു 'റിക്കാർഡ്'ല്ലാതായിത്തീരുന്നു. അയാൾ മുന്നിൽ കാണുന്ന ആദർശങ്ങളും ലക്ഷ്യങ്ങളും, സമരത്തിന്നും സ്വമനസ്സാലെ ചെയ്യുന്ന ത്യാഗങ്ങൾക്കും ഒരർത്ഥം കൊടുക്കുന്നു. മനുഷ്യന്റെ വിധിയും ഭാഗധേയവും സാക്ഷാൽക്കരിക്കുന്നതിന്നുവേണ്ടി മുന്നോട്ടുപോകുന്ന മഹത്തായ ഒരു സേനയുടെ ഭാഗമാണുതാനെന്ന ബോധം അയാളിലുദിക്കുന്നു; ചരിത്രത്തിന്റെ കൂടെ അടിതെറ്റാതെ നടക്കുന്നുവെന്ന ബോധമാണ് അയാളുടേതു്." (ആത്മകഥ, പേജ് 592)

ഈ പ്രസ്താവനകൾ വ്യക്തവും ന്യായയുക്തവുമാണ്. നെഹ്റുവിന്നു് മാർക്സിസം അപരിചിതമല്ല; തങ്ങളുടെ അഭിപ്രായങ്ങളെ ന്യായീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യേണ്ട ഘട്ടം വരുമ്പോൾ അതിന്നു വേണ്ടത്ര കഴിവുള്ളവരാണ് മാർക്സിസ്റ്റുകാർ എന്നും അദ്ദേഹത്തിന്നറിയാം—അതു തെളിയിക്കുവാൻ മാത്രമാണീ വരികൾ ഉദ്ധരിച്ചതു്. ശ്രീ. നെഹ്റു, മുമ്പ് ഇക്കാര്യത്തിന്നു കമ്യൂണിസ്റ്റുകാരെ സ്തുതിച്ചു. എന്നാൽ, അദ്ദേഹം ഇങ്ങിനെ അനുഭാവപൂർവ്വം എഴുതിയതിന്നുശേഷം കമ്യൂണിസം വളരുകയും ശക്തിപ്രാപിക്കുകയും ചെയ്തെങ്കിലും, കമ്യൂണി

സ്സ്കാരുടെ ഈ ഗുണങ്ങൾക്ക് മറെറാരു വ്യാഖ്യാനം നല്കാനാണ് അദ്ദേഹം ഇപ്പോൾ ശ്രമിക്കുന്നതു്. സമാധാനത്തിൻെറ കടമകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മഹത്തായ സേന—അതേപ്പററി ശ്രീ. നെഹ്റു അഗാധമായ വികാരത്തോടെയാണ് എഴുതിയതു്—ഇന്നു കൂടുതൽ ബൃഹത്തായ ശക്തിയായിട്ടുണ്ടു്.

*　　*　　*　　*　　*

# അമൂർത്തമായ സമീപനം

ശ്രീ. നെഹ്റു, തൻെറ കൃതികളിൽ മിക്കപ്പോഴും അമൂർത്തമായ ഭാവനകളെയാണ് കൂട്ടുപിടിക്കുന്നതു്. എന്നാൽ സാമൂഹ്യവികാസത്തോടുള്ള ചരിത്രപരമായ സമീപനം തനിക്കു അപരിചിതമല്ലെന്നും അദ്ദേഹം തെളിയിച്ചിട്ടുണ്ടു്. വിവിധ ചരിത്രഘട്ടങ്ങളെ വിലയിരുത്തുമ്പോൾ, ഗണിക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെടാവുന്നതുമായ ചരിത്രശക്തികളെ കണക്കിലെടുക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞിട്ടുണ്ടു്. പക്ഷെ, ഇപ്പോൾ അദ്ദേഹം ഈ നല്ല തത്വത്തിൽ നിന്നു് ദൂരെപ്പോയിരിക്കുന്നു; സാമൂഹ്യപ്രതിഭാസങ്ങളേയും സമകാലീനസംഭവങ്ങളേയുംകുറിച്ചു അദ്ദേഹം അമൂർത്തമായ രീതിയിൽ ചർച്ചചെയ്യുന്നു. ഇതു അദ്ദേഹത്തെ സ്വാഭാവികമായും തെററായ നിഗമനങ്ങളിലും ആത്മനിഷ്ഠതയിലും കൊണ്ടെത്തിക്കുന്നു.

ലേഖനത്തിൽ ശ്രീ നെഹ്റു, നവീനശാസ്ത്രീയ-സാങ്കേതിക നേട്ടങ്ങളെ പുകഴ്ത്തിപ്പറയുന്നുണ്ടു്. എന്നാലിവിടേയും, അമൂർത്തമായ സമീപനത്തിൻെറ ഫലമായി, ഈ നേട്ടങ്ങളുടെ നിഷേധാത്മകമായ വശത്തെയാണ്, സർഗ്ഗാത്മകമായ വശത്തെയല്ല, അദ്ദേഹം കാണുന്നതു്. അദ്ദേഹം എഴുതുന്നു:

"ചുററുപാടുകൾ കീഴടക്കപ്പെട്ടിരിക്കുന്നു. അതേസമയം തന്നെ, പൊതുവിൽ മനുഷ്യൻെറ ധാർമ്മികക്കരുത്തും ആത്മനിയന്ത്രണവും നഷ്ടപ്പെട്ടിരിക്കുന്ന വിചിത്രമായ കാഴ്ചയാണ്

ഉള്ളതു്." സാമ്രാജ്യവാദികൾ, ഒന്നാമതായും അമേരിക്കൻ സാമ്രാജ്യവാദികൾ, ശാസ്ത്രീയനേട്ടങ്ങളെ മാരകാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനും മനുഷ്യരാശിയെ വിനാശത്തിന്റേതായ അണുയുദ്ധത്തിലാഴ്ത്താനും ശ്രമിക്കുന്നുണ്ടെന്നതിൽ സംശയമില്ല. അവരുടെ താഴ്ന്ന ധാർമ്മികനിലവാരത്തെ മാത്രമാണിതു് കാണിക്കുന്നതു്. പക്ഷെ, അതിന്റെ പേരിൽ എന്തിന്നു് മനുഷ്യരാശിയെ ആകെ പഴിപറയണം? പുരോഗമനേച്ഛുവായ മനുഷ്യനു് ഇതുമായി എന്തു ബന്ധമാണുള്ളതു്? അണുവായുധയുദ്ധം കുത്തിപ്പൊക്കാൻ ശ്രമിക്കുന്നവർക്കെതിരായി അവിരാമമായ സമരം നടത്തുന്നവനാണവൻ. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിനു് ജനങ്ങൾ അത്ഭുതപൂർവ്വമായ ധാർമ്മികക്കരുത്തു പ്രദർശിപ്പിക്കുന്നുവെന്നു നമുക്കു് പറയാൻ കഴിയും—സമാധാനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ശ്രേഷ്ഠമായ ലക്ഷ്യങ്ങൾ ഉയർത്തിപ്പിടിക്കുവാനുള്ള സംരംഭത്തിൽ അവർ സ്വയം ത്യാഗങ്ങളും വിഷമതകളുമനുഭവിക്കുന്നു; ചിലപ്പോൾ മരണത്തെപ്പോലും നേരിടുന്നു. അപ്പോൾ, എങ്ങിനെയാണു്, "പൊതുവിൽ മനുഷ്യനു് ധാർമ്മികക്കരുത്തും ആത്മനിയന്ത്രണവും" ഇല്ലെന്നു പറയാനാവുക?

അണുരഹസ്യങ്ങളെ ചൂഴ്ന്നെടുക്കുക, മനുഷ്യന്റെ നിയന്ത്രണത്തിന്നു വിധേയമായ വിധത്തിൽ അണുപ്രതികരണങ്ങൾ സൃഷ്ടിക്കുവാനുള്ള ആദ്യത്തെ ചുവടുവെയ്ക്കുക, മാനുഷികാവശ്യങ്ങൾക്കുവേണ്ടി അണുശക്തി ഉപയോഗിക്കുക—ഈ കാലഘട്ടത്തിലെ മഹത്തായ നേട്ടങ്ങളാണിവ. ശൂന്യാകാശത്തേക്കു് കടന്നുചെല്ലാനുള്ള അന്ധാളിപ്പിക്കുന്ന ശ്രമങ്ങൾ നടന്നുകഴിഞ്ഞിരിക്കുന്നു. സോവിയററു് യൂണിയൻ മൂന്നു സ്പുട്നിക്കുകൾ അയച്ചു. മററുരാജ്യങ്ങളിലും പ്രധാനപ്പെട്ട ശാസ്ത്രീയനേട്ടങ്ങളുണ്ടായിട്ടുണ്ടു്. ശാസ്ത്രീയനേട്ടങ്ങളുടേയും അവ ഉപയോഗപ്പെടുത്തുന്നതിന്റേയും ഡസൻകണക്കിനുള്ള ഉദാഹരണങ്ങൾ നമ്മുടെ മമ്പിലുണ്ടു്. ഇവയെല്ലാം മനുഷ്യനെ ആത്മീയമാ

യി ഉയർത്തുന്നു; പുതിയ തലമുറയെ പോയതലമുറയുടെ മുകളിൽ നിർത്തുന്നു. ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ, ശോഭനമായ ഭാവിയെക്കുറിച്ചുള്ള ആശ മനുഷ്യനിൽ ഉദ്ദീപിപ്പിച്ചിരിക്കുന്നു. ഈ ആശകൾ ന്യായയുക്തവും യഥാർത്ഥവുമാണ്. ശാസ്ത്രത്തിൽ നിന്നു നേടാവുന്ന ഗുണഗണങ്ങളെക്കുറിച്ചുള്ള വിശ്വാസം ശാസ്ത്രീയകണ്ടുപിടുത്തങ്ങളെ കരാളമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്നു സ്വപ്നം കാണുന്നവർക്കെതിരായി അണിനിരക്കാൻ ദശലക്ഷക്കണക്കിനു ജനങ്ങൾക്കു പ്രചോദനം നൽകുന്നു.

## എന്താണു യഥാർത്ഥ കാരണം?

എന്നാൽ പൊതുവായ ശാസ്ത്രീയ വികസനത്തെക്കുറിച്ചുള്ള അമൂർത്തമായ ചിന്തയിൽ, 'അടിസ്ഥാനപരമായ സമീപന'ത്തിൻെറ കർത്താവു മുഴുകിപ്പോയിരിക്കയാണു്. അതിൻെറ ഫലമായി, അവസാനമദ്ദേഹം, നവീനശാസ്ത്രത്തെക്കുറിച്ച് നൈരാശ്യം നിറഞ്ഞ നിഗമനങ്ങളിൽ ചെന്നെത്തുന്നു. അദ്ദേഹം എഴുതുന്നു: "മനുഷ്യരാശിയുടെ വലിയൊരു ഭാഗത്തിനു പിടികിട്ടാത്ത ദൂരത്തിൽ ശാസ്ത്രം മുന്നേറിക്കൊണ്ടിരിക്കുന്നു. പരിഹരിക്കുന്ന കാര്യം പോകട്ടെ, നമ്മിൽ മിക്കവർക്കും മനസ്സിലാക്കാൻ പോലും കഴിയാത്ത പ്രശ്നങ്ങളാണു് അതു സൃഷ്ടിച്ചിട്ടുള്ളതു്. ഈ കാലഘട്ടത്തിലെ ആന്തരികമായ സംഘട്ടനത്തിൻെറയും പ്രക്ഷുബ്ധതയുടേയും കാരണമിതാണു്. ഒരു ഭാഗത്തു, ഈ മഹത്തും ശക്തിമത്തുമായ ശാസ്ത്രീയ–സാങ്കേതിക പുരോഗതിയും അതിൻെറ ഫലങ്ങളും; മറുഭാഗത്തു സംസ്കാരത്തിൻെറ തന്നെ ഒരുതരം മാനസികക്ഷീണം."

ഒരു ഭാഗത്തെ ശസ്ത്രീയ സാങ്കേതികപുരോഗതിയും, മറുഭാഗത്തെ "സംസ്കാരത്തിൻെറതന്നെ ഒരുതരം മാനസികക്ഷീണ"വും തമ്മിലുള്ള വൈരുദ്ധ്യമാണു നമ്മുടെ കാലഘട്ടത്തിലെ സംഘട്ടനത്തിൻെറ കാരണമെന്നു പറയുന്നതു ശരിയല്ല. ഈ സംഘ

ട്ടനത്തിൻെറ കാരണം അന്വേഷിക്കേണ്ടതു് മററൊരു സ്ഥലത്താണു്—ഭൗതികാവശ്യങ്ങൾക്കുവേണ്ടി ശാസ്ത്രത്തെ ഉപയോഗിക്കാൻ ശ്രമിക്കുന്ന മുതലാളിത്തത്തിൻെറ സ്വഭാവത്തിൽ "മനുഷ്യരാശിയുടെ വലിയൊരു വിഭാഗത്തിനു മനസ്സിലാകാത്തവിധം വളരെ ദൂരത്തിൽ ശാസ്ത്രം പുരോഗമിക്കുന്നുവെന്ന" സിദ്ധാന്തം ഭാഗികസത്യം മാത്രമാണു്: കൊളോണിയലിസത്തിൻെറ ഫലമായി മനുഷ്യരാശിയുടെ കൂടുതൽ വലിയൊരുഭാഗം ഇന്നും നിരക്ഷരരാണു്. ഇക്കാരണംകൊണ്ടു്, ഇന്നു മാത്രമല്ല, ഇന്നലെയും മിനിഞ്ഞാന്നും, ദശകങ്ങളായി, നൂററാണ്ടുകളായി, ശാസ്ത്രം താഴ്ന്ന നിലവാരത്തിലായിരുന്നപ്പോൾ, മനുഷ്യരാശിയുടെ വലിയൊരു വിഭാഗത്തിന്നു് അതു് മനസ്സിലാകാത്ത ഒന്നായിരുന്നു. അതുകൊണ്ടു്, ഈ വസ്തുതയെ, നമ്മുടെ കാലഘട്ടത്തിൻെറ ഒരു പ്രത്യേക സ്വഭാവമായി കണക്കാക്കിക്കൂടാ. കൊളോണിയൽ-മുതലാളിത്ത അടിമത്തത്തിൽനിന്നു് മനുഷ്യരാശിയെ, സാമ്പത്തികമായും ആത്മീയമായും, പരിപൂർണ്ണമായി മോചിപ്പിക്കുന്നതുകൊണ്ടു മാത്രമേ, ശാസ്ത്രത്തെ, മനുഷ്യരിൽ വമ്പിച്ചൊരു ഭൂരിപക്ഷത്തിൻെറ മണ്ഡലത്തിൽ എത്തിക്കാനാകൂ.

അമൂർത്തമായ ചിന്താസരണിയോടുള്ള പക്ഷപാതവും, തൻെറ നിഗമനങ്ങളെ ജീവിതയാഥാർത്ഥ്യങ്ങളുമായി തട്ടിച്ചുനോക്കുവാനുള്ള വൈമനസ്യവും (ഒരുപക്ഷേ, സമയക്കുറവുകൊണ്ടായിരിക്കാം അതു സംഭവിക്കുന്നതു്) അങ്ങേയററം പരസ്പരവിരുദ്ധങ്ങളും, ശാസ്ത്രീയമായി സൂക്ഷ്മതയില്ലാത്തതുമായ പ്രസ്താവനകളിലാണു് അദ്ദേഹത്തെ കൊണ്ടുചെന്നെത്തിക്കുന്നതു്. ചില സന്ദർഭങ്ങളിൽ, സ്വയം വ്യക്തമായ സത്യങ്ങളുടെ നിഷേധങ്ങളിൽപ്പോലും അദ്ദേഹം ചെന്നെത്തുന്നു. ഒരുകാലത്തു്, "ധാർമ്മികവും ആത്മീയവുമായ അച്ചടക്കത്തെ പ്രദാനം ചെയ്ത" മതത്തിലുള്ള വ്യാമോഹങ്ങൾ തീർന്നതിൻെറ ഫലമാണീ കമ്മ്യൂണിസ(സോഷ്യലിസ)മെന്ന അയുക്തികമായ നിഗമനത്തിലാണു്, അദ്ദേഹത്തിൻെറ വാദങ്ങൾ കുലങ്കഷമായി പരിശോധിക്കുന്ന

ഒരാരം ചെന്നെത്തുന്നതു്. ഒരു ശൂന്യത പ്രത്യക്ഷപ്പെട്ടു. അപ്പോരം, "ഈ നിരാശയുടെ പിറകിലൂടെ കമ്മ്യൂണിസം വരുന്നു; അതു് ഒരുതരം വിശ്വാസം—അച്ചടക്കം— പ്രദാനം ചെയ്യുന്നു. ഒരതിർത്തിവരെ, അതു് ശൂന്യതയെ ഇല്ലാതാക്കുന്നു. മനുഷ്യൻെറ ജീവിതത്തിന്നു് ഒരു തരത്തിലുള്ള ഉള്ളടക്കം നല്കിക്കൊണ്ടു് അതു്, ഒരതിർത്തിവരെ, വിജയിക്കുന്നു." ഇവിടെ ചരിത്രത്തിൻെറ തത്വശാസ്ത്രം എത്ര ലളിതമായി കാണപ്പെടുന്നു! എന്നാൽ ഇവിടെ നിഷേധിക്കാനാവാത്ത ഒരു സത്യമുണ്ടു്. ശാസ്ത്രീയസിദ്ധാന്തത്തിൽമാത്രം അധിഷ്ഠിതമല്ല അതു്. 100 കോടി ജനങ്ങരം താമസിക്കുന്ന രാജ്യങ്ങളുടെ അനുഭവം കൊണ്ടുകൂടി സ്ഥിരീകരിക്കപ്പെട്ട ഒന്നാണതു്: മുതലാളിത്തത്തെ തുടച്ചുമാററിയിട്ടു്, കമ്മ്യൂണിസം സ്ഥാപിതമാവുക എന്നതു ചരിത്രപരമായ ഒരനിവാര്യതയാണു്. തങ്ങളുടെ മോചനത്തിന്നുവേണ്ടി അദ്ധ്വാനിക്കുന്ന ജനത നടത്തുന്ന, നീണ്ടതും ക്ലേശകരവുമായ സമരത്തിൻെറ ഫലമായാണു് അതു് സംഭവിക്കുന്നതു്.

## അക്രമത്തിൻെറ കാര്യം

ശ്രീ. നെഹ്റുവിൻെറ തത്വശാസ്ത്രപരവും ചരിത്രപരവുമായ ആശയങ്ങരം വെറും അമൂർത്തസ്വഭാവം മാത്രമുള്ളവയായിരുന്നെങ്കിൽ കുഴപ്പം ഉണ്ടാകുമായിരുന്നില്ല. പക്ഷെ "അടിസ്ഥാനപരമായ സമീപന"ത്തിൽ അദ്ദേഹം കുറെക്കൂടി മുന്നോട്ടുപോകുന്നു. അദ്ദേഹം തൻെറ വ്യാഖ്യാനത്തിൽ വസ്തുതകളെ സ്വന്തം ഭാവനക്കൊത്തു തിരുകിക്കയററുന്നു. അങ്ങിനെ കമ്മ്യൂണിസത്തെക്കുറിച്ചു് വിധിപറഞ്ഞുകൊണ്ടു് അദ്ദേഹം എഴുതുന്നു: "പുറമെക്കു് വിജയിക്കുന്നുവെങ്കിൽക്കൂടി, അതു് പരാജയപ്പെടുന്നു—ഭാഗികമായി അതിൻെറ വിട്ടുവീഴ്ചയില്ലായ്മ (rigidity) കൊണ്ടും അതിലുമുപരിയായി, മനുഷ്യസ്വഭാവത്തിൻെറ ഒഴിച്ചുകൂടാൻ വയ്യാത്ത ചില ആവശ്യങ്ങളെ വിഗണിക്കുന്നതുകൊണ്ടും. കമ്മ്യൂണിസത്തിൽ മുതലാളിത്തസമുദായത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചു് വളരെയധികം പറയുന്നുണ്ടു്. ആ വിശകലനത്തിൽ

സത്യവുമുണ്ട്. എന്നാൽ കമ്മ്യൂണിസത്തിന്റെ കക്ശമായ ചട്ടക്കൂട്ടിന്നകത്തുതന്നെ, വൈരുദ്ധ്യങ്ങൾ വളരുന്നതു് നാം കാണുന്നു. അതിന്റെ കീഴിലുള്ള വ്യക്തിസ്വാതന്ത്ര്യമർദ്ദനം ശക്തിമത്തായ പ്രതികരണങ്ങൾ ഉളവാക്കുന്നു. ജീവിതത്തിന്റെ ധാർമ്മികവും ആത്മീയവുമായ ഭാഗമെന്നു് നാം എന്തിനെ വിളിക്കുന്നുവോ അതിനോടുള്ള പുച്ഛം, മനുഷ്യനിൽ അടിസ്ഥാനപരമായുള്ളതിനെ വിഗണിക്കുന്നു എന്നു മാത്രമല്ല, മാനുഷികസ്വഭാവത്തിന്നു മൂല്യവും നിലവാരവും ഇല്ലാതാക്കുകയും ചെയ്യുന്നു. അക്രമവുമായുള്ള അതിന്റെ നിർഭാഗ്യകരമായ കൂട്ടുചേരൽ, മനുഷ്യരിൽ ഒരുതരം ചീത്ത പ്രവണത വളർത്തുന്നു." അദ്ദേഹം തുടരുന്നു: "നിർഭാഗ്യവശാൽ, അക്രമത്തിന്റെ ആവശ്യകതയുമായി കമ്മ്യൂണിസം വളരെ ഒട്ടിച്ചേർന്നുപോയി. അങ്ങിനെ അതു് ലോകത്തിന്റെ മുമ്പിൽ വെച്ച ആശയം കരിപിടിച്ചതായിരിക്കുന്നു. മാർഗ്ഗങ്ങൾ ലക്ഷ്യങ്ങളെ വളച്ചൊടിച്ചു. തെററായ മാർഗ്ഗങ്ങളുടേയും ശീലുകളുടേയും ശക്തിമത്തായ സ്വാധീനം നാം ദർശിക്കുന്നു.

സോഷ്യലിസത്തെക്കുറിച്ചുള്ള പാശ്ചാത്യപ്രചരണങ്ങളുടെ ആവർത്തനമാണീ പ്രസ്താവനകൾ. "ഇന്ത്യയെ കണ്ടെത്തലിലു"ള്ള സമീപനത്തിനു വിപരീതമായി, ഈ പ്രാവശ്യം, സോഷ്യലിസ്റ്റുരാജ്യങ്ങളിലേയും, മുതലാളിത്തരാജ്യങ്ങളിലേയും, കഴിഞ്ഞ കാൽനൂററാണ്ടുകാലത്തെ പുരോഗതിയെ സമൂർത്തമായി വിശകലനം ചെയ്യുന്നതിൽ ലേഖകൻ പരാജയപ്പെട്ടിരിക്കുന്നു.

"മനുഷ്യസ്വഭാവത്തെ നിലവാരശൂന്യമാക്കുന്നതിനെക്കുറിച്ചും, 'അക്രമം', 'വ്യക്തിസ്വാതന്ത്ര്യം', 'ജീവിതത്തിന്റെ ആത്മീയവും ധാർമ്മികവുമായ വശം' മുതലായവയെക്കുറിച്ചുമുള്ള ഊഹങ്ങൾക്കു് ശ്രീ നെഹ്റു കരുതുംപോലെ ആത്മജ്ഞാനപരമായ ഉള്ളടക്കമല്ല ഉള്ളതു്. അവയ്ക്കു് പരിപൂർണ്ണമായും സമൂർത്തമായൊരു ഉള്ളടക്കമുണ്ടു്.

## ഇന്ത്യയിൽ പ്രായോഗികമാണോ?

ശ്രീ. നെഹ്റു ഇന്ത്യയിലെ ഭരിക്കുന്ന കക്ഷിയുടെ നേതാവാണ്. നാട്ടിൽ സവ്വാധികാരങ്ങളും പ്രയോഗിക്കുന്ന ഒരു ഗവമ്മെണ്ടിന്റെ പ്രധാനമന്ത്രിയാണ് അദ്ദേഹം. ഇന്ത്യയെപ്പോലെ വലുതായൊരു രാജ്യത്തെ ഭരിക്കുന്ന കക്ഷിയുടെ നേതാവെന്ന നിലയിൽ, സ്റ്റേററ് പ്രധാനമായും ഒരു മർദ്ദനോപകരണമാണെന്ന വസ്തുത അദ്ദേഹത്തിന്നു് അറിയാവുന്നതാണ്. മറിച്ചായിരുന്നുവെങ്കിൽ, ഒരു പ്രത്യേകവിഭാഗം ജനങ്ങളുടെമേൽ നിർബ്ബന്ധം ചെലുത്തുന്ന പോലീസോ, കോടതികളോ, ജയിലുകളോ, പട്ടാളമോ മററു സ്ഥാപനങ്ങളോ ആവശ്യമില്ലല്ലോ. അതുകൊണ്ടാണീലോകത്തിലെ ഏററവും വലിയ രാജ്യങ്ങളിലൊന്നിന്റെ തലപ്പത്തിരിക്കുന്ന ഒരാറം, താൻ അക്രമത്തെ അംഗീകരിക്കുന്നില്ലെന്നും, അതുമായി ബന്ധപ്പെടുന്നില്ലെന്നുമുള്ള നിലപാടു എടുക്കുമ്പോറം, അതു വിചിത്രമായിതോന്നുന്നതു്. അദ്ദേഹത്തിന്റെ ഗവമ്മെണ്ടു്, രഹസ്യപ്പോലീസിനേയും സാധാരണ പോലീസ്സേനയേയും, പട്ടാളത്തേയും നിലനിറുത്തുന്നതു എന്തുകൊണ്ടാണ് എന്നു ഒരാറം ചോദിച്ചേക്കാം. മററു രാജ്യങ്ങളുമായി, ഇന്ത്യയിലെ കോടതികളുടേയും ജയിലുകളുടേയും എണ്ണവും, പോലീസ്സേനയുടെ വലുപ്പവും താരതമ്യപ്പെടുത്തിയാൽ, ഇന്ത്യ ഒരു അപവാദമാകുമോ?

അക്രമത്തിന്റെ പ്രശ്നം നാം ഗൗരവമായി എടുക്കുകയാണെങ്കിൽ, ഏതെങ്കിലും സ്റ്റേററ് അക്രമം പ്രയോഗിക്കുന്നുണ്ടോ എന്നതല്ല പ്രശ്നമെന്നു കാണാൻ കഴിയും. എന്തെന്നാൽ, എല്ലാ സ്റ്റേററുകളിലും അക്രമം പ്രകടമാകുന്നു. ആക്കെതിരെയാണ് അതു തിരിച്ചുവിടപ്പെടുന്നതെന്നതാണു കാര്യം. സാമ്രാജ്യവാദികറം കമ്മ്യൂണിസത്തിന്നെതിരായി ഭീകരവും കരാളവുമായ രീതിയിൽ അക്രമമുപയോഗിക്കുന്നു. കമ്മ്യൂണിസത്തിന്റെ കൊത്തളമായ സോവിയററ് യൂണിയനെ യുദ്ധംകൊണ്ടു് നശിപ്പിക്കുവാനുള്ള ഹിററ്ലറുടെ സംരംഭമെടുക്കുള്ള. ഇതിന്നെതിരായ

അക്രമത്തെ ശ്രീ. നെഹ്റു അധിക്ഷേപിക്കുമോ? മനുഷ്യരാശിയെ ഫാസിസ്റ്റ് അടിമത്തത്തിൽനിന്നും രക്ഷിച്ച അക്രമത്തെ?

## ആരാണ് അക്രമികൾ?

ചൈനയിലെ ജനത കയ്യിൽ ആയുധവുമായി വിപ്ലവം നടത്തി. അവർ നാട്ടുവാഴിപ്രഭുക്കളുടേയും വ്യാപാര (കോംബ്രഡോർ ബൂർഷ്വാസിയുടേയും നുകം വലിച്ചെറിഞ്ഞു; അമേരിക്കൻ സാമ്രാജ്യവാദികളേയും മററു സാമ്രാജ്യവാദികളെയും തള്ളിയോടിച്ചു. രാജ്യത്തിന്റെ മുഴുവൻ സമ്പത്തും ഇന്നു് പൊതുസ്വത്താണു്. കമ്മ്യൂണിസ്റ്റാണെങ്കിലും അല്ലെങ്കിലും ശരി, ആത്മാർത്ഥതയുള്ള എല്ലാവരും ഇതിൽ സന്തോഷിക്കുന്നു. എന്തുകൊണ്ടു് ചൈനയിലെ കമ്മ്യൂണിസ്റ്റുകാരുടെമേൽ അക്രമക്കുററം ചുമത്തുന്നു? അമേരിക്കൻ സാമ്രാജ്യത്തവാദികളോടു് ചേൻ ചൈനീസ് ജനതയെ ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്ത വ്യാപാരി ബൂർഷ്വാസിയേയും നാട്ടുവാഴി പ്രഭുക്കളേയും കുററപ്പെടുത്താൻ പാടില്ലേ?

മനുഷ്യരാശി ഒരു അണുവായുധയുദ്ധത്തിന്റെ ഭീഷണിയെ അഭിമുഖീകരിക്കുന്നുവെന്നു ശ്രീ. നെഹ്റു പറയുന്നു. പക്ഷെ, പാശ്ചാത്യ ശക്തികളിൽ നിന്നാണു്, ഒന്നാമതായും അമേരിക്കയിൽ നിന്നാണു്, ഈ ഭീഷണി ഉയരുന്നതെന്നു (ശ്രീ. നെഹ്റുവും ഇതു പലതവണ പറഞ്ഞിട്ടുണ്ടു്.) നമുക്കറിയാം. ലോകാധിപത്യംനേടുവാൻ വേണ്ടി മനുഷ്യരാശിയുടെമേൽ അക്രമം പ്രവർത്തിക്കുവാനുള്ള സംരംഭമാണിതെന്നതു തീർച്ചയാണു്. അമേരിക്കൻ-ബ്രിട്ടീഷ്-ഫ്രഞ്ചു് സാമ്രാജ്യവാദികൾ ഈജിപ്തിലും സിറിയയിലും തങ്ങളുടെ ആധിപത്യം പുനഃസ്ഥാപിക്കുവാൻവേണ്ടി ഇതിനിടെ പരിശ്രമിക്കയുണ്ടായി. അമേരിക്കൻ-ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ലെബനോണിലും, ജോർഡാനിലും പട്ടാളങ്ങളെ ഇറക്കി. ഫ്രഞ്ച് സാമ്രാജ്യവാദികൾ അൽജീരിയയിൽ ഭീകരയുദ്ധം നടത്തിക്കൊണ്ടിരിക്കുകയാണു്. മററു രാഷ്ട്രങ്ങൾക്കെതിരായ കടി

ഞ്ഞാണില്ലാത്ത സാമ്രാജ്യത്വ അക്രമങ്ങളാണിവ. സ്വാതന്ത്ര്യം, ധാർമ്മികമൂല്യങ്ങൾ തുടങ്ങിയവയുടെ ആത്മജ്ഞാനപരമായ ഭാവനകളല്ലിവ. ആയിരക്കണക്കിനു് ജനങ്ങൾ നശിപ്പിക്കപ്പെടുന്നതും രാജ്യങ്ങളും വൻകരകളും കൊളോണിയൽ അടിമത്തത്തിലാഴ്ത്തപ്പെടുന്നതുമായ ഒരു സംഭവമാണിതു്.

കമ്യൂണിസ്റ്റുകാരെപ്പററി പറഞ്ഞാൽ, സാമ്രാജ്യത്താക്രമത്തിന്നും കൊളോണിയൽ അടിമത്തത്തിനുമെതിരായി അവർ മുന്നണിയിൽ നില്ക്കുന്നു. അപ്പോഴെന്തിനാണ് കമ്മ്യൂണിസ്റ്റുകാരുടെ മേൽ അക്രമത്തിൻെറ കുററം ചുമത്തുന്നതു്? അതു തന്നേയും, സാമ്രാജ്യവാദികൾ, പാശ്ചാത്യസംസ്കാരത്തിൻെറ പ്രതിനിധികളെന്നു് പറയപ്പെടുന്നവർ, അതു് നടത്തുമ്പോൾ? ചൂഷണത്തിലും കൂലിയടിമത്തത്തിലും അക്രമത്തിലും അധിഷ്ഠിതമായ, ഭൂമിയെ മനുഷ്യച്ചോരയിൽ കുതിർത്ത, കൊല്ലപ്പെട്ടവരുടെ മാമലകൾകൊണ്ടു് പിറച്ച, ഒരു സാമൂഹ്യവ്യവസ്ഥിതിയായ മുതലാളിത്തത്തെ കമ്യൂണിസം മാററി മറിക്കുമെന്നതു് തീർച്ചയാണു്. സാമ്രാജ്യവാദികളുടെ 'സംസ്കാരദൌത്യ'ത്തെപ്പററി ഇന്ത്യൻ ജനതക്കു് നന്നായി അറിയാം. ശ്രീ. നെഹ്റുവും അതു് മറന്നിട്ടില്ല.

മാർക്സിസ്റ്റുകളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം, ജനാധിപത്യം എന്നീ ആശയങ്ങൾക്കു് സമൂർത്തമായ ഉള്ളടക്കമുണ്ടു്—എല്ലാ അദ്ധ്വാനിക്കുന്ന ജനതകളുടേയും നിലപാടതാണു്. ഒരു രാജ്യത്തിലെ കൃഷിക്കാർ നാടുവാഴിത്താടിമത്തത്തിലാണെങ്കിൽ, അടിസ്ഥാനപരമായ ഉല്പാദനോപകരണങ്ങൾ—ഭൂമി—അവരുടെതല്ലെങ്കിൽ, സ്വാതന്ത്ര്യത്തെ വർണ്ണിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ എത്ര സുന്ദരമായാലും ശരി, അവക്കു് ഭൂമി കിട്ടുന്നതുവരെ, അഥവാ ഭൂപ്രഭുക്കളിൽനിന്നു് ഭൂമി പിടിച്ചെടുക്കുന്നതുവരെ സ്വാതന്ത്ര്യം അനുഭവപ്പെടുകയില്ല.

# സ്വാതന്ത്ര്യം ഒരു പ്രഹസനം

അടിസ്ഥാനപരമായ ഉല്പാദനോപകരണങ്ങളും സാംസ്കാരികനേട്ടങ്ങളും അധികാരവും മുതലാളിമാരുടെ കയ്യിൽ അമർന്നിരിക്കുമ്പോൾ, വ്യവസായശാലയുടെ ഉടമസ്ഥന് തൊഴിലാളിക്ക് ജോലി നിഷേധിക്കാനാവുമ്പോൾ, ജയിലുകളും കോൺസൻട്രേഷൻ ക്യാമ്പുകളും തൊഴിലാളികളെക്കൊണ്ട് നിറഞ്ഞിരിക്കുമ്പോൾ, മുതലാളിമാർക്ക് പോലീസിനേയും പട്ടാളത്തേയും തൊഴിലാളികൾക്കെതിരായി ഉപയോഗിക്കാൻ കഴിയുമ്പോൾ എന്തു സ്വാതന്ത്ര്യമാണുണ്ടാവുക?

മുതലാളിത്തരാജ്യങ്ങളിൽ യഥാർത്ഥ പ്രസംഗസ്വാതന്ത്ര്യമുണ്ടെന്ന് തെളിയിക്കുവാൻവേണ്ടി മുതലാളിത്തകുത്തകകൾ, കൂലിയെഴുത്തുകാരെ ഏർപ്പെടുത്താറുണ്ടെന്ന വസ്തുത തീർച്ചയായും നെഹറുവിന്നറിയാം. ചിയാങ്ങ്കൈഷേക്കിനേയും സിങ്ങ്മാൻറീയേയും ഫ്രങ്കോവിനേയും ഹുസ്സൈനിനേയും പോലുള്ള കൊലയാളികളുടെ പ്രണേതാക്കളും വക്താക്കളുമായ ഇക്കൂട്ടർ, ജനങ്ങളെ തെററിദ്ധരിപ്പിക്കാൻവേണ്ടി, മുതലാളിത്തലോകത്തെ 'സ്വതന്ത്രലോക'മെന്ന് വിളിക്കുന്നു. തങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യവും മററു സ്വാതന്ത്ര്യങ്ങളും, യഥാർത്ഥത്തിൽ, തൊഴിലാളികളുടേയും എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളുടേയും മേൽ ബൂഷ്വാസി നടത്തുന്ന മർദ്ദനത്തിന്നും അക്രമത്തിന്നുമുള്ള മറയാണെന്ന് പറയുവാൻ അവർ ആഗ്രഹിക്കുന്നില്ല.

സമൂഹത്തിൻെറ ഭൗതികസമ്പത്തിന്മേലുള്ള ഉടമാവകാശം പോലെ തന്നെ ഭരിക്കുന്ന വർഗ്ഗങ്ങൾ അനുഭവിക്കുന്ന മറെറാരു പ്രത്യേകാവകാശമാണ് അഭിപ്രായസ്വാതന്ത്ര്യം. എല്ലാ മുതലാളിത്ത രാജ്യങ്ങളിലും പത്രങ്ങളുടെ ഉടമകൾ മുതലാളികളാണ്. പത്രങ്ങളുടേയും കടലാസു ഫാക്ടറികളുടേയും പ്രസിദ്ധീകരണശാലകളുടേയും ഉടമകളാണ് പത്രസ്വാതന്ത്ര്യത്തെ കുറിച്ച് ഏററവുമധികം വിളിച്ചുകൂവുന്നത്. കുത്തകക്കാരുടെ താത്വിക

ഏജണ്ടന്മാർ, അഭിപ്രായസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലായ അവകാശങ്ങളുടെ പാവനതയെക്കുറിച്ച് ഭംഗിയിൽ, സുന്ദരമായ വാക്കുകളിൽ സംസാരിക്കുന്നു. എന്നാൽ, യഥാർത്ഥത്തിൽ, ഈ സ്വാതന്ത്ര്യം വെറും പ്രഹസനമാണ്. എല്ലാ മുതലാളിത്തരാജ്യങ്ങളിലും അഭിപ്രായസ്വാതന്ത്ര്യം, അധികാരത്തിലിരിക്കുന്നവരുടേയുംഅവരുടെ പാർട്ടികളുടേയും വർഗ്ഗാവകാശമാണ്. യോഗം ചേരുവാനും പ്രസംഗിക്കുവാനും അഭിപ്രായം പറയുവാനും മററുമുള്ള സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്നതിന്നുള്ള ഉപാധികളായ സമ്മേളനഹാളുകൾ, റേഡിയോ, ടെലിവിഷൻ, സിനിമാതിയേററുകൾ—ഇവയെല്ലാം മുതലാളിമാരുടെ സ്വകാര്യസ്വത്താണ്. സാധാരണക്കാർക്ക്—തൊഴിലാളികൾ, കൃഷിക്കാർ, ഓഫീസ് ഉദ്യോഗസ്ഥർ, ഇടത്തരക്കാർ എന്നീ വിഭാഗങ്ങൾക്ക്—ഈ സൌകര്യങ്ങൾ ഉപയോഗിക്കുന്നതിന്നുള്ള സാദ്ധ്യതകൾ വളരെ പരിമിതമാണ്. അതിന്നുമുപരിയായി പത്രസ്വാതന്ത്ര്യത്തേയും അഭിപ്രായസ്വാതന്ത്ര്യത്തേയും നിയന്ത്രിക്കുന്ന പോലീസും കോടതികളും നിയമയന്ത്രവും ഭരിക്കുന്ന വർഗ്ഗത്തിൻെറ കയ്യിലാണ്.

വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായ-പത്രസ്വാതന്ത്ര്യങ്ങൾ, ധാർമ്മികമൂല്യങ്ങൾ എന്നിവയെപ്പററി ചർച്ചചെയ്യുമ്പോൾ, ബൂർഷ്വാ സമുദായത്തിൽ ഈ സ്വാതന്ത്ര്യങ്ങളും മൂല്യങ്ങളുമെല്ലാം, പ്രത്യേകാവകാശങ്ങളുള്ള ഭരിക്കുന്ന വർഗ്ഗങ്ങളുടെ താല്പര്യത്തെയാണ് സേവിക്കുന്നതെന്ന വസ്തുത മറക്കരുത്. മുതലാളിത്തത്തിൻകീഴിൽ ഉല്പാദനോപകരണങ്ങളുടെ ഉടമകൾ—ഫാക്ടറി ഉടമസ്ഥർ, ബാങ്കർമാർ, ഹുണ്ടികക്കാർ, ഉയന്ന ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ, പൊതുധനം അപഹരിക്കുന്നവർ—മാത്രമാണ് സ്വാതന്ത്ര്യം അനുഭവിക്കുന്നതു്. തുറന്ന മനസ്സോടെ സംസാരിക്കുന്ന ചില സന്ദർഭങ്ങളിൽ ബൂർഷ്വാസിയും അതിൻെറ തുണക്കാരും, ബൂർഷ്വാ ജനാധിപത്യത്തിൻെറ വക്താക്കൾ, ഈ പ്രാഥമികസത്യങ്ങൾ തുറന്നു പ്രഖ്യാപിക്കാറുണ്ട്. ബൂർഷ്വാജനാധിപത്യ

രാഷ്ട്രങ്ങൾക്കിടയിൽ കുറെ പ്രായംചെന്ന ഒന്നാണ് ബ്രിട്ടൻ. പല പരീക്ഷണങ്ങളെയും അതിജീവിച്ച നിലനിന്നുവരുന്ന സ്വാതന്ത്ര്യങ്ങളുടെ ഒരു മാതൃകാാസ്റ്റേററാണതെന്നു പാശ്ചാത്യജനാധിപത്യങ്ങളുടെ അപ്പസ്തോലന്മാർ പറയുന്നു. എങ്കിലും ലേബർ പാർട്ടിയുടെ ചെയർമാനായ മി. ഡ്രീബർഗ്ഗ്‌തന്നെ, അടുത്തൊരു സമ്മേളനത്തിൽ പ്രഖ്യാപിച്ചു: "മിക്കവാറുമെല്ലാ സമ്പത്തും അധികാരവും സ്വകാര്യഹസ്തങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നിടത്തോളം കാലം ബ്രിട്ടനെ ഒരു ജനാധിപത്യമെന്ന്, ആ വാക്കിൻെറ ശരിയായ അത്ഥത്തിൽ, വിളിച്ചുകൂടാ." ശരിയാണിപ്പറഞ്ഞതു്! സമ്പത്തും അധികാരവും സ്വകാര്യഹസ്തങ്ങളിലാണ്; പൊതുഹസ്തങ്ങളിലല്ല. ഒരു ബൂർഷ്വാ ജനാധിപത്യമെന്ന നിലയിൽ ബ്രിട്ടൻ, അമേരിക്കയിൽനിന്നോ, ഫ്റാൻസിൽനിന്നോ വിഭിന്നമല്ല.

## മാന്യന്മാരുടെ വിനോദം

ലോകജനതയുടെ പകുതിയിലധികം ഏഷ്യയിലും ആഫ്റിക്കയിലും ജീവിക്കുന്നു. പക്ഷെ, ചീനാ ജനകീയറിപ്പബ്ളിക്കും സോഷ്യലിസത്തിൻെറ പാത സ്വീകരിച്ചിട്ടുള്ള ഏതാനും രാജ്യങ്ങളുമൊഴികെയുള്ള, ഈ വൻകരയിലെ മററു രാഷ്ട്രങ്ങൾക്കു വിദേശശക്തികളോടുള്ള സാമ്പത്തികാശ്രിതത്വത്തിൽനിന്നു മുക്തിനേടുവാൻ കഴിഞ്ഞിട്ടില്ല; നാടുവാഴിത്തം അവസാനിപ്പിക്കുവാനും സാധിച്ചിട്ടില്ല. ചില രാജ്യങ്ങൾ ഇനിയും രാഷ്ട്രീയസ്വാതന്ത്ര്യം നേടേണ്ടതായിട്ടാണിരിക്കുന്നതു്. ജനതയുടെ വലിയൊരു വിഭാഗത്തിനു്—മുഖ്യമായും കൃഷിക്കാക്ക്—അടിസ്ഥാനോല്പാദനോപകരണമായ ഭൂമി നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഇതിൻെറ അത്ഥം. മോചനത്തിൻെറ ഈ മൗലികപ്രശ്നം പരിഹരിക്കുന്നതുവരെ വ്യക്തിസ്വാതന്ത്ര്യത്തെയും അന്തസ്സിനെയും പററിയുള്ള പ്രഭാഷണങ്ങളെല്ലാം "സ്വാതന്ത്ര്യ"ത്തെയും "സംസ്കാര"ത്തെയും "ധാമ്മികനിലവാര"ങ്ങളെയും കുറിച്ചു സംസാരിക്കുന്നതിൽ ആനന്ദിക്കുന്നവരെങ്കിലും ഈ ആശയങ്ങളുടെ സാ

ക്ഷാൽക്കാരത്തിന്നുവേണ്ടി പോരാടുന്നതിൽ ആനന്ദിക്കാത്ത, സുഖഭോഗങ്ങളോടെ ജീവിക്കാൻ കഴിവുള്ള മാന്യന്മാരുടെ രസത്തിന്നുവേണ്ടി മാത്രമുള്ളതാണെന്നു വ്യക്തമല്ലേ?

സോഷ്യലിസ്റ്റ് രാജ്യങ്ങൾ പത്രസ്വാതന്ത്ര്യത്തേയും അഭിപ്രായസ്വാതന്ത്ര്യത്തേയും മററും ആക്രമിക്കുന്നുവെന്നു ബൂർഷ്വാ പ്രചാരകർ ആക്ഷേപിക്കുന്നു. അവിടങ്ങളിൽ വമ്പിച്ച മാററങ്ങളുണ്ടായിട്ടുണ്ടെന്നതു ശരിയാണ്. ശാസ്ത്രം, പത്രം, റേഡിയോ, സംസ്കാരം തുടങ്ങിയ എല്ലാ ഭൗതികോപാധികളും മുതലാളികളുടെ കയ്യിൽനിന്നും പിടിച്ചെടുത്തു ജനങ്ങളുടേതാക്കിയിട്ടുണ്ട്. പുരുക്കം ചിലർ ചൂഷകരും അവരുടെ ഏജണ്ടമാരും—അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തിൻെറ ഊ ഭഞ്ജനം, ജനങ്ങളുടെ യഥാർത്ഥമായ അഭിപ്രായത്തെയും പത്രസ്വാതന്ത്ര്യത്തെയും ഭദ്രമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതു്.

കുട്ടികളുടെയും സാധാരണക്കാരൻെറയും ക്ഷേമത്തിൽ സോവിയററയൂണിയനുള്ള അതിശ്രദ്ധയെ ശ്രീ. നെഹറു പ്രശംസിക്കുന്നു. സോവിയററവിദ്യഭ്യാസസമ്പ്രദായത്തേയും പൊതുജനാരോഗ്യസമ്പ്രദായത്തേയും അദ്ദേഹം വാഴ്ത്തിപ്പറയുന്നു. എന്നാൽ, അതോടൊപ്പം അവിടെ അക്രമമുണ്ടെന്നും അദ്ദേഹം പറയുന്നു.

സോവിയററയൂണിയനിൽ അക്രമമുണ്ടെന്ന കാര്യത്തെ കമ്യൂണിസ്റ്റുകാർ ഒരിക്കലും നിഷേധിച്ചിട്ടില്ല. കാര്യമിതാണ്: ആർക്കെതിരായാണ് അതുപയോഗിക്കപ്പെടുന്നതു്? ഒരു സോഷ്യലിസ്റ്റ് സ്റ്റേററിൽ സമുദായദ്രോഹികൾക്കെതിരായാണ്, ദുഷിച്ച ലക്ഷ്യത്തോടെ നിയമങ്ങളെയും ധാർമ്മികനിലവാരങ്ങളേയും തെററിക്കുന്നവർക്കെതിരായാണ്, അതിൻെറ കുന്തമുന തിരിക്കുന്നതു്. ബൂർഷ്വാ രഹസ്യപ്പോലീസ്സ് വെളിയിൽനിന്നു് ഒളിച്ചു കടത്തുന്ന സാമ്രാജ്യത്തെ ഏജണ്ടമാർക്കെതിരായാണ് അതു് പ്രഥമമായും പ്രധാനമായും തിരിച്ചുവിടപ്പെടുന്നതു്.

## ചില വസ്തുതകൾ

സോവിയററു യൂണിയനിലേയും മററു സോഷ്യലിസ്റ്റുരാജ്യങ്ങളിലേയും അക്രമങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ ശ്രീ. നെഹ്റു, ഇന്ത്യയിൽ അക്രമമെന്ന ഒന്നില്ലെന്ന ധാരണയാണു് പരത്തുന്നതു്. ഇന്ത്യയിലെ ഭരണഹസ്തങ്ങൾ—പോലീസു്, കോടതി, ജയിൽ, പട്ടാളം—ജനങ്ങളുടെ മേൽ അക്രമം നടത്തുന്നതുമായി ഒരുതരത്തിലും ബന്ധപ്പെട്ടിട്ടില്ലെന്നാണ് ഇതുകേട്ടാൽ തോന്നുക. യഥാർത്ഥത്തിൽ സ്ഥിതിയിതാണോ? നമുക്കു ചില വസ്തുതകൾ സ്മരിക്കാം: ഇക്കൊല്ലം (1958) മേയ് 19-ാം തിയ്യതി ജംഷഡ്പൂരിലെ തൊഴിലാളികൾക്കെതിരായി—ടാററാക്കമ്പനിയിലെ തൊഴിലാളികൾക്കെതിരായി—പോലീസ് ലാത്തിയും ടിയർഗ്യാസും ഉപയോഗിച്ചു. തൽഫലമായി ഒരാൾ കൊല്ലപ്പെട്ടു. നൂറിലധികം പേർക്കു പരിക്കേററു. ഇക്കൊല്ലം (1958) ആഗസ്റ്റ് 1-ാംനു-, പണിമുടക്കിയ ഡെൽഹി മുനിസിപ്പൽ തൊഴിലാളികളുടെ സമാധാനപരമായ യോഗത്തിൽ, മുന്നറിയിപ്പുകൂടാതെ, പോലീസ് വെടിവെച്ചു. ഒരാൾ മരിച്ചു; ഒരാൾക്കു മാരകമായ മുറിവേററു; പന്ത്രണ്ടുപേർക്കു ചില്ലറ പരിക്കുപററി. ഭീകരമായ ഈ വെടിവെപ്പിനു ഒരു സവിശേഷതയുണ്ടായിരുന്നു; വെടിവെപ്പിനു ഇരുപത്തിനാലു മണിക്കൂർമുമ്പ്, ഇന്ത്യൻ പാർലിമെൻറ്, പണിമുടക്കിയവരുടെ ആവശ്യങ്ങളെക്കുറിച്ച് പര്യാലോചിച്ചിരുന്നു.

പുരോഗമനസംഘടനയിൽ പ്രവർത്തിക്കുന്ന നിരവധി രാഷ്ട്രീയ വ്യക്തികളേയും സാധാരണപൗരന്മാരേയും—കമ്മ്യൂണിസ്റ്റുകാരേയും കമ്മ്യൂണിസ്റ്റിതരരേയും—അറസ്റ്റുചെയ്തിട്ടുണ്ടു്. ഇന്നും കരുതൽതടങ്ങൽ സംബന്ധിച്ച അറുപിന്തിരിപ്പനായ ഒരു നിയമം ഇന്ത്യയിൽ നിലവിലുണ്ടു്. പാർലിമെൻറിൽ ഉയർത്തപ്പെട്ട പ്രതിഷേധങ്ങളെയും പൊതുസംഘടനകളുടെ പ്രതിഷേധങ്ങളെയും വകവെക്കാതെ ഈ നിയമം 1960 വരേക്കും നീട്ടിയിരിക്കുകയാണു്.

ഡാർജിലിങ്ങിലേയും കോൺപൂരിലേയും അമൃതസരസ്സി ലേയും മററു വ്യവസായകേന്ദ്രങ്ങളിലേയും തൊഴിലാളികൾക്കെതിരായുള്ള മർദ്ദനമുറകൾ ഏറെക്കുറെ സുവിദിതങ്ങളാണ്. ഓരോ കൊല്ലവും ആയിരക്കണക്കിന് തൊഴിലാളികളുടേയും കർഷകരുടേയും മേൽ കുററം ചുമത്തപ്പെടുന്നു. രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നിരവധിപേർ അറസ്റ്റുചെയ്യപ്പെടുന്നു. ബോംബെയിലെയും അഹമ്മദബാദിലേയുംപോലുള്ള കൂട്ടക്കൊലകൾ പാററ്നയിലെ വിദ്യാർത്ഥികളുടെ നേരെയുള്ള വെടിവെപ്പ്, ഡാർജിലിങ്ങിലെ സ്വകാര്യഉടമയിൻകീഴിലുള്ള തൊഴിലാളികൾക്കെതിരായ വെടിവെപ്പ്—ഇന്ത്യയുടെ രാഷ്ട്രീയജീവിതത്തിൽ ഏറെക്കുറെ സുസ്ഥാപിതവും വിപുലവുമായ തോതിൽ അക്രമം ഉപയോഗിക്കുന്നുവെന്നതിൻെറ തെളിവുകളാണിവ.

അക്രമം ഒരു പ്രതിഭാസമാണ്. അതിനു രണ്ടു വശങ്ങളുണ്ട്; ആരതു് ഉപയോഗിക്കുന്നു; ആർക്കെതിരായാണ് അതു ഉപയോഗിക്കപ്പെടുന്നതു്? ഇന്ത്യയിൽ ബൂർഷ്വാസിയും ഭൂപ്രഭുക്കളും ഭരണയന്ത്രത്തെ ജനങ്ങൾക്കെതിരായുള്ള, ഒന്നാമതായും തൊഴിലാളി-കർഷക ജനവിഭാഗങ്ങൾക്കെതിരായുള്ള, ഒരു മർദ്ദനോപകരണമായി ഉപയോഗിക്കുന്നു. ചില സ്റ്റേററുകളിൽ "ജനാധിപത്യ"വും "സ്വാതന്ത്ര്യ"വും പ്രാവർത്തികമാക്കുന്ന രീതി അത്ഭുതജനകമാണ്. പ്രതിപക്ഷപാർട്ടികൾക്കും അനഭിലഷണീയരായ വ്യക്തികൾക്കും എതിരായി അക്രമമുപയോഗിക്കുന്നതിൽ ഗവമ്മെൻറ് അത്ഭുതാവഹമായ ചാതുര്യമാണ് പ്രദശിപ്പിക്കുന്നതു്. ഉദാഹരണത്തിനു്, ഒറീസ്സാ സ്റ്റേററിൽ നാഷണൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള ഗവമ്മെണ്ടു്, പ്രതിപക്ഷാംഗങ്ങളെ അറസ്ററുചെയ്തുകൊണ്ടു് നിയമസഭയിൽ "ജനാധിപത്യഭൂരിപക്ഷം" നിലനിർത്തി. തൊഴിലാളികളുടെ പ്രകടനങ്ങൾക്കും റാലികൾക്കും എതിരായി നിയമരഹിതമായ പോലീസ് വാഴ്ചയും മാരകായുധങ്ങളും ഉൾപ്പെടെ, ഇന്ത്യയിലെ ഗവമ്മെണ്ടു് യന്ത്രം, എല്ലാ രൂപത്തിലുമുള്ള അക്രമവും ഉപ

യോഗിക്കുന്നുണ്ടെന്നു് ഈ വസ്തുതകൾ തെളിയിക്കുന്നു. ജനങ്ങൾക്കെതിരായ അക്രമത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സ്റ്റേററ് യന്ത്രവും മററ ബൂർഷ്വാസ്റ്റേററുകളുടേതിൽനിന്നു് ഒരുവിധത്തിലും വ്യത്യസ്തമല്ല.

## അക്രമത്തിനുവേണ്ടി അക്രമം കമ്മ്യൂണിസ്റ്റുകാർക്കില്ല

സോഷ്യലിസ്റ്റ് സ്റ്റേററുകൾ പ്രയോഗിക്കാൻ നിർബ്ബന്ധിതമാകുന്ന അക്രമം ബൂർഷ്വാ സ്റ്റേററുകളുടേതിൽനിന്നു് വിഭിന്നമാണു്. സോഷ്യലിസ്റ്റു രാജ്യങ്ങളിൽ അക്രമം പ്രയോഗിക്കപ്പെടുന്നതു ജനശത്രുക്കൾക്കെതിരായാണു്. ഭാവിയിൽ, സാമൂഹ്യവ്യവസ്ഥ കമ്മ്യൂണിസ്റ്റ് ഘട്ടത്തിൽ എത്തുമ്പോൾ, സ്റ്റേററും അക്രമവും ക്രമത്തിൽ മറഞ്ഞുപോകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടമാകും. ജനങ്ങളുമായുള്ള തങ്ങളുടെ ബന്ധങ്ങളിൽ പ്രേരണയെ നിർണ്ണായകഘടകമായി കമ്മ്യൂണിസ്റ്റുകാർ കരുതുന്നു. കമ്മ്യൂണിസത്തിൻ കീഴിൽ, അക്രമത്തിന്റെയും ശസ്റ്ററിന്റെയും സ്ഥാനത്തു ഈ പ്രേരണ പ്രതിഷ്ഠിക്കപ്പെടും.

അക്രമത്തെക്കുറിച്ചു പറയുമ്പോൾ അതിന്റെ ചരിത്രപരമായ വശവും തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം നേടിയതിന്റെയും സോഷ്യലിസത്തിൽനിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടങ്ങളുടെയും രൂപവും ആയിരിക്കാം ശ്രീ. നെഹ്റുവിന്റെ മനസ്സിലുള്ളതു്. ചരിത്രത്തിൽ അക്രമത്തിനുള്ള പങ്കെന്ന പൊതുപ്രശ്നത്തെപോലെത്തന്നെ ഈ പ്രശ്നത്തേയും മാർക്സിസ്റ്റ് സിദ്ധാന്തം അത്യധികം വ്യക്തതയോടെ കൈകാര്യം ചെയ്യുന്നുണ്ടു്. അക്രമവും പട്ടാളത്തിന്റെ ഉപയോഗവും ഒഴിവാക്കുവാൻവേണ്ടി തൊഴിലാളിവർഗ്ഗം ആവുന്നതെല്ലാം ചെയ്യുമെന്നു് മാർക്സ് ഊന്നിയൂന്നിപ്പറഞ്ഞിട്ടുണ്ടു്. സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനം സമാധാനപരമാക്കുന്നതിന്നു വേണ്ടി മുതലാളിമാക്കു നഷ്ടപരിഹാരം നല്കുവാനാണു് താൻ ഇഷ്ടപ്പെടുകയെന്നും അദ്ദേഹം

പറഞ്ഞിട്ടുണ്ട്. എന്നാൽ തൊഴിലാളിവർഗ്ഗത്തിൻെറമേൽ യുദ്ധം കെട്ടി ഏല്പിക്കാനാണ് ബൂർഷ്വാസിയുടെ ഭാവമെങ്കിൽ കമ്യൂണിസ്റ്റുകാർ ആ വെല്ലുവിളി സ്വീകരിക്കും. അക്രമത്തെ അക്രമം കൊണ്ടു ചെറുക്കുവാൻ തൊഴിലാളികളെ പ്രകോപിക്കുന്നില്ലെങ്കിൽ, തൊഴിലാളിവർഗ്ഗത്തിൻെറ മേൽ ബൂർഷ്വാസി ആഭ്യന്തര യുദ്ധം കെട്ടി ഏല്പിക്കുന്നില്ലെങ്കിൽ, തൊഴിലാളിവർഗ്ഗം ഒരിക്കലും സമുദായത്തിൻെറ മേൽ ഒരാഭ്യന്തരയുദ്ധം അടിച്ചേല്പിക്കുന്നതല്ലെന്നു് മാർക്സിനെപ്പോലെ ലെനിനും വ്യക്തമാക്കിയിട്ടുണ്ട്. അഭ്യന്തരനയത്തിൻേറയോ വിദേശനയത്തിൻേറയൊ കാര്യത്തിൽ, അക്രമത്തിനു വേണ്ടി അക്രമം എന്ന വാദം; ബൂർഷ്വാസിയെപ്പോലെ കമ്യൂണിസ്റ്റുകാർ ഒരിക്കലും ഉന്നയിച്ചിട്ടില്ല. കയ്യൂക്കു നയവും, ലോകത്തെ യുദ്ധത്തിലേക്കു വലിച്ചിഴക്കുന്ന നയവും ആരാണു കൈക്കൊള്ളുന്നതെന്നു് ഏവക്കുമറിയാവുന്നതാണ്.

മുമ്പുണ്ടായ വിപ്ലവങ്ങളുമായി താരമ്യപ്പെടുത്തുമ്പോൾ ഒക്ടോബർ വിപ്ലവം ഏറക്കുറെ രക്തരഹിതമായിരുന്നുവെന്നതു് ശ്രദ്ധേയമാണ്. രക്തച്ചൊരിച്ചിലിലും അക്രമത്തിലും അഭ്യന്തയുദ്ധത്തിലും കൂടിയാണ്, പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിലെ വിപ്ലവങ്ങളിൽകൂടിയാണ് പശ്ചിമയൂറോപ്പിൽ ബൂർഷ്വാസി അധികാരത്തിൽ വന്നതു്. സോവിയററുകൾ അധികാരത്തിൽ വന്നതു പ്രധാനമായും സമാധാനപരമായാണ്; ബൂർഷ്വാസി നാടുവാഴി ഭൂപ്രഭുക്കളെ മാററിയ കാലത്തു അവർക്കു കഴിഞ്ഞതിനേക്കാൾ കൂടുതൽ സമാധാനപരമായാണ് തൊഴിലാളിവർഗ്ഗം അധികാരത്തിൽ വന്നതു്. വിദേശമുതലാളിത്തഗവർമ്മെണ്ടുകളും അഭ്യന്തര പ്രതിവിപ്ലവശക്തികളും, പുതുതായി പിറവിപൂണ്ട സോവിയററ് സ്റ്റേററിൻെറ തലയിൽ അഭ്യന്തരയുദ്ധം കെട്ടിവച്ചതുകൊണ്ടുമാത്രമാണ് ആ വെല്ലുവിളി സ്വീകരിക്കുവാൻ തൊഴിലാളിവർഗ്ഗം നിർബ്ബന്ധിതമായതു്.

## സമൂർത്തമായി ചിന്തിക്കുക

അധികാരം പിടിച്ചെടുക്കുമ്പോൾ തൊഴിലാളിവർഗ്ഗവും അതിൻെറ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളും അഭ്യന്തരയുദ്ധം ഒഴിവാക്കാൻ കഴിവതെല്ലാം ചെയ്യുന്നതാണെന്നു്, 1957 ൽ മോസ്ക്കോയിൽ കൂടിയ സോഷ്യലിസ്റ്റു രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ പ്രഖ്യാപനം ചൂണ്ടിക്കാണിക്കുന്നു. അഭ്യന്തരയുദ്ധം ഉണ്ടാകുമോ, ഉണ്ടാകാതിരിക്കുമോ എന്നതു് അതതു രാജ്യങ്ങളിലെ ചൂഷകവർഗ്ഗത്തിൻെറ നിലപാടിനെ ആശ്രയിച്ചിരിക്കും. അദ്ധ്വാനിക്കുന്ന ജനതക്കു് സമാധാനപരമായി അധികാരം നൽകുവാൻ വിസമ്മതിക്കുകയും എന്നിട്ടു് ആയുധം എടുക്കുകയുമാണെങ്കിൽ, സായുധസമരത്തിന്നു് നിർബന്ധിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗം ബൂർഷ്വാസിയുടെ മേൽ പരാജയമേല്പിക്കുകതന്നെ ചെയ്യും. നാഷനൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ ജനങ്ങൾ നടത്തിയ സുദീർഘമായ സമരത്തിൻെറ സായുധസമരമുൾപ്പെടെയുള്ള സമരത്തിൻെറ, ഫലമായിട്ടാണു് ബ്രിട്ടീഷ് ഭരണത്തിൽനിന്നു ഇന്ത്യ വിമോചനം നേടിയതെന്നു് ഇവിടെ അനുസ്മരിക്കുന്നതു് അസ്ഥാനത്താവില്ല. തങ്ങളുടെ മോചനത്തിന്നു വേണ്ടി ഇന്ത്യൻ ജനത നടത്തിയ, സായുധവും അതുകൊണ്ടു് അക്രമപരവുമായ, സമരത്തെ ഞങ്ങൾ അധിക്ഷേപിക്കുകയില്ല. ഇക്കാര്യത്തിലും അക്രമം പുരോഗമനാത്മകമായ ഒരു പങ്കു വഹിച്ചുവെന്ന വസ്തുത പറയുകമാത്രമാണു് ഞങ്ങൾ ചെയ്യുന്നതു്. അതുകൊണ്ടാണു്, ഒരു സാമൂഹ്യപ്രതിഭാസമെന്ന നിലയിൽ അക്രമത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ അതിനെ അമൂർത്തമായ രീതിയിൽ, അഥവാ തത്വജ്ഞാനപരമായി സമീപിക്കരുതെന്നു് പറയുന്നതു്: ചരിത്രപരമായ സന്ദർഭത്തെ കണക്കിലെടുത്തുകൊണ്ടു്, സമൂർത്തമായി അതിനെക്കുറിച്ചു് ചിന്തിക്കണം.

## നെഹ്റുവിൻെറ മൂന്നാം മാർഗ്ഗം

തത്വശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പ്രശ്നങ്ങൾക്കു പുറമെ തൻെറ നാടിൻെറ സാമ്പത്തികവികാസത്തെക്കു

റിച്ചും—ഇന്ത്യ അതിൻെറ പുരോഗതിക്കു കൈക്കൊള്ളേണ്ട മാർഗ്ഗത്തെക്കുറിച്ചും—പണ്ഡിററ് നെഹ്റു ചർച്ചചെയ്യുന്നുണ്ട്. അദ്ദേഹം തുറന്നു പ്രസ്താവിക്കുന്നു: "ഇന്ത്യയിൽ നമുക്ക് നാടിൻെറ പൊതുവായ ദാരിദ്ര്യത്തിൻെറയും ചില പ്രത്യക വൻപ്രദേശങ്ങളിലെ അതിഭയങ്കരമായ ദാരിദ്ര്യത്തിൻെറയും പ്രശ്നമുണ്ട്." അദ്ദേഹം ദാരിദ്ര്യത്തിന്നൊരു പോംവഴി ആരായുന്നു; തൻെറ ജനതയുടെ അതിരുകടന്ന സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കനിലയെ ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്നു. ഇന്നു മുതലാളിത്തമാർഗ്ഗവും കമ്യൂണിസ്റ്റുമാർഗ്ഗവും എന്നീ രണ്ടു മാർഗ്ഗങ്ങളുണ്ടെന്നു ശ്രീ. നെഹ്റു പറയുന്നതു തികച്ചും ശരിയാണ്. എന്നാൽ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഇന്ത്യക്കു ഇവരണ്ടും സ്വീകാര്യമല്ല. അതുകൊണ്ടദ്ദേഹം മൂന്നാമതൊരു മാർഗ്ഗം തേടുന്നു—തൻെറ രാജ്യത്തിൻെറ പ്രത്യേകപരിതഃസ്ഥിതികൾക്കു യോജിച്ച ഒരു മാർഗ്ഗം. ഒരു വിരോധാഭാസമായിട്ടാണു തോന്നുക, ശ്രീ. നെഹ്റു സോഷ്യലിസ്റ്റുമാർഗ്ഗത്തെയാണ് തെരഞ്ഞെടുക്കുന്നതു്.

ഇന്ത്യയ്ക്കുള്ള പ്രധാന മാർഗ്ഗം സോഷ്യലിസമാണെന്നും അതേസമയത്തു കമ്യൂണിസ്റ്റുമാർഗ്ഗത്തിൽ നിന്നു മൗലികമായിത്തന്നെ അതു വ്യത്യസ്തമാണെന്നും തെളിയിക്കാൻ വേണ്ടി അദ്ദേഹം ഒരാശയഗതിക്കുപകരം മറെറാരു ആശയഗതിയെ പ്രതിഷ്ഠിക്കുന്നു. കമ്യൂണിസത്തെ സോഷ്യലിസത്തിൽ നിന്നു വേർതിരിച്ചുകാണിക്കാനദ്ദേഹം നന്നേ ക്ലേശിക്കുന്നു. രണ്ടും തമ്മിൽ യാതൊരു സാമ്യവുമില്ലെന്നു കാണിക്കാനദ്ദേഹം പാടുപെടുന്നു. സോഷ്യലിസത്തെ നിർവ്വചിക്കുന്നതിനു മുമ്പ് മുതലാളിത്തത്തിൻെറ ഒരു സ്വഭാവചിത്രീകരണം അദ്ദേഹം നല്കുന്നുണ്ട്. എന്നാൽ ഇവിടെ വെച്ച് ശ്രീ. നെഹ്റുവിൻെറ സോഷ്യലിസത്തിന്ന് യഥാർത്ഥസോഷ്യലിസവുമായി സാദൃശ്യം നന്നേ കുറച്ചിയാണെന്നു വെളിപ്പെടുന്നു. അദ്ദേഹത്തെസ്സംബന്ധിച്ചേടത്തോളം മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യം

ലോലമായിക്കൊണ്ടുവരികയാണ്. മുതലാളിത്തം ക്രമേണ സോഷ്യലിസ്റ്റുസ്വഭാവം നേടിവരികയാണ്. 'അടിസ്ഥാനപരമായ സമീപനം' എന്ന ലേഖനത്തിലെ ഈ ഭാഗം അതു വ്യക്തമാക്കുന്നു: "മുതലാളിത്തത്തിന്റേതിൽനിന്നു മൗലികമായിത്തന്നെ വ്യത്യസ്തമായ ഒരു സമീപനമാണ് സോഷ്യലിസത്തിന്റേതു്. എങ്കിലും അവതമ്മിലുള്ള വിസ്താരമേറിയ വിടവ് കുറഞ്ഞു കുറഞ്ഞു വരികയാണെന്നതു് നേരാണെന്നു ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ മുതലാളിത്തഘടനയിൽപോലും സോഷ്യലിസത്തിന്റെ പലേ ആശയങ്ങളും ക്രമേണ കൂട്ടിച്ചേർക്കപ്പെട്ടു വരികയാണ്." നിർഭാഗ്യവശാൽ ശ്രീ. നെഹറു തെളിവൊന്നും തരാത്ത മറെറാരു സിദ്ധാന്തമാണിതു്. എന്നാൽ അദ്ദേഹത്തിന്റെ ആശയഗതി തികച്ചും സ്പഷ്ടമാണ്. സോഷ്യലിസം ക്രമേണ മുതലാത്തിത്തത്തെ തുളച്ചുകയറുകയും അതിനെ രൂപാന്തരപ്പെടുത്തുകയുമാണ്.

ഇന്ത്യ സോഷ്യലിസ്റ്റ് മാർഗ്ഗം അവലംബിക്കുമെന്ന് ശ്രീ. നെഹറു പറയുന്നതുകൊണ്ടു്, അദ്ദേഹം യൂറോപ്പിലേയും ഏഷ്യയിലേയും ഒട്ടുവളരെ രാജ്യങ്ങൾക്കു പ്രയോജനപ്പെട്ട, അതിന്റെ നേട്ടങ്ങളെ ഏറെറടുക്കാൻ ഉദ്ദേശിക്കുന്നുവെന്നു തോന്നാം. പക്ഷെ, സംഗതി അങ്ങനെയല്ല. അദ്ദേഹം വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥ പ്രസ്തുത നാടുകൾക്കു ഉജ്ജ്വലങ്ങളായ വിജയങ്ങൾ നേടിക്കൊടുത്ത സോഷ്യലിസത്തിൽ നിന്നു ഭിന്നമാണ്.

## ജീവിക്കുന്ന വ്യവസ്ഥിതി

സോഷീലിസത്തോടനുബന്ധിച്ച് ശ്രീ. നെഹറു മാനുഷികപ്രകൃതിയെക്കുറിച്ചും ചർച്ചചെയ്യുന്നുണ്ടു്. വ്യക്തി പരിത്യജിക്കപ്പെടരുതെന്നദ്ദേഹം പറയുന്നു. വ്യക്തിക്കു വളരാനുള്ള അവസരം നൽകുമ്പോഴേ യഥാർത്ഥ സാമൂഹ്യപുരോഗതി ഉണ്ടാകൂ എന്നും മററും അദ്ദേഹം പ്രസ്താവിക്കുന്നു. ഇതും സോഷ്യലിസത്തെ വിവരിക്കാൻ ലേഖകനുപയോഗിക്കുന്ന ഇതുപോലെ

ത്തെ മററ വിശേഷതകളും എത്രയോ അവ്യക്തങ്ങളാണു്. ഹെഗലിൻെറ ശൈലിയിൽ പറഞ്ഞാൽ വിവാദവിഷയത്തെക്കുറിച്ചു യാതൊരു വ്യക്തമായ ധാരണയും നല്ലാത്തവിധം അവ അത്രത്തോളം കഴമ്പില്ലാത്തതാണു്. ചുരുക്കത്തിൽ സോഷ്യലിസംകൊണ്ടു് ശ്രീ. നെഹറു യഥാൎത്ഥത്തിൽ എന്താണു് അൎത്ഥമാക്കുന്നതെന്നു് പറയുക വിഷമമാകുന്നു. സന്ദൎഭവശാൽ, അദ്ദേഹത്തിന്നും ഈ ബുദ്ധിമുട്ടു അറിയാം. അദ്ദേഹം എഴുതുന്നു: "പക്ഷെ എന്താണു് സോഷ്യലിസം? അറുത്തുമുറിച്ചൊരു ഉത്തരം പറയുക വിഷമമാണു്. അതിനെക്കുറിച്ചു അസംഖ്യം നിർവചനങ്ങളുണ്ടു്." സമീപഭാവിയുടേതാണെങ്കിലും, സോഷ്യലിസം അപ്പോഴും ഭാവിയുടെ ഒരു കാൎയ്യമായതുകൊണ്ടു്, നാല്പതു കൊല്ലം മുമ്പിതു പറയാമായിരുന്നു. എന്നാൽ അന്നും മാർക്സിസത്തിനു സോഷ്യലിസത്തെക്കുറിച്ചു അടിയുറപ്പുള്ള ഒരു ഒരു ശാസ്ത്രീയനിൎവ്വചനം ഉണ്ടായിരുന്നു. ഇന്നാകട്ടെ സോഷ്യലിസം ഒരു താത്വിക പ്രവചനമല്ല. പിന്നെയോ? ജീവനുള്ള ഒരു വ്യവസ്ഥിതിയാണു്. സുമാർ 100 കോടി ജനങ്ങൾ ഡോഷ്യലിസം പടുത്തുയൎത്തുകയാണു്. ചില രാജ്യങ്ങൾ കൂടുതൽ പുരോഗതി നേടിയിട്ടുണ്ടു്. ചിലതു കുറച്ചും. എങ്കിലും മൊത്തത്തിൽ മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള, ചരിത്രപരമായ വലിയ കാൽവെപ്പുവെച്ചു കഴിഞ്ഞു. സോഷ്യലിസം വിജയിച്ചു കഴിഞ്ഞ സോവിയററയൂണിയനിൽ ക്രമേണ കമ്യൂണിസം രൂപംകൊള്ളുകയാണു്.

## അവമതിക്കാനുള്ള ശ്രമം

സ്വന്തം അഭിപ്രായങ്ങൾ എന്തുതന്നെയായാലും, ഇന്നു സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന രാജ്യങ്ങളെപ്പററി എഴുതുന്ന ചരിത്രകാരനായാലും, രാജ്യതന്ത്രജ്ഞനായാലും, തത്വചിന്തകനായാലും, സാമ്പത്തിക ശാസ്ത്രജ്ഞനായാലും, ആരായാലും കൊള്ളാം—അയാൾ വെറും ആത്മനിഷ്ഠനായ ആദൎശവാദിയല്ലെങ്കിൽ-കോടിക്കണക്കിനു ജനങ്ങൾ തങ്ങളുടെ അദ്ധ്വാനംകൊ

ണ്ടു് നിർമ്മിക്കുന്നതാണു് ആധുനിക സോഷ്യലിസം എന്നു പറയും. ശ്രീ. നെഹറുവിനു് ഇതു് പ്രത്യക്ഷത്തിൽ തന്നെ സമ്മതിക്കാൻ വയ്യായിരിക്കാം.

സോഷ്യലിസത്തെക്കുറിച്ചുള്ള തൻെറ 'പുതിയ അഭിപ്രായഗതി' അവതരിപ്പിക്കുന്നതോടൊപ്പം അദ്ദേഹം, വലുതും ചെറുതുമായ ഒട്ടുവളരെ യൂറോപ്യൻ—ഏഷ്യൻ രാജ്യങ്ങളിൽ ഇന്നു കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന, യഥാർത്ഥ, ജീവനുള്ള സോഷ്യലിസത്തെ, അവമതിക്കാൻ ശ്രമിക്കുന്നു. കാരണം, നെഹറുവിനെ സംബന്ധിച്ചേടത്തോളം മാർക്സിസ്റ്റും സോഷ്യലിസം കമ്യൂണിസമാണു്. അദ്ദേഹം അതിനു രണ്ടു സ്വഭാവവിശേഷങ്ങളും കെട്ടിവെയ്ക്കുന്നു. അക്രമവും വ്യക്തിസ്വാതന്ത്ര്യമില്ലായ്മയും. അങ്ങിനെ അദ്ദേഹം കമ്യൂണിസത്തിൽനിന്നു സോഷ്യലിസത്തെ വേർതിരിക്കുന്നു. എന്നിട്ടു് കമ്യൂണിസത്തെ ഫാസിസത്തോടു ഉപമിച്ചുകൊണ്ടു് ഫലത്തിൽ അതിനെ ദൂഷിക്കുന്നു. അദ്ദേഹം എഴുതുകയാണു്: "അതു് (കമ്യൂണിസം) സാധാരണയായി കായികമായ അക്രത്തിൽ ഏർപ്പെടുന്നില്ലെങ്കിൽപോലും അതിൻെറ ഭാഷ അക്രമത്തിൻേറതാണു്, അതിൻെറ ചിന്താഗതി അക്രമപരമാണു്. അതു് അനുനയവും സമാധാനപരമായ ജനാധിപത്യസമ്മർദ്ദങ്ങളും കൊണ്ടു് മാററം വരുത്താൻ നോക്കുന്നില്ല. നേരെ മറിച്ചു് ബലപ്രയോഗവും, യഥാർത്ഥത്തിൽ നശീകരണവും പിഴുതെറിയലും കൊണ്ടു് മാററം വരുത്താനാണു് നോക്കുന്നതു്. ഫാസിസത്തിനു് ഈ അക്രമത്തിൻേറയും പിഴുതെറിയലിൻേറയും ഏററവും കടുത്ത രൂപങ്ങളിലുള്ള എല്ലാദോഷവശങ്ങളുമുണ്ടായിരുന്നു. അതേസമയം അതിനു് സ്വീകാര്യമായ യാതൊരാദർശവും ഉണ്ടായിരുന്നില്ല."

താൻ തന്നെ കമ്യൂണിസം അക്രമം ഉപയോഗിക്കുന്നില്ലെന്നു പറയുമ്പോഴം പോലും ശ്രീ. നെഹറു അതിൻെറ മീതെ അക്രമം കെട്ടിവെയ്ക്കുന്നതായി തോന്നുന്നു—അതായതു് ചിന്തയുടെ മണ്ഡലത്തിൽ. ഫാസിസത്തോടുള്ള ഉപമയെക്കുറിച്ചു

ഒന്നേ പറയാനുള്ളു. കമ്യൂണിസം ഫാസിസത്തെ തോല്പിച്ചി ല്ലായിരുന്നുവെങ്കിൽ ഇന്ത്യ ഇപ്പോഴും ദേശീയ സ്വാതന്ത്ര്യത്തിൽ നിന്നു് വളരെ അകലെ വർത്തിക്കുമായിരുന്നു.

## ശാസ്ത്രീയസോഷ്യലിസം

അദ്ദേഹം കമ്യൂണിസത്തിന്നെതിരെ സോഷ്യലിസത്തെ എടുത്തു വെയ്ക്കുന്നു. എങ്കിലും മാർക്സിസം-ലെനിനിസം അനുസരിച്ച് രണ്ടിനേയും തമ്മിൽ വേർതിരിക്കുന്ന കൃത്യമായ ഒരു വിഭജനരേഖയില്ല. കമ്യൂണിസത്തിന്നു വികാസത്തിൻെറ രണ്ടു ഘട്ടങ്ങളുണ്ടു്—താഴ്ന്നതും ഉയന്നതും, അഥവാ, ഒന്നാമത്തേതും രണ്ടാമത്തേതും. സോഷ്യലിസമാണു് കമ്യൂണിസത്തിൻെറ താഴ്ന്ന, അഥവാ ഒന്നാമത്തെ ഘട്ടം. മറിച്ച് പറയുന്നതു വസ്തുനിഷ്ഠങ്ങളായ പ്രക്രിയകളെ അവഗണിക്കലാണു്; ഈ പ്രശ്നത്തെ ശാസ്ത്രീയമായി സമീപിക്കാതിരിക്കലാണു്. ശ്രീ. നെഹറുവിൻെറയോ മററാരുടേയെങ്കിലുമോമീതെ മാർക്സിസ്റ്റ് ശാസ്ത്രീയ സോഷ്യലിസം കെട്ടിവെയ്ക്കുണമെന്നു ഞങ്ങറംക്കുദ്ദേശമില്ല. അങ്ങിനെയായിരുന്നെങ്കിൽ ചിന്താമണ്ഡലത്തിലെങ്കിലും നിർബ്ബന്ധം ചെലുത്തുന്നുവെന്നു് ഞങ്ങളെ കുററപ്പെടുത്താമായിരുന്നു, എന്നാൽ ഗൗരവമായ ഏതൊരു വാദപ്രതിവാദത്തിനും ഒരുമ്പെടുമ്പോറം, വിമശിക്കാൻ പുറപ്പെടുന്ന ശാസ്ത്രത്തിൻെറ നേരെ വസ്തുനിഷ്ഠമായ ഒരു സമീപനം ഉണ്ടാകേണ്ടതു് പ്രാഥമികമായ ഒരാവശ്യമാണെന്നു ഞങ്ങറംക്കു പറയാതിരിക്കാൻ നിർവ്വാഹമില്ല.

സോഷ്യലിസത്തെക്കുറിച്ചുള്ള ശ്രീ. നെഹറുവിൻെറ വ്യാഖ്യാനത്തിലേക്കു തിരിയുമ്പോറം അദ്ദേഹത്തിൻെറ പ്രധാന ഉദ്ദേശം ഏതാണ്ടൊരു ഗഹനമായ രീതിയിലാണു് പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളതെന്നു ഞങ്ങറം കാണുന്നു. ഇന്ത്യ സോഷ്യലിസ്റ്റു് മാർഗ്ഗം സ്വീകരിക്കണമെന്നു് അദ്ദേഹം പറയുന്നു. "സോഷ്യലിസ്റ്റു് മാതൃകയിലുള്ള ആസൂത്രിത സമീപനത്തിൽക്കൂടി മാത്രമേ—അതുപോലും സമയം എടുക്കുമെങ്കിലും—ക്രമപ്രവൃദ്ധമായ

പുരോഗതിനേടാനാവൂ. ഈ പ്രക്രിയ തുടരുന്നതോടെ നമ്മുടെ ജീവിതത്തിൻെറയും ചിന്തയുടേയും ഘടന മെല്ലേ മാറുന്നു.

ഇതിന്നു് ആസൂത്രണം അത്യന്താപേക്ഷിതമാണു്. അല്ലെങ്കിൽ, നമുക്കു വളരെ പരിമിതമായി മാത്രമുള്ള നമ്മുടെ വിഭവങ്ങളെ നാം പാഴിലാക്കുന്നു. ആസൂത്രണം എന്നു പറഞ്ഞാൽ ...........സമുദായത്തിന്നു സർവ്വതോമുഖമായ പുരോഗതി ഉണ്ടാകത്തക്കവിധം അടിത്തറ എങ്ങിനെ ശക്തിപ്പെടുത്തണമെന്നും പുരോഗതിയുടെ കാൽവെപ്പു് എങ്ങനെ ഉറപ്പിക്കണമെന്നുമുള്ള ഒരു സുചിന്തിതമായ സമീപനമാണു്."

ഈ പ്രസ്താവനയിൽ നിന്നു് ഇന്ത്യ സോഷ്യലിസ്റ്റു് മാർഗ്ഗത്തിൽ അടിവെച്ചുകഴിഞ്ഞുവെന്ന ധാരണയാണു് ഒരുവനുണ്ടാകുന്നതു്. "പിന്നോക്കവും അവികസിതവുമായ ഒരു രാജ്യത്തു് സോഷ്യലിസം അവതരിപ്പിച്ചാൽ പെട്ടന്നതിൻെറ പിന്നോക്കനിലക്കു കുറവു വരുന്നില്ല. യഥാർത്ഥത്തിൽ നമുക്കപ്പോൾ ലഭിക്കുന്നതു്, പിന്നോക്കനിലയിലുള്ളതും ദാരിദ്ര്യം പിടിച്ചതുമായ ഒരു സോഷ്യലിസമാണു്." ഇന്ത്യക്കുവേണ്ടിയുള്ള തൻെറ സോഷ്യലിസത്തെക്കുറിച്ചു, നെഹറുവിനുള്ള അഭിപ്രായത്തിൽ അദ്ദേഹം ഭൂവുടമയെപ്പററി ഒന്നും പറയുന്നില്ല; സോഷ്യലിസം ഭൂപ്രഭുക്കളെ എങ്ങിനെ ബാധിക്കുമെന്നു പറയുന്നില്ല; ഇന്ത്യനും മറുനാടനുമായ മുതലാളിമാരെ അതെങ്ങിനെ ബാധിക്കുമെന്നും പറയുന്നില്ല; കർഷകരുടെയും തൊഴിലാളികളുടേയും ദാരിദ്ര്യം എങ്ങിനെ അവസാനിപ്പിക്കുമെന്നു പറയുന്നില്ല; ചൂഷണം എങ്ങിനെ അവസാനിപ്പിക്കുന്നതിനെപ്പററിയും മിണ്ടുന്നില്ല. ഈ കാരണങ്ങളാൽ ഞങ്ങളെത്രതന്നെ ശ്രമിച്ചിട്ടും ശ്രീ. നെഹറുവിൻെറ സോഷ്യലിസത്തിൻെറ സത്തെന്തെന്നറിയാൻ ഞങ്ങൾക്കു കഴിയുന്നില്ല. അതു് "അതുതന്നെ തനിച്ചുള്ള ഒരു വസ്തു" വായി നിലകൊള്ളുന്നു. പക്ഷേ ഒരു കാര്യം വ്യക്തമാണു: ശ്രീ. നെഹറുവിൻെറ സോഷ്യലിസത്തെ യഥാർത്ഥസോഷ്യലിസമായി—ഇന്നു ഒട്ടേറെ നാടുകളിൽ പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന

ത്തും മററുള്ളവയിൽ ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞിട്ടുള്ളതുമായ സോഷ്യലിസമായി — തെററിദ്ധരിക്കേണ്ടതില്ല. ഇനിയൊരിക്കൽ ശ്രീ. നെഹറു തന്റെ ആശയഗതിയെ വിശദീകരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ, ശ്രീ. നെഹറു തന്റെ അഭിപ്രായഗതി വിവരിക്കുമ്പോൾ ഇന്ത്യയെ അഭിമുഖീകരിക്കുന്ന ചില മൗലികവും അടിയന്തിരവുമായ പ്രശ്നങ്ങളെ എടുത്തു മുന്നിൽ വെക്കുന്നുണ്ടു്. വ്യവസായവൽക്കരണം, കാർഷിക പ്രശ്നങ്ങൾ, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ എന്നിവയാണവ. നിർഭാഗ്യവശാൽ ഇവ് ഒന്നുംതന്നെ ആശയവ്യക്തതയോടെ പ്രതിപാദിക്കപ്പെട്ടിട്ടില്ല.

## നേരായ മാർഗ്ഗം കണ്ടെത്തിയിട്ടില്ല

ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മികച്ച ഒരു പങ്കു വഹിച്ചുവെന്നു നമുക്കറിയാം. രാഷ്ട്രീയ സ്വാതന്ത്ര്യംകൊണ്ടു് സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ വളർച്ചയുടെ ജീവൽപ്രശ്നങ്ങളെ ഇന്ത്യക്കു അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു. അധികാരത്തിലിരിക്കുന്ന കക്ഷിക്കു വൻകിട സാമ്പത്തിക-രാഷ്ട്രീയ വൈരുദ്ധ്യങ്ങളെ നേരിടേണ്ടിവന്നിരിക്കുന്നു. അതിന്നു് ഈ പുതിയ പ്രശ്നങ്ങളെയും വൈരുദ്ധ്യങ്ങളേയും പരിഹരിക്കാനുള്ള നേരായ മാർഗ്ഗം ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ മഹത്തായ രാജ്യത്തിലെ ജനങ്ങൾക്കു ബ്രിട്ടീഷ് കോളണി ഭരണത്തിൽനിന്നു് പൂവ്വസ്വമായി ലഭിച്ച, കാലാകാലമായുള്ള ദാരിദ്ര്യത്തെ തൂത്തെറിയാൻ കഴിവുണ്ടാക്കുന്ന ഒരു മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കൊളോണിയലിസത്തിന്റെ സാമ്പത്തികബന്ധനങ്ങളിൽനിന്നു് ഇന്ത്യ ഇനിയും പൂർണ്ണമോചനം നേടേണ്ടതായിട്ടാണിരിക്കുന്നതു്. "ഒരു രാജ്യം സ്വതന്ത്രമായതിനു ശേഷവും അതിനു മററു രാജ്യങ്ങളെ സാമ്പത്തികമായി ആശ്രയിക്കേണ്ടിവന്നേക്കാ"മെന്നും, "ഇത്തരം സംഗതിയെയാണു് മിതമായ ഭാഷയിൽ 'സാംസ്കാരികവു

സാമ്പത്തികവുമായ അടുത്ത ബന്ധങ്ങൾ എന്നു പറയുന്നതെ" ന്നും ശ്രീ. നെഹറു പ്രസ്താവിക്കുന്നതു് ശരിയാണു്. ഈ സ്ഥിതിവിശേഷം ഇന്നോളം ഇന്ത്യയിൽ നിലനില്ക്കുന്നുണ്ടു്. വിദേശമൂലധനത്തിന്നു്, ഒന്നാമതായും ബ്രിട്ടീഷ് മൂലധനത്തിന്നു്, നാട്ടിൽ ഇനിയും പ്രബലസ്ഥാനങ്ങളുണ്ടു്. ആകെയുള്ള വിദേശമൂലധനനിക്ഷേപത്തിന്റെ 80 ശതമാനം ബ്രിട്ടീഷുകാരുടേതാണു്. 1951-ലെ ഔദ്യോഗികകണക്കനുസരിച്ചു (പിന്നീടു് വലിയ മാററമുണ്ടായിട്ടില്ല) എണ്ണ വ്യവസായത്തിന്റെ 97 ശതമാനവും, റബ്ബറിന്റെ 93 ശതമാനവും, കല്ക്കരിയുടെ 62 ശതമാനവും, ഖനനത്തിന്റെ 73 ശതമാനവും, തീപ്പെട്ടിനിർമ്മാണത്തിന്റെ 90 ശതമാനവും, ചണത്തിന്റെ 89 ശതമാനവും, തേയിലത്തോട്ടത്തിന്റെ 86 ശതമാനവും വിദേശമൂലധനത്തിന്റെ നിയന്ത്രണത്തിലാണു്. യാഥാൎത്ഥ പങ്കു് മറച്ചുവെക്കാൻ വേണ്ടി വിദേശ കുത്തകമൂലധനം ചില മിശ്രകമ്പനികൾ വെച്ചുപുലത്തുന്നുണ്ടു്. അവയിൽ ഇന്ത്യക്കാൎക്ക നാമമാത്രമായ പ്രാതിനിദ്ധ്യമേയുള്ളു. ചിലരെയൊക്കെ ഡയറക്ടർ ബോർഡിൽ പിടിച്ചുവെച്ചിട്ടുണ്ടാകും.

അടുത്ത വർഷങ്ങളിൽ അമേരിക്കൻ കുത്തകകൾ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിലേക്കു കൂടുതൽ നുഴഞ്ഞുകയറിയിട്ടുണ്ടു്. "കറൻറു് ബിസിനൻസി"ന്റെ സൎവ്വേ അനുസരിച്ചു് 1956-ൽ അമേരിക്കൻ സ്വകാൎയ്യനിക്ഷേപങ്ങൾതന്നെ 109300 ലക്ഷം ഡോളറുണ്ടായിരുന്നു. ആകെയുള്ള വിദേശനിക്ഷേപങ്ങളുടെ കണക്കുനോക്കിയാൽ ഇതത്ര വലിയ തുകയൊന്നുമല്ല. പക്ഷേ ഒരു കാൎയ്യം ശ്രദ്ധേയമാണു്. 1950-നു ശേഷം അമേരിക്കൻ നിക്ഷേപങ്ങൾ ഏതാണ്ടു് മൂന്നിരട്ടിയായിട്ടുണ്ടു്. ഈ നുഴഞ്ഞുകയററം വർദ്ധിപ്പിക്കാൻ അമേരിക്കൻ കുത്തകകൾ ഗവൺമെണ്ടു കടവായ്പയും വിവിധ രൂപങ്ങളിലുള്ള സഹായധനവും മററും വർദ്ധമാനമായ തോതിൽ ഉപയോഗിക്കുന്നു. 1958 ആഗസ്റ്റു് 15-ാംതീയതിയിലെ 'ടൈംസ് ഓഫ് ഇന്ത്യാ' പത്രത്തി

ന്റെ കണക്കനുസരിച്ച വിദേശകടത്തെ സംബന്ധിച്ചേട ത്തോളം, മററെല്ലാ രാജ്യങ്ങളുടെയും മുമ്പിൽ നില്ക്കുന്നതു് അമേരിക്കയാണ്. കടം അനുവദിച്ചും, സഹായധനം നല്കിയും അമേരിക്കൻ സാമ്രാജ്യവാദികാം നാട്ടിൽ അവക്കുള്ള രാഷ്ട്രീയസ്വാധീനം വർദ്ധിപ്പിക്കാനും, സ്വകാര്യനിക്ഷേപത്തിനു വഴി തെളിക്കാനും ആഗ്രഹിക്കുന്നുണ്ടെന്നതിനു സംശയമില്ല.

യഥാർത്ഥത്തിൽ വിദേശമൂലധനം ദേശീയവ്യവസായത്തിന്റെ, പ്രത്യേകിച്ചും ഘനവ്യവസായത്തിന്റെ വളർച്ചയെ വിഘ്നപ്പെടുത്തുകയാണു്, അടുത്തകാലത്തു് വിദേശനിക്ഷേപങ്ങാം ഏററവുമധികം ലാഭം കിട്ടുന്ന വ്യവസായങ്ങളിലാണു് ഇറക്കപ്പെട്ടിട്ടുള്ളതു്. (സിഗരട്ടു നിമ്മാണം, പഞ്ചസാര, സോപ്പു്, ഔഷധം മുതലായവയിൽ). ലാഭത്തിലധികവും നാടിനു പുറത്തേക്കു കൊണ്ടുപോവുകയാണു്. ഫലമോ? അങ്ങിനെ കൂട്ടുന്ന പണം കൂടുതൽ വ്യവസായങ്ങളുണ്ടാക്കാൻ ഉപയോഗിക്കപ്പെടുന്നില്ല. ഇന്ത്യയിലെ വിദേശമൂലധനത്തെക്കുറിച്ചുള്ള ഈ കണക്ക് തീരെ അപൂണ്ണമാകുന്നു. എങ്കിലും അവ വളരെയധികം വെളിച്ചം വീശുന്നവയാണു്.

## സമരത്തിന്റെ ആവശ്യകത

മേൽപ്പറഞ്ഞതിൽനിന്നു ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ പ്രശ്നം, സാമ്രാജ്യത്തസ്വാധീനതയിൽനിന്നുള്ള ഇന്ത്യയുടെ മോചനത്തിന്റെ പ്രശ്നം ഗൗരവതരമാണെന്നു വരുന്നു. നാഷനൽ കോൺഗ്രസ്സിനു രാജ്യത്തെ മുൻകോളണിയുടമകളിൽനിന്നു സ്വതന്ത്രമാക്കുക എന്ന നയം നിരന്തരം പിൻതുടരാനുദ്ദേശമുണ്ടെങ്കിൽ, ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ടു്. വിദേശകുത്തകകളെസംബന്ധിച്ചിടത്തോളം അനുനയമാഗ്ഗം അത്ര സഹായകരമല്ലാത്തതുകൊണ്ടു് ഇവിടെയും സമരത്തിന്റെ ആവശ്യകതയെ മുൻകൂട്ടി കാണാൻകഴിയും.

ശ്രീ. നെഹറു പ്രസ്താവിക്കുന്നതും എന്നാൽ അദ്ദേഹം പരിഹാരം നിർദ്ദേശിക്കാത്തതുമായ മറെറാരു ജീവൽപ്രശ്നമാണ് കാർഷികപ്രശ്നം. നാട്ടിൻപുറങ്ങളിൽനിന്നു നാടുവാഴിത്താവശിഷ്ടങ്ങൾ ഇല്ലാതാക്കാൻ ഇന്ത്യക്കു ഇനിയും വളരെയധികം പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. ഉദ്ദേശം 60 ശതമാനം കർഷകക്കു 15 ശതമാനം ഭൂമിയേ ഉള്ളു. അതേസമയത്തു് 5 ശതമാനം വൻകിട ഭൂവുടമകളുടെപക്കലാണ് 35 മുതൽ 40 ശതമാനംവരെ ഭൂമി. നാഷനൽ കോൺഗ്രസ്സിനു ഈ കർഷികപ്രശ്നത്തിനു സമൂലമായ ഒരു പരിഹാരം കാണാനുള്ള വല്ല പരിപാടിയുമുണ്ടോ? ശ്രീ. നെഹറുവിൻെറ ലേഖനം വെച്ചുനോക്കിയാൽ ഇല്ല തന്നെ. അദ്ദേഹത്തിൻെറ ലേഖനത്തിൽ ഈ പ്രശ്നത്തെക്കുറിച്ചു ഒരേഒരു പരാമർശമേയുള്ളു: "ഭൂപരിഷ്കരത്തിനു ഒരു പ്രത്യേക പ്രാധാന്യമുണ്ടു്. എന്തുകൊണ്ടെന്നാൽ അതുകൂടാതെ, പ്രത്യേകിച്ചും ഇന്ത്യയെപ്പോലെ വളരെയധികം ആൾത്തിരക്കുള്ള ഒരു രാജ്യത്തിനു കാർഷികോൽപ്പാദനക്ഷമതയിൽ സമൂലമായ അഭിവൃദ്ധിവരുത്താൻ സാദ്ധ്യമല്ല. എന്നാൽ ഭൂപരിഷ്കാരത്തിൻെറ പ്രധാന ഉദ്ദേശം അതിലും ആഴമേറിയ ഒന്നാണു്. മുരടിച്ചുപോയ ഒരു സമൂഹത്തിൻെറ പഴയ വർഗ്ഗഘടനയെ തകക്കുക എന്നതാണതു്.

ഈ പ്രസ്താവന അമൂർത്തമായ ഒന്നാണു്. അതുകൊണ്ടു് അതു ഭൂവുടമസ്ഥതയിലും ഭൂവുടമസമ്പ്രദായങ്ങളിലുമുള്ള നാടുവാഴിത്താവശിഷ്ടങ്ങളെ ഇല്ലാതാക്കുന്നതിനെസംബന്ധിച്ചും, സ്വതന്ത്രരായ കർഷകർ സ്വതന്ത്രമായ നിലങ്ങളിൽ ഉൽപ്പാദനം സംഘടിപ്പിക്കുന്നതിനെസംബന്ധിച്ചുമുള്ള പ്രശ്നങ്ങൾക്കു് ഉത്തരം നല്കുന്നില്ല. ഗ്രാമീണവികസനങ്ങളിൽനിന്നു മനസ്സിലാകുന്നതു് നാഷനൽ കോൺസ്സ് മുതലാളിത്ത എസ്റ്റേററുകളുടേയും വൻകിട കൃഷിസ്ഥലങ്ങളുടേയും അടിസ്ഥാനത്തിലുള്ള വൻതോതിലുള്ള കൃഷിയുടെ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നുവെന്നാണു്. ഗവമ്മെണ്ടു് നാടുവാഴിപ്രഭുക്കളിൽനിന്നു നളരെ കൂടിയ വില

കൊടുത്തു ഭൂമി വാങ്ങുകയാണ്.. ദേശീയ കടബാദ്ധ്യതയെ വളരെയധികം വർദ്ധിപ്പിച്ചിട്ടുള്ള ഒരു നയമാണതു്. നേരേമറിച്ച് ഇപ്പോഠംതന്നെ ഉയന്ന നികുതികളും മററംകൊണ്ടു് ബുദ്ധിട്ടുന്ന കർഷകർ ഉയന്ന പാട്ടം കൊടുക്കേണ്ടിവരുന്നതുകൊണ്ടു് ഹുണ്ടികക്കാരുടേയും പഴയതും പുതിയതുമായ വൻകിട ഭൂവുടമകളുടേയും പിടിയിൽ അമന്ന് കടക്കാരാവുകയുമാണ്.

## ചരിത്രത്തിൽനിന്നൊരു പാഠം

വ്യാവസായികമായി വളന്ന എല്ലാ രാജ്യങ്ങളുടേയും അനുഭവം (ചരിത്രത്തിൽ നിന്നു് വളരെയധികം പഠിക്കാൻ കഴിയും) നാടുവാഴി ഭൂവുടമബന്ധങ്ങഠം അവസാനിപ്പിക്കാതെ സമ്പന്നമായ വ്യവസായവൽക്കരണം സാദ്ധ്യമല്ലെന്നാണ് പഠിപ്പിക്കുന്നതു്. ഇന്ത്യയെപ്പോലെ വളരെയധികം കൃഷിക്കാരുള്ള രാജ്യങ്ങളിൽ പ്രധാനമായും ഗ്രാമമായിരിക്കണം വ്യവസായത്തിനു അസംസ്കൃതപദാത്ഥങ്ങഠം കൊടുക്കേണ്ടതു്; നിമ്മിതവസ്തുക്കഠം പ്രധാനമായും ഉപയോഗിക്കേണ്ടതു്. നാടുവാഴിത്തഭൂവുടമസ്ഥത അവസാനിപ്പിച്ച്, ഭൂമി കൃഷിക്കാക്കു കൊടുത്താൽ മാത്രമേ, ഗ്രാമത്തിനു് വ്യവസായവൽക്കരണത്തിന്നാവശ്യമായ സംഭാവന നൽകുവാൻ സാധിക്കുകയുള്ളു.

ഫ്രാൻസിൽ 18-ാം നൂററാണ്ടിൽത്തന്നെ നാടുവാഴിത്തം ഇല്ലാതാക്കപ്പെട്ടു. ബ്രിട്ടനിൽ അതിന്നു മുമ്പുതന്നെ അതു ചെയ്തു. അങ്ങിനെ സത്വരമായ സാമ്പത്തികവികാസത്തിനുവേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

ഭൂതകാലത്തിൽനിന്നുള്ള ഉദാഹരണങ്ങളാണിവ. നാടുവാഴിത്തത്തെ നിമ്മാജ്ജനം ചെയ്യാതെ വ്യാവസായിക വളർച്ച സാദ്ധ്യമല്ലെന്ന അലംഘ്യമായ നിയമത്തെ സമകാലീനചരിത്രവും സ്ഥിരീകരിക്കുന്നുണ്ടു്.

റഷ്യയിലെ ഒക്ടോബർ വിപ്ലവം, സോഷ്യലിസ്റ്റ് വികസനത്തിൻെറ അടിസ്ഥാന പ്രശ്നങ്ങഠംക്കു പരിഹാരം കാണു

ന്നതിന്നു പുറമേ, നാട്ടുവാഴിത്താവശിഷ്ടങ്ങളെ ഇല്ലാതാക്കി. ഒമ്പതുകൊല്ലം മുമ്പ് ലോകത്തിലെ ഏററവും വലിയ രാജ്യങ്ങളിൽ ഒന്നു്, ചിയാങ്ങ് കൈഷേക്കിൻേറയും അമേരിക്കൻ സാമ്രാജ്യവാദികളുടേയും മീതെ വിജയക്കൊടി നാട്ടുകയും, നാട്ടുവാഴിത്താവശിഷ്ടങ്ങൾ തുടച്ചുനീക്കുക എന്ന പ്രാഥമിക കടമയിൽ ഏർപ്പെടുകയും ചെയ്തു. ആ കടമ നിറവേററപ്പെട്ടിരിക്കുന്നു. നാട്ടുവാഴി പ്രഭുക്കളെസ്സംബന്ധിച്ചേടത്തോളം നിർബ്ബന്ധം സ്വതവേതന്നെ ഒഴിവാക്കാൻ നിവൃത്തിയില്ല. ഭൂപ്രഭുക്കൾ തങ്ങളുടെ അവകാശങ്ങൾ സ്വയം വെച്ചൊഴിയാൻ ചൈനീസ് കർഷകർ അനുനയം കൈക്കൊണ്ടിരുന്നുവെങ്കിൽ, ജനങ്ങൾക്കു വിമോചനം നേടാൻ നൂററാണ്ടുകൾ കാത്തിരിക്കേണ്ടിവരുമായിരുന്നു. വിപ്ലവകരങ്ങളായ മാററങ്ങൾ കാരണം ചൈനീസ് ജനങ്ങൾക്ക് ഉജ്ജ്വലങ്ങളായ വിജയങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടു്. വിപ്ലവത്തിനു മുമ്പത്തെ കാലഘട്ടത്തെ അപേക്ഷിച്ച് കാർഷികോല്പാദനം ഇരട്ടിയിലധികമായിട്ടുണ്ടു്. അടിസ്ഥാന വ്യവസായങ്ങളുടെ എല്ലാ ശാഖകളും ഉണ്ടാക്കി കഴിഞ്ഞു. അവക്കെല്ലാം ആധുനിക യന്ത്രങ്ങളും വെച്ചുകഴിഞ്ഞു.

## ചൈനയും ഇന്ത്യയും

ഇന്ത്യയുടേയും ചൈനയുടേയും സാമ്പത്തികവികാസത്തെ താരതമ്യപ്പെടുത്തി നോക്കുന്നതു് വിജ്ഞാനപ്രദമാണു്. 1947–49-ൽ, വിമോചനത്തിനുമുമ്പ്, ഇരു രാജ്യങ്ങളുടേയും സാമ്പത്തികനിലവാരം ഏതാണ്ടൊരേവിധമായിരുന്നു. ഇന്ത്യൻ വ്യവസായത്തിന്നാണു് പിന്നെയും വളർച്ചയുണ്ടായിരുന്നതു്. ഇരു രാജ്യങ്ങളും ഏതാണ്ടൊരേകാലത്താണു് സ്വാതന്ത്ര്യം നേടിയതു്—ഇന്ത്യ 11 കൊല്ലം മുമ്പും, ചൈന 9 കൊല്ലംമുമ്പും. എങ്കിലും ചൈന ഇന്ത്യയെ വളരെയധികം കവച്ചുവെച്ചിരിക്കുന്നു. ഇന്ത്യയിൽ സാമൂഹ്യബന്ധങ്ങൾ മിക്കവാറും മാറിയിട്ടില്ല. മുമ്പത്തെപ്പോലെ തന്നെ ഇപ്പോഴും കൃഷിക്കർ ഭൂമിയില്ലാത്തവരാണു്; ഭൂമി ഇപ്പോഴും നാട്ടുവാഴിപ്രഭുക്കളുടേ

താണ്. വ്യാവസായികത്തൊഴിലാളികളെ ഇപ്പോഴും മുതലാളിമാർ ചൂഷണം ചെയ്യുന്നു. ബാങ്കുകളും ഫാക്ടറികളും ഇപ്പോഴും മുതലാളിമാരുടേതാണ്. ബ്രിട്ടീഷുകാർ പിന്മാറിയതിനുശേഷം ഇന്ത്യൻ മുതലാളിമാർക്കാണ് ഏററവും അധികം നേട്ടമുണ്ടായതു്. ഇന്ത്യ ഒരു കോളനി അല്ലാതായി എന്ന വസ്തുതയുടെ വമ്പിച്ച പ്രാധാന്യത്തെ ഞങ്ങൾ യാതൊരു വിധത്തിലും ചെറുതാക്കുന്നില്ല. എന്നാൽ തൊഴിലാളികളുടേയും കർഷകരുടേയും വിമോചനത്തിനു ഉറപ്പുവരുത്താൻ അതുമാത്രം മതിയാകയില്ലല്ലൊ. ഇതേ കാലഘട്ടത്തിൽതന്നെ ചൈനീസ് ജനകീയറിപ്പബ്ളിക്ക് വിദേശകുത്തകാധിപത്യത്തെ എന്നന്നേക്കുമായി അവസാനിപ്പിച്ചു. നാടുവാഴിത്തവും അതിൻെറ എല്ലാ അവശിഷ്ടങ്ങളും നാമാവശേഷമാക്കി. വ്യവസായത്തിലും വ്യാപാരത്തിലും കൃഷിയിലും സോഷ്യലിസ്റ്റ് പുനർനിമ്മാണം വിജയകരമായി നടപ്പിലാക്കി. വിമോചനത്തിനുമുമ്പ് ഇന്ത്യ 13 ലക്ഷം ടൺ ഉരുക്കും ചൈന 9 ലക്ഷം ടൺ ഉരുക്കമാണ് ഉല്പാദിപ്പിച്ചിരുന്നതു്. ഇന്ത്യ ഇന്നും ഏതാണ്ടത്രയൊക്കെയേ ഉല്പാദിപ്പിക്കുന്നുള്ളു. അതേ സമയം ചൈന പ്രതിവർഷം 110 ലക്ഷം ടൺ എന്ന തോതിൽ ഉല്പാദിപ്പിക്കുന്നുണ്ടു്. ഇക്കൊല്ലം ചൈന 21 കോടി ടൺ കൽക്കരി കുഴിച്ചെടുക്കും. 80,000 'മെഷീൻ ടൂളുകൾ' ഉല്പാദിപ്പിക്കും. കൽക്കരിയുല്പാദനത്തിൻേറയും മെഷീൻടൂൾ നിമ്മാണത്തിൻേറയും കാര്യത്തിൽ ഇക്കൊല്ലം ചൈന ബ്രിട്ടനോടൊപ്പമെത്തും. ചൈനയുടെ വ്യാവസായികോല്പാദനം കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലം 60 ശതമാനം കൂടുതലുണ്ടാകും.

വിദ്യാഭ്യാസ രംഗത്തും ചൈനയുടെ പുരോഗതി അത്രതന്നെ സത്വരമാണ്. 90 ശതമാനം കൗണ്ടികളിലും സാർവ്വത്രികമായ എലിമെൻററി വിദ്യാഭ്യാസം ഏർപ്പെടുത്തിക്കഴിഞ്ഞു ആയിരത്തിലധികം ഉയന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നിട്ടുണ്ടു്.

ഇന്ത്യയുടെ വ്യാവസായിക പുരോഗതിയെസ്സംബന്ധിച്ച ചില കണക്കുകൾ താഴെ കൊടുക്കുന്നു. 1948 ലേതിനോടു തട്ടിച്ചു നോക്കുമ്പോൾ 1955-ൽ വ്യാവസായികോല്പാദനം 48 ശതമാനവും 1957-ൽ 66 ശതമാനവും വർദ്ധിച്ചു. കൽക്കരിയുല്പാദനം 1948-ൽ 306 ലക്ഷം ടണ്ണായിരുന്നു. 1955-ലും 1957 ലും അതു യഥാക്രമം 388 ലക്ഷം ടണ്ണും, 442 ലക്ഷം ടണ്ണുമായി. ഉരുക്കു ഉല്പാദനം 1948-ൽ 13 ലക്ഷം ടണ്ണായിരുന്നു. 1955 ലും 1957 ലുമതു് 17 ലക്ഷം ടണ്ണായി. ഇന്ത്യയിൽ ഗോതമ്പു ഉല്പാദനം 1950-ൽ 64 ലക്ഷം ടണ്ണും, 1955-ൽ 87 ലക്ഷം ടണ്ണും ആണ്; അരിയുല്പാദനം 1948-ൽ 344 ലക്ഷം ടണ്ണും 1955-ൽ 388 ലക്ഷം ടണ്ണും.

വിമോചനത്തിനുശേഷം ഇന്ത്യൻ സാമ്പത്തികവ്യവസ്ഥക്കു് പ്രധാനപ്പെട്ട നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് കാണാം. എന്നാൽ അവ ചൈനയുടേതിനേക്കാൾ ചെറുതാണ്. കാലാവസ്ഥയും ജനസംഖ്യാധിക്യവും—ഇന്ത്യയുടെ ജനസംഖ്യ ഏതാണ്ടു 40 കോടിയാണ്—ഏതാണ്ടൊരുപോലെയാണെങ്കിലും ഇന്ത്യയിൽ പുരോഗതി താരതമ്യേന പതുക്കെയാണ് ഉണ്ടാകുന്നതു്. ചൈനയെപ്പോലെ തന്നെ ഇന്ത്യയും പുരാതനമായ സംസ്കാരത്തോടുകൂടിയ ഒരു രാജ്യമാണ്. അവിടത്തെ ജനങ്ങളും ചൈനീസ് ജനതയെപ്പോലെ തന്നെ അദ്ധ്വാനശീലരും വിനയസമ്പന്നരും ധിഷണാശാലികളുമത്രെ.

## യഥാർത്ഥ കാരണം

അതുകൊണ്ടു് ഈ വ്യത്യാസത്തിനുള്ള വിശദീകരണം കിടക്കുന്നതു് ധാർമ്മികമൂല്യങ്ങളെക്കുറിച്ചും വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും അക്രമത്തെക്കുറിച്ചും അഭ്യൂഹങ്ങൾ നടത്തുന്നതിലല്ല; പിന്നെയോ, ജനങ്ങൾക്കു യഥാർത്ഥസ്വാതന്ത്ര്യം നല്കുന്നതിലും, ഭൂതകാലത്തിന്റെ ബന്ധനങ്ങളിൽനിന്നു് അവരെ യഥാർത്ഥമായി മോചിപ്പിക്കുന്നതിലും, രാജ്യത്തിന്റെ യജമാനന്മാരാക്കുന്നതിലുമാകുന്നു. ചൈനീസ് ജനത അഭൂതപൂർവ്വമായ ഉത്സാഹ

പ്രകർഷത്തോടെ, ചൂഷകന്മാരുടെ നിർബന്ധംകൊണ്ടല്ല, സ്വന്തം ഇഷ്ടപ്രകാരം, തങ്ങളുടെ നാടിനു മോഹനമായ വർത്തമാനകാലവും മഹത്തായ ഭാവിയും പണികഴിക്കുകയാണു്.

ചില രാജ്യങ്ങൾ വ്യാവസായികമായി കൂടുതൽ വികാസം പ്രാപിച്ചതാണെന്നും, അതുകൊണ്ടാണു് അവ ഇന്ത്യയെക്കാൾ കൂടുതൽ പുരോഗതി നേടിയിട്ടുള്ളതെന്നും ശ്രീ. നെഹ്റു പറയുന്നു. ഇക്കാര്യത്തിൽ ചൈനക്കു ഇന്ത്യയെ അപേക്ഷിച്ചു പ്രത്യേകമെച്ചങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നു നാം കാണുകയുണ്ടായി. എന്നിട്ടും ചൈന ഇന്ത്യയെ കവച്ചുവെച്ചു; സാമ്പത്തികമായി മാത്രമല്ല, വിദ്യാഭ്യാസരംഗത്തുകൂടി. ചൈന ഒരു വർഗ്ഗത്തെ മറെറാരു വർഗ്ഗം ചൂഷണംചെയ്യുന്നതിനെ അവസാനിപ്പിക്കുകയും, പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും സോഷ്യലിസ്റ്റ്ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തിരിക്കുമ്പോൾ, ഇന്ത്യ ഇന്നും മുതലാളിത്ത വ്യവസ്ഥയേയും വ്യവസായത്തിലുള്ള മുതലാളിത്തബന്ധങ്ങളേയും നിലനിർത്തുകയാണു്. നാട്ടിൻപുറങ്ങളിലാണെങ്കിൽ നാടുവാഴിത്തബന്ധങ്ങൾ ഇപ്പോഴും മുന്നിട്ടുനില്ക്കുന്നു. ചൈനയുടെ ഉജ്ജ്വലമായ വിജയത്തിനും, ഇന്ത്യയുടെ താരതമ്യേന മന്ദഗതിയിലുള്ള പുരോഗതിക്കും ഇതിലാണു് കാരണം കണ്ടെത്തേണ്ടതു്.

സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയുടെ ഉയർന്ന തോതു് ചൈനയുടെ മാത്രമല്ല, മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും പ്രത്യേകതയാണു്. സോവിയററ്യൂണിയന്റെ കാര്യം പറയുകതന്നെ വേണ്ട. പഴയ റഷ്യ ഇന്നത്തെ ഇന്ത്യയെക്കാൾ മുമ്പിലൊന്നുമായിരുന്നില്ല. ഇന്ത്യയുടെ അതിർത്തികളിൽ കിടക്കുന്ന സോവിയററ് മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകളുടെ സ്ഥിതിയാകട്ടെ ഇന്നത്തെ ഇന്ത്യയുടേതിനേക്കാൾ മോശവുമായിരുന്നു. എന്നിട്ടും അവയുടെ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ച അത്യുജ്ജ്വലമാണു്. ഇതിൽനിന്നു എന്താണു് സിദ്ധിക്കുന്നതു്? യൂറോപ്പിലേയും ഏഷ്യയിലേയും സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഇത്ര വേഗത്തിൽ പുരോഗമിക്കുന്നതുകൊണ്ടു്—വ്യാ

വസായികമായി വളച്ച്വനെത്തിയ മുതലാളിത്തരാജ്യങ്ങറംക്ക കഴിയാത്ത അത്ര വേഗത്തിൽ പുരോഗമിക്കുന്നതുകൊണ്ടു്—വികസനത്തിൻെറ ഉയന്ന തോതു് കേവലം യാദൃച്ഛികമല്ലെന്നും, അവയുടെ സാധാരണ സ്വഭാവവിശേഷമാണെന്നുമല്ലേ? അപ്പോറം സോഷ്യലിസം മുതലാളിത്തത്തെക്കാറം ഉയന്ന ഒരു സാമൂഹ്യ വികസനഘട്ടമാണു്. അനുഭവത്തിൽനിന്നു ഇതു തെളിഞ്ഞിരിക്കുന്നു.

## ചില അടിസ്ഥാനവസ്തുതകറം

ഇന്ത്യാഗവമ്മെണ്ടു് ഇന്നു സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സ്റ്റേററ് മുതലാളിത്തം പുരോഗമന സ്വഭാവത്തോടുകൂടിയതാണെന്നതിനു സംശയമില്ലെന്നും, സാമ്രാജ്യത്വശക്തികളുടെ പിൻതിരിപ്പൻ സ്റ്റേററ മുതലാളിത്തത്തിൽനിന്നും അതു ഭിന്നമാണെന്നും മാർക്സിസ്റ്റുകറം പൂർണ്ണമായും മനസ്സിലാക്കുന്നുണ്ടു്.

എന്നിരുന്നാലും അടിസ്ഥാനവസ്തുതകറംകൂടി കാണണം. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കൊള്ളാം, ഇന്ത്യ പ്രബലമായ ഒരു ശക്തിയാകത്തക്കവിധം, ഇന്ത്യൻ ജനത ചരിത്രത്തിലാദ്യമായി യഥാൎത്ഥത്തിൽ സ്വതന്ത്രമാകത്തക്കവിധം, അവരുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങറം സാധിക്കത്തക്കവിധം, ജനങ്ങളുടെ ആവശ്യങ്ങറംക്കു് ഉല്പാദനശക്തികളുടെ വളച്ച്ക്കുള്ള മുഴുവൻ സ്വാതന്ത്ര്യവും വേണം. എല്ലാ രാജ്യങ്ങളിലേയും വ്യാവസായികവളച്ച്യുടെ അനുഭവത്തിൽനിന്നു് താഴെ പറയുന്ന നിഗമനത്തിൽ എത്താവുന്നതാണു്: ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ നേതാക്കന്മാർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കൊള്ളാം, നാടുവാഴിത്താവശിഷ്ടങ്ങളുടെ നിരന്തരവും പൂർണ്ണവുമായ നിമ്മാജ്ജനം ചരിത്രത്തിൻെറ ആവശ്യമാണു്. ഒന്നുകിൽ മുകളിൽനിന്നു്, അതായതു് ഗവമ്മെണ്ടിൻെറ മുൻകൈകൊണ്ടു്, സമൂലമായ ഒരു ഭൂപരിഷ്കാരം കൊണ്ടുവരാം; അല്ലെങ്കിൽ ചുവട്ടിൽനിന്നു്—ജനങ്ങളിൽനിന്നു്—

കുറെക്കൂടി സമൂലമായ ഒരു ഭൂപരിഷ്കാരം വരാം. ഒരു കാർഷിക രാജ്യത്തെ ഒരു വ്യവസായികശക്തിയായി രൂപാന്തരപ്പെടുത്താനുള്ള വേറൊരു മാർഗ്ഗവും ചരിത്രത്തിന്നറിയില്ല. സമകാലീന അനുഭവവും ഈ ഉപാധിയുടെ ആവശ്യകതയെ സ്ഥിരീകരിക്കുന്നു. ഇന്ത്യ ഭൂപരിഷ്കാരം നടപ്പിലാക്കാൻ തുടങ്ങുന്നതോടുകൂടി നാടുവാഴിപ്രഭുക്കളും വൻകിട ഭൂവുടമകളും കൂടുതൽ കൂടുതൽ എതിർപ്പു പ്രകടിപ്പിക്കും; അവർ ഭൂമി സ്വന്തം കയ്യിൽത്തന്നെ വെച്ചുകൊണ്ടിരിക്കാൻവേണ്ടി കൃഷിക്കാർക്കെതിരായി അക്രമം ഉപയോഗിക്കും. നാടുവാഴിപ്രഭുക്കളുടെ പക്ഷംപിടിക്കാതെ, കൃഷിക്കാരുടെ പക്ഷംപിടിക്കുകയാണെങ്കിൽ, ഗവൺമെണ്ടിന്നു് ആദ്യം പറഞ്ഞവർക്കെതിരായി നിർബന്ധം ചെലുത്താതെ നിവൃത്തിയില്ലാതാകും. ലോകത്തിലൊരിടത്തും ഭൂപ്രഭുക്കൾ തങ്ങളുടെ ഭൂമി കൃഷിക്കാർക്കു് സ്വമേധയാ വിട്ടുകൊടുത്തിട്ടില്ല. അക്രമംകൊണ്ടുവരെ എപ്പോഴും കീഴടക്കേണ്ടതായിട്ടാണു വന്നിട്ടുള്ളതു്. നാടുവാഴിഭൂവുടമസ്ഥത ഇല്ലാതാക്കാൻ, വൻകിട ഭൂവുടമകളുടെ കടുത്ത എതിർപ്പിനെ തരണംചെയ്യേണ്ടതു് മിക്കവാറും ആവശ്യമാണു്. എന്നാൽ പിൻതിരിപ്പൻ ശക്തിക്കെതിരായ സമരം ആവശ്യമാണെങ്കിൽ, മാർഗ്ഗം ഏതു വേണമെന്നതു—സമാധാനപരമായതു വേണോ, സമാധാനപരമല്ലാത്തതു വേണോ, അക്രമമാർഗ്ഗം വേണോ, അക്രമരഹിതമായ മാർഗ്ഗം വേണോ എന്നുള്ളതു—ഒരിക്കലും പുരോഗമനശക്തികളെ ആശ്രയിച്ചല്ല ഇരിക്കാറു് എന്ന വസ്തുത ഓർമ്മയിൽവെക്കണം. ഈ ശക്തികൾക്കു്, തങ്ങൾ സമരം തീരെ വേണ്ടെന്നുവെക്കാൻ പോകുന്നില്ലെങ്കിൽ, അക്രമം ഉപയോഗിക്കാതിരിക്കാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായേക്കാം.

## അമൂർത്ത പ്രസ്താവനകൾ

“അടിസ്ഥാനപരമായ സമീപനം” ഇന്ത്യയുടെ വ്യാവസായികവികസനത്തെ വിപുലമായ രീതിയിൽ പ്രതിപാദിക്കുന്നുണ്ടു്. പക്ഷേ ഇവിടെയും പ്രസ്താവനകൾ വളരെ പൊതുവേയു

ള്ളതും അമൂർത്തവുമാണ്. അവയിൽനിന്നു് വ്യാവസായികമായ പിന്നോക്കനിലയെ തരണം ചെയ്യാൻ ഇന്ത്യ അവലംബിക്കേണ്ട മാർഗ്ഗത്തെപ്പററി ഒരു രൂപം കിട്ടുക എപ്പോഴും സാദ്ധ്യമല്ല. അക്രമം കാണിക്കാതെ സാമ്പത്തികമായ പിന്നോക്കനിലയെ തരണംചെയ്യാനൊക്കുമോ, "സമുദായത്തിൻെറ നന്മക്കെന്നു കരുതപ്പെടുന്നതിന്നുവേണ്ടി", ഒരു രാജ്യത്തിൻെറ സാമ്പത്തികമായ വളർച്ചയിൽ വ്യക്തിയെ വിഗണിക്കാനും ബലികഴിക്കാനും സാദ്ധ്യമാണോ എന്നൊക്കെയുള്ള തത്വശാസ്ത്രപരമായ അന്വേഷണങ്ങൾകൊണ്ടു് ലേഖനകർത്താവു് അസന്നിഗ്ദ്ധവും സമൂർത്തവുമായ നിർദ്ദേശങ്ങളെ ഒഴിഞ്ഞുമാറുകയാണു്. "വ്യക്തിയെ ബലികഴിക്കരുതെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. വ്യക്തിക്കു വളരാൻ അവസരം നൽകുമ്പോൾ മാത്രമേ യഥാർത്ഥസാമൂഹ്യപുരോഗതി നേരിൽ ഉണ്ടാകൂ........"

തൻെറ നാടു ദരിദ്രമാണെന്നും, "വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ സമ്മർദ്ദം ഹേതുമായി" കൂടുതൽ ദരിദ്രമാകാമെന്നും ശ്രീ. നെഹ്റു വ്യസനസമേതം സമ്മതിക്കുന്നു. "ദരിദ്രരായതുകൊണ്ടു നമുക്കു നിക്ഷേപിക്കാൻ മിച്ചമില്ല; നാം കൂടുതൽ താണുപോകുന്നു." ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ചുള്ള ഇത്തരം പ്രസ്താവനകൾ വ്യക്തിയുടെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും കുറിച്ചുള്ള പ്രസ്താവനകളുമായി താരതമ്യപ്പെടുത്തുമ്പോൾ, അവക്കു തമ്മിലൊരു ബന്ധം കാണാത്തതിലും, ഒന്നിനെ മറെറാന്നിൽനിന്നു ഒററപ്പെടുത്തുന്നതിലും ഒരുവൻ അതിശയിച്ചുപോകുന്നു. വ്യക്തിയുടെ വളർച്ചയേയും വ്യക്തിസ്വാതന്ത്ര്യത്തേയും സാമൂഹ്യവളർച്ചയുമായി ബന്ധപ്പെട്ടുകൊണ്ടല്ലാതെ പരിഗണിക്കാൻ വയ്യ. വ്യക്തി സമൂഹത്തിലെ ഒരംഗമാണു്. സാമൂഹ്യബന്ധങ്ങളാൽ സമൂഹവുമായി ബന്ധപ്പെട്ടവനാണു്. ഈ ബന്ധങ്ങളാകട്ടെ, ആ പ്രത്യേകവ്യക്തി തനിച്ചു ഉണ്ടാക്കുന്നതുമല്ല. ജീവിതസാഹചര്യങ്ങളേയും, ഏതു സമുദായത്തിലേയും വ്യക്തിപ്രവർത്തനത്തേയും ഈ ബന്ധങ്ങളാണു് നിശ്ചയിക്കുന്ന

ളു്. മുതലാളിത്തത്തിൻ കീഴിലുള്ള ഒരു കൂലിവേലക്കാരന്. താൻ കൂലിവേലക്കാരനാകാതിരിക്കാൻ വയ്യ; തൻെറ കൂലികൊണ്ടു ജീവിക്കുന്നതു നിറുത്താൻ പാററില്ല; തൻെറ വേല നഷ്ടപ്പെട്ടു മോ എന്ന ഭയത്തിൽനിന്നു വിമുക്തനാവാൻ കഴിയില്ല. ഭൂവുടമയെ—ഭൂപ്രഭുവിനെ—ആശ്രയിച്ചുകഴിയുന്ന ഒരു കഷ്കന്നു തൻെറ ജീവിതത്തിലെന്നല്ല, പ്രവർത്തനത്തിലും സ്വതന്ത്രനാവാൻ സാധിക്കില്ല. ഈ സാമ്പത്തികസ്വാതന്ത്ര്യാഭാവമാണ്—മുതലാളിത്തരാജ്യങ്ങളിലെ മിക്ക ആളുകളുടേയും രാഷ്ട്രീയവും ആത്മീയവുമായ ജീവിതത്തെ തീച്ചപ്പെടുത്തുന്നതു്. മുതലാളിത്തത്തിൻ കീഴിൽ വ്യക്തിസ്വാതന്ത്ര്യം എന്നു പറയുന്നതു് ഒന്നുകിൽ വഞ്ചനയാണ്, അല്ലെങ്കിൽ വ്യാമോഹമാണ്.

## സോഷ്യലിസ്റ്റ് സമുദായത്തിൽ

സോഷ്യലിസം മാത്രമേ വ്യക്തികളുടേയും ജനങ്ങളുടേയാകെയും സ്വാതന്ത്ര്യത്തിനുള്ള സാഹചര്യങ്ങരം സൃഷ്ടിച്ചിട്ടുള്ളു. ഉല്പാദനോപകരണങ്ങരം—ഫാക്ടറികളും യന്ത്രങ്ങളും—ജനങ്ങളുടെ കയ്യിലേക്കു്—അവ നിമ്മിക്കുന്നവരുടേയും അവകൊണ്ടു ഉപജീവിക്കുന്നവരുടേയും കയ്യിലേക്കു—ഏല്പിച്ചുകൊടുത്തിരിക്കുന്നു. ഒരുവൻെറ അദ്ധ്വാനം മററൊരുവൻ തട്ടിയെടുക്കുന്നതിനെ—അതായതു്, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതിനെ—എന്നെന്നേക്കുമായി അവസാനിപ്പിച്ചിരിക്കുന്നു. ഇത്തിക്കണ്ണികളായ ചൂഷകവർഗ്ഗങ്ങളേയും അതുപോലെതന്നെ അവസാനിപ്പിച്ചിരിക്കുന്നു. "വേലചെയ്യാത്തവൻ ഭക്ഷിക്കുകയും വേണ്ട." എന്ന തത്വം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. അധികാരം തൊഴിലാളികളുടേയും കൃഷിക്കാരുടേയും കയ്യിലാണ്. അവസാനവാക്കു പറയാനുള്ള അവകാശം ജീവിതത്തിൻെറ സകലതുറകളിലും അതുപോലെ ജനങ്ങരംക്കാണ്. തൊഴിലാളികളും അവരുടെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ജനകീയതാല്പയ്യങ്ങരം പ്രകാശിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങരം, ഒരു മുതലാളിത്തരാജ്യവും നല്കാത്ത തോതിൽ,

സാവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ജനങ്ങൾക്ക നല്ലുന്നു. ജനങ്ങൾ വിപുലമായ തോതിൽ അനുഭവിക്കുന്ന ഒരു വകാശമാണിതു്. ഈ അടിസ്ഥാനവ്യവസ്ഥകളാണ് വ്യക്തിസ്വാതന്ത്ര്യത്തിൻെറ അടിത്തറയായിരിക്കുന്നതു്. അവയൊന്നും കൂടാതെ വ്യക്തിസ്വാതന്ത്ര്യത്തെപ്പററി പ്രസംഗിക്കുന്നതു വഞ്ചനയും വ്യഷ്ഠാപ്രചരണവുമാണ്. വ്യക്തിവികാസത്തിനു സോഷ്യലിസം സൃഷ്ടിച്ച സാഹചര്യങ്ങൾക്ക നന്ദിപറയുക. സോവിയററ് യൂണിയനും മററ സോഷ്യലിസ്റ്റ് നാടുകളും യഥാത്ഥമായ ഒരു സാംസ്കാരികവിപ്ലവം സാധിച്ചിരിക്കുന്നു; അഭൂതപൂവ്വമായ ശാസ്ത്രീയപുരോഗതിക്ക ഉറപ്പു വരുത്തിയിരിക്കുന്നു. സോഷ്യലിസം വ്യക്തികളുടെ മാത്രമല്ല, മുഴുവൻ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ബുദ്ധിജീവികളുടേയുംകൂടി സവ്വതോമുഖമായ വളച്ചക്കാവശ്യമായ സാഹചര്യം ഏർപ്പെടുത്തിയിരിക്കുന്നു; ദശലക്ഷക്കണക്കിനു വ്യക്തികൾക്ക വികസിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു.

നാടിൻെറ പിന്നോക്കനിലയെ തരണംചെയ്യാൻ ശാസ്ത്രത്തിൻേറയും സാങ്കേതികവിജ്ഞാനത്തിൻേറയും നേട്ടങ്ങളെ ഉപയോഗപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചും ശ്രീ. നെഹറു പറയുന്നുണ്ടു്: ചില നിർദ്ദേശങ്ങൾ തികച്ചും ശരിയും പ്രായോഗികവുമാണ്. എന്നാൽ, "കമ്മ്യൂണിസം അക്രമസമീപനത്തോടു തീച്ചയായും ചേർന്നുനില്ലുന്നതിനാൽ" സാമ്പത്തികമായ പിന്നോക്കനിലയെ ഇല്ലാതാക്കാനുള്ള കമ്മ്യൂണിസ്റ്റ് മാഗ്ഗങ്ങൾ അസ്വീകാര്യമാണെന്നു പറയാൻ, എന്തോ ഒരു പക്ഷപാതം ശ്രീ. നെഹ്റുവിനെ നിർബ്ബന്ധിക്കുന്നു. ശ്രീ. നെഹ്റു തുടന്നു പറയുന്നു: നാം നമ്മുടെ വിഭവങ്ങളും സാങ്കേതികനേട്ടങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ "അടിസ്ഥാനമാനുഷികഘടകത്തെ വിസ്മരിക്കരുതു്; നമ്മുടെ ലക്ഷ്യം വ്യക്തിപരമായ അഭിവൃദ്ധിയും അസമത്വങ്ങളുടെ ലഘൂകരണവുമാണെന്നു മറക്കരുതു്. ജീവിതത്തിൻെറ ധാമ്മികവും ആത്മീയവുമായ വശങ്ങളെ വിസ്മരിക്കരുതു്."

കമ്മ്യൂണിസ്റ്റുകാർ വ്യക്തികളോടുള്ള തങ്ങളുടെ സമീപനത്തിൽ ജീവിതത്തിൻെറ ഭൗതികവശത്തെയോ ആത്മീയവശത്തെയോ ഒരിക്കലും കാണാതിരുന്നിട്ടില്ല. വ്യക്തിയുടെ ധാർമ്മികവും ആത്മീയവുമായ വളർച്ചയുടെ അടിസ്ഥാനംതന്നെ നാടുവാഴിത്തപരവും മുതലാളിത്തപരവുമായ അടിമത്തത്തിൽ നിന്നുള്ള മോചനമാണെന്ന കാര്യവും അവർ ഒരിക്കലും മറന്നിട്ടില്ല.

റഷ്യൻ ജനങ്ങൾ കമ്മ്യൂണിസ്റ്റ്കാരെ അധികാരപീഠത്തിലേററിയപ്പോൾ അവർ ഏറെറടുത്തതു, വേണ്ടത്ര ഉണ്ണാനും ഉടുക്കാനുമില്ലാത്ത അനേകലക്ഷം ജനങ്ങളുള്ള, ദാരിദ്ര്യപീഠിതമായ ഒരു രാജ്യത്തെയാണ്. ചരിത്രത്തിൻെറ പൊതുവളർച്ചയുടെ പ്രതിക്രിയയിലുള്ള, അമൂർത്തമായ ധാർമ്മികമാനദണ്ഡങ്ങളെക്കുറിച്ച് കമ്മ്യൂണിസ്റ്റ്കാർ ഊഹാപോഹങ്ങളിൽ വ്യാപൃതരായില്ല. അവർ ലെനിൻെറ നേതൃത്വത്തിൽ രാജ്യത്തിൻെറ വ്യവസായവൽക്കരണത്തിനും വൈദ്യുതവല്ക്കരണത്തിനുംവേണ്ടി വ്യക്തമായ ഒരു പരിപാടിയുണ്ടാക്കി. വ്യവസായത്തിൻേറയും കൃഷിയുടേയും വൈദ്യുതവൽക്കരണത്തെ ലാക്കാക്കിക്കൊണ്ടുള്ള, മുഴുവൻ ജനങ്ങളുടേയും വമ്പിച്ച പരിശ്രമത്തിൻെറ ഫലമായി മാത്രമേ ദാരിദ്ര്യത്തെ നിർമ്മൂലനം ചെയ്യാനും സാമ്പത്തികപിന്നോക്കനിലയെ മറികടക്കാനും സാധിക്കുകയുള്ളുവെന്ന് ലെനിൻ ചൂണ്ടിക്കാണിച്ചു.

കമ്മ്യൂണിസ്റ്റ്കാരുടെ നേതൃത്വത്തിലുള്ള സോവിയററജനത, ലെനിൻ അടയാളപ്പെടുത്തിയ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു. അതാണവരുടെ വിജയത്തിനു നിദാനം. കമ്മ്യൂണിസ്റ്റ്കാരേയും അവരുടെ സമ്പ്രദായങ്ങളേയും കുറിച്ച് ആരെന്തുപറഞ്ഞാലും കൊള്ളാം, ഒന്നാന്തരമായ വളർന്ന ശാസ്ത്രത്തോടും സാങ്കേതികവിജ്ഞാനത്തോടും സംസ്കാരത്തോടും കൂടിയ, മഹത്തായ ഒരു വ്യാവസായികലോകശക്തിയെ നിർമ്മിച്ചതവരാണ്. അവിടെ വ്യക്തി ഭൂപ്രഭുവിനേയും ഫാക്ടറിയുടമയേയും വിദേശസാമ്രാജ്യകാരിയേയും, ആശ്രയിക്കാത്തതുകൊണ്ട് യഥാർത്ഥമായ സ്വാത

ന്ത്ര്യം അനുഭവിക്കുന്നു. രാജ്യത്തിന്റെ യഥാർത്ഥയജമാനന്മാർ അവിടെ ജനങ്ങളാണ്.

## തത്വശാസ്ത്രത്തിന്റെ പ്രശ്നം

ശ്രീ. നെഹറുവിന്റെ ലേഖനം അവതരിപ്പിച്ചുകൊണ്ടുള്ള കുറിപ്പിൽനിന്നു, പ്രസ്തുത ലേഖനം പ്രസിദ്ധം ചെയ്യുന്നതിനുമുമ്പ് അതു അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കൾക്കിടയിൽ വിതരണം ചെയ്യപ്പെട്ടുവെന്നു വ്യക്തമാണ്.

ജൂലായ് ഒന്നാം തിയതിയിലെ ലക്കത്തിൽ (ഇക്കണോമിക് റെവ്യൂവിന്റെ) 'കോൺഗ്രസ്സ് പ്രത്യയശാസ്ത്രവും പരിപാടിയും' എന്ന ഒരു ലേഖനം ഡോ: സമ്പൂർണ്ണാനന്ദന്റെ വകയായി ഉണ്ടായിരുന്നു. ശ്രീ. നെഹറു ഈ ലേഖനത്തെ വളരെ പുകഴ്ത്തിപ്പറയുകയും, തന്റെ ലേഖനത്തിൽ അതിനെ പരാമർശിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ രണ്ടു ലേഖനങ്ങളിലുമുള്ള ആശയങ്ങൾ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പല നേതാക്കന്മാർക്കുമുള്ള അഭിപ്രായങ്ങളാണെന്നു സ്പഷ്ടമാണ്.

വിമോചനത്തിനുശേഷം ഇന്ത്യയുടെ മന്ദഗതിയിലുള്ള പുരോഗതിക്കു കാരണം ജനങ്ങളെ ആവേശഭരിതരാക്കുന്ന തത്വശാസ്ത്രപരമായ ഒരാശയഗതി ഇല്ലാത്തതാണെന്നു രണ്ടു ലേഖകന്മാരും സമ്മതിക്കുന്നു.

ഈ പ്രശ്നത്തെക്കുറിച്ചു തനിക്കും ഡോ: സമ്പൂർണ്ണാനന്ദിനുമുള്ള അഭിപ്രായങ്ങൾ പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. നെഹറു പറയുന്നു: "ഇന്ത്യയിൽ ഒരു നിരാശതാബോധവും നിരുത്സാഹതയുമുണ്ടെന്നും, അത്യുത്സാഹവും അത്യദ്ധ്വാനവും ഏററവുമധികം ആവശ്യമായിട്ടുള്ള ഒരവസരത്തിൽ, പഴയ ഉന്മേഷമില്ലെന്നും പലപ്പോഴും പറയപ്പെടുന്നുണ്ട്.' അതു അവരുടെ അഭിപ്രായത്തിൽ 'നമുക്കൊരു ജീവിതതത്വശാസ്ത്രം ഇല്ലാത്തതുകൊണ്ടാണ്. എന്തിനു്, ലോകത്തിനുകൂടി തത്വശാസ്ത്രപരമായ ഒരു സമീപനത്തിന്റെ കുറവുണ്ട്. നാടിനു ഭൗതികക്ഷേമം കൈവരുത്താ

നുള്ള നമ്മുടെ പരിശ്രമത്തിൽ നാം മനുഷ്യപ്രകൃതിയുടെ ആത്മീയഘടകത്തിന്റെ നേക്കു് യാതൊരു ശ്രദ്ധയും പതിച്ചിട്ടില്ല. അതിനാൽ, വ്യക്തിക്കും രാഷ്ട്രത്തിനും ഒരു ഉദ്ദേശ്യബോധം ഉണ്ടാക്കാൻവേണ്ടി—ജീവിക്കാനും വേണ്ടിവന്നാൽ മരിക്കാനും വേ'ണ്ടി എന്തെങ്കിലും ഉണ്ടീക്കാൻവേണ്ടി—നമുക്കു് ഒരു ജീവിതതത്വശാസ്ത്രം പുനരുജ്ജീവിപ്പിക്കുകയും, നമ്മുടെ ചിന്താഗതിക്കു്, വാക്കിന്റെ വിപുലമായ അൎത്ഥത്തിൽ, ഒരാത്മീയപശ്ചാത്തലം നൽകുകയും ചെയ്യേണ്ടതുണ്ടു്.'

ഒരു പുതിയ തത്വശാസ്ത്രത്തെസ്സംബന്ധിച്ചേടത്തോളം പറഞ്ഞാൽ, ജനങ്ങളുടെ മൗലികാവശ്യങ്ങളെ അവഗണിക്കുകയും, എല്ലാ രൂപങ്ങളിലുമുള്ള ചൂഷണത്തിലും മർദ്ദനത്തിലും നിന്നു മോചനം നേടാനുള്ള അവരുടെ ആത്മാൎത്ഥമായ ആഗ്രഹങ്ങളെ പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്ന, യാതൊരു 'ജീവിതതത്വശാസ്ത്ര'ത്തിനും ജനങ്ങളെ ആവേശം കൊള്ളിക്കാൻ കഴികയില്ല.

## ആഭ്യന്തര വൈരുദ്ധ്യങ്ങൾ

മേല്പറഞ്ഞ പ്രസ്താവനകളിൽനിന്നു് ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൽ ആഭ്യന്തര വൈരുദ്ധ്യമുണ്ടെന്നും, ആശയപരമായ ഭിന്നിപ്പുണ്ടെന്നും, നേതാക്കന്മാർ പിൻതുടരുന്ന നയത്തോടു അണികൾക്കു അതൃപ്തിയുണ്ടെന്നും തെളിയുന്നു. ഡോ: സമ്പൂർണ്ണാനന്ദൻ ഇതു സ്ഥിരീകരിക്കുന്നുണ്ടു്. സാമ്പത്തിക വളർച്ചയെസ്സംബന്ധിച്ച കോൺഗ്രസ്സ് നേതാക്കളുടേയും ഗവമ്മെണ്ടു നേതാക്കളുടേയും പരിപാടിയോടു് അംഗങ്ങൾക്കു് അതൃപ്തിയുണ്ടെന്നു് അദ്ദേഹം എഴുതുന്നു. നേതാക്കന്മാർ ജനങ്ങൾക്കൊരു വീക്ഷണഗതിയും ജീവിതതത്വശാസ്ത്രവും പ്രദാനം ചെയ്യാത്തതുകൊണ്ടു് ഗവമ്മെണ്ടു നടപടികൾ ഉത്സാഹം ഉളവാക്കുന്നില്ലെന്നു് അദ്ദേഹം പറയുന്നു....കോൺഗ്രസ്സ് സംഘടനയുടെ സ്വഭാവവിശേഷമാകേണ്ട ആത്മീയമുന്നേററത്തിനുപകരം അധഃപതനവും സാൎവ്വത്രികമായ ആശാഭംഗവുമാണുള്ളതു്. പാർട്ടിപ്രവൎത്തകൎക്കു്

3052



സ്ഥാനങ്ങൾക്ക വേണ്ടിയുള്ള തമ്മിത്തല്ലലല്ലാതെ വേറൊന്നും
ചെയ്യാനില്ല. ലേഖനകർത്താവു തുടരുന്നു: സംഘകരണത്തിനുള്ള
അഭ്യർത്ഥനയും ജനങ്ങൾ സ്വീകരിക്കുന്നതു് അതുപോലെ ഉത്സാ
ഹമില്ലാതെയാണു്. വിദ്യാർത്ഥികൾക്കും യുവാക്കന്മാർക്കും അച്ച
ടക്കമില്ല. ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ ആശയങ്ങ
ളിൽ യുവാക്കന്മാർക്ക പ്രതീക്ഷയില്ല. കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ
ചേരുന്ന ഒരു ചെറുപ്പക്കാരന്നു ഒരു കരിശുയുദ്ധക്കാരൻെറ ആ
വേശമുണ്ടാകുന്നുവെന്നാണു് ഡോ: സമ്പൂർണ്ണാനന്ദ് പറയുന്നതു്.
അതേസമയത്തു് ഇന്ത്യൻനാഷനൽ കോൺഗ്രസ്സു് ഈ ചെറുപ്പ
ക്കാരന്നു് യാതൊരു ആദർശവും ജീവിതോദ്ദേശവും നൽകുന്നില്ല.

ശ്രീ. നെഹറുവിനെപ്പോലെ ഡോ: സമ്പൂർണ്ണാനന്ദും ഈ
കുഴപ്പത്തിൽനിന്നു പുറത്തു കടക്കാനുള്ളവഴി പാർട്ടിയിൽ അന്വേ
ഷിക്കുന്നു. ആ വഴിയാണു് "ജീവിതതത്വശാസ്ത്രം." നമ്മേസ്സം
ബന്ധിച്ചേടത്തോളം ഈ തത്വശാസ്ത്രത്തിൻെറ സത്തു് വ്യക്തി
സമുദായത്തിൻെറ അടിസ്ഥാനമാണെന്നതാണെന്നു് ലേഖനക
ർത്താവു പറയുന്നു....വ്യക്തിയുടെ പുനരുജ്ജീവനം—സമുദായ
ത്തിൻെറ അടിസ്ഥാനമെന്ന അവൻെറ പദവിയുടെ അംഗീക
രണം—നമ്മുടെ പല ആശയങ്ങളുടേയും സ്ഥാനം പുനർനിർണ്ണ
യം ചെയ്യുന്നതിൽ ചെന്നെത്തും. *

ഈ വ്യക്തിനിഷ്ഠ 'തത്വശാസ്ത്ര'ത്തിനു ഇന്ത്യയിൽ ഇന്നുള്ള,
ഗുരുതരമായ സാമ്പത്തിക സ്ഥിതിയിൽനിന്നു പുറത്തു കടക്കാ
നുള്ള പോംവഴി നിർദ്ദേശിക്കാൻ കഴിയുന്നില്ലെന്നു ഞങ്ങൾ
പറയേണ്ടതുണ്ടോ? ഈ തത്വശാസ്ത്രത്തിൻെറ സാരാംശത്തെ
പ്പററി പറഞ്ഞാൽ അതു് പുതുതൊന്നുമല്ല. ബഹുജനങ്ങളുമാ
യുള്ള ബന്ധം നഷ്ടപ്പെട്ട (അഥവാ അത്തരം ബന്ധമൊന്നുമി
ല്ലാത്ത), സാമൂഹ്യശാസ്ത്രപരവും തത്വശാസ്ത്രപരവുമായ എല്ലാ
വ്യവസ്ഥകളും വ്യക്തിയിലാണു് അവയുടെ ആശകൾ മുഴുവൻ
അർപ്പിക്കുന്നതു്. എന്നാൽ ചരിത്രം ഇത്തരം വ്യവസ്ഥകളുടെ
അനുകൂലികൾ പറയുന്നതു ശരിയല്ലെന്നും കമ്യൂണിസ്റ്റുകാർ പറ

യുന്നതാണു് ശരിയെന്നും തെളിയിച്ചിട്ടുണ്ടു്. കമ്യൂണിസ്റ്റുകാർ പറയുന്നതു ശരിയാവാൻ കാരണമിതാണു്: ചരിത്രപരമായ വളർച്ചയുടെ പിന്നിലുള്ള ശക്തി ബഹുജനങ്ങളുടെ ക്രിയാത്മകമായ പരിശ്രമമാണെന്നു കമ്യൂണിസ്റ്റുകാർ കാണുന്നു.

## ഉപസംഹാരം

ഇന്ത്യൻ ജനതയുടെ വിമോചനസമരത്തിൻെറ നേതാവെന്ന നിലയിൽ പണ്ഡിററു് നെഹ്റുവിനുള്ള ശ്രേഷ്ഠവും ചരിത്രപരവുമായ പങ്കിനെ മുഴുവൻ ലോകത്തിലുമുള്ള പുരോഗമനവാദികളായ ജനങ്ങൾ വളരെയധികം വിലമതിക്കുന്നുണ്ടെന്നു പറഞ്ഞുകൊണ്ടു് ഈ ലേഖനം ഉപസംഹരിക്കാൻ ഞാനാഗ്രഹിക്കുന്നു. മനുഷ്യസമുദായത്തിനു അവർണ്ണനീയങ്ങളായ കഷ്ടപ്പാടുകൾ വലിച്ചുവെക്കുന്ന ഒരണുയുദ്ധം കുത്തിപ്പൊക്കാൻ ശ്രമിക്കുന്നവക്കെതിരായ, യുദ്ധവൈതാളികന്മാക്കെതിരായ ലോകപ്രസ്ഥാനത്തിൻെറ ഉന്നതനായ ഒരു നേതാവെന്ന നിലയിൽ നെഹ്റുവിനെ അവർ മാനിക്കുന്നു.

സോവ്യററു് യൂണിയനിലേയും മററു സോഷ്യലിസ്റ്റു് നാട്ടുകളിലേയും ജനതകളുടെനേരെ മഹത്തായ ഇന്ത്യൻ രാഷ്ട്രത്തിനു ആത്മാർത്ഥമായ സ്നേഹവും സൗഹാർദ്ദവുമുണ്ടെന്നു പുരോഗമനവാദികളായ ജനങ്ങൾക്കറിയാം. അതേ സമയത്തു മറേറതൊരു സോഷ്യലിസ്റ്റു രാജ്യത്തേയും പോലെ സോവ്യററുയൂണിയനും ഇന്ത്യയെ അതിൻെറ സാമ്പത്തിക വളർച്ചയിൽ സഹായിക്കാൻ സർവ്വദാ തയ്യാറാണു്. ഇന്ത്യയെ ഒരു നവീന, വ്യവസായവൽകൃതശക്തിയായി രൂപാന്തരപ്പെടുത്തുന്നതിലും ദേശീയസംസ്കാരം ഇനിയും വളർത്തുന്നതിലും മഹത്തായ ഇന്ത്യൻ ജനതക്കു് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമെന്നു് സമാധാനത്തിൻേറയും പുരോഗതിയുടേയും അനുകൂലികൾക്കു് ഉറപ്പുണ്ടു്. ഇന്ത്യൻ ജനതക്കും ഇന്ത്യാഗവമ്മെണ്ടിനും ശ്രീ. നെഹ്റുവിനും ഒന്നുറപ്പിക്കാം: സോഷ്യലിസ്ററുരാഷ്ട്രങ്ങൾക്കും അവയുടെ ഗവ

മെമ്പർമാർക്കും ഇന്ത്യയോടു യഥാത്ഥവും വിശ്വസ്തവും നിസ്വാത്ഥവുമായ സ്നേഹം എന്നുമുണ്ടാകും. ശ്രീ. നെഹ്റുവിന്റെ ലേഖനത്തിൽനിന്ന കാണുന്നതുപോലെ നമുക്ക് ആദശ്പരമായ അഭിപ്രായ ഭിന്നതയുണ്ടെന്നതു നേരാണ്. എന്നാൽ നമ്മുടെ കാലഘട്ടത്തിലെ മൗലികവും നിണ്ണായകവുമായ ഒരു വസ്തുത— രാഷ്ട്രങ്ങളുടെ സ്വതസിദ്ധമായ താല്പയ്യങ്ങൾക്കും മാനവസമുദായത്തിന്റെ പുരോഗമനപരമായ വളർച്ചക്കും സമാധാനത്തിന്നും വേണ്ടിയുള്ള സമരം—നമ്മേ ഏകീകരിക്കുന്നു.

മഹത്തായ ഈ ലക്ഷ്യം നേടുന്നതിന്ന് ഇന്ത്യൻജനത ഏതു മാഗ്ഗം സ്വീകരിക്കണമെന്നതു്, ഇന്ത്യൻ ജനതമാത്രം തീരുമാനിക്കേണ്ട ഒരു വിഷയമാണ്. അവർ തിരഞ്ഞെടുക്കുന്ന മാഗ്ഗവും സമ്പ്രദായങ്ങളും ഇന്ത്യയിൽ നിലവിലുള്ള ചരിത്രപരവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ പരിത:സ്ഥിതികളെ ആശ്രയിച്ചിരിക്കും.

* (ഡോ: സമ്പൂണ്ണാനന്ദ് തന്റെ ലേഖനത്തിൽ "ജനാധിപത്യത്തേ"യും "സോഷ്യലിസത്തേ"യും എല്ലാ വീക്ഷണകോണങ്ങളിൽനിന്നും ചർച്ച ചെയ്യുന്നുണ്ട്. വ്യക്തിപ്രധാനമായ തത്വശാസ്ത്രത്തിന്റേയും സാമൂഹ്യശാസ്ത്രത്തിന്റെയും ഒരവതാരകനെന്ന നിലയിൽ അദ്ദേഹം ചരിത്രപരമായ വളച്ചയുടെ യഥാത്ഥ പ്രേരകശക്തികളെ കാണുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യയെ സമ്പൽസമൃദ്ധിയിലേക്കു നയിക്കാൻ കഴിയുന്ന മാഗ്ഗമല്ല, മാർക്സിസവും മാർക്സിസ്റ്റ് സോഷ്യലിസവും.

ഒരു എഴുത്തുകാരനെന്ന നിലയിൽ ഡോക്ടർ സമ്പൂണ്ണാനന്ദ് ശ്രീ. നെഹ്റുവിനോളം താത്വികജ്ഞാനമുള്ളയാളല്ലെന്നു പറയേണ്ടിയിരിക്കുന്നു. തന്റെ അഭിപ്രായത്തിൽ എന്താണു ഒരു തത്വശാസ്ത്രം എന്നതിനെക്കുറിച്ച് വളരെ വിചിത്രമായ ഒരു സിദ്ധാന്തമാണ് അദ്ദേഹം സമർപ്പിക്കുന്നതു്.

ജനകീയ ജനാധിപത്യരാജ്യങ്ങളിലെ ജനാധിപത്യത്തേയും സോഷ്യലിസത്തേയുംപററി പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം

പറയുന്നതു്, പ്രസ്തുത രാജ്യങ്ങളിൽ ഹെഗലിൻെറ സിദ്ധാന്തമനുസരിച്ചുള്ള ഭരണകൂടമാണു് സ്ഥാപിച്ചുകൊണ്ടിരിക്കുന്നതെന്നാണു്. സോഷ്യലിസ്റ്റു് രാജ്യങ്ങൾ സാമൂഹ്യനന്മയെ വ്യക്തിയുടെ മണ്ഡലത്തിൽനിന്നു വേറെയായും അതീതമായുമാണു് അംഗീകരിക്കുന്നതെന്നു് അദ്ദേഹം അവകാശപ്പെടുന്നു. ഇതു അംഗീകരിക്കുക എന്നുവെച്ചാൽ ഹെഗലിൻെറ സിദ്ധാന്തപ്രകാരമുള്ള ഭരണകൂടത്തെ സ്വീകരിക്കുക എന്നാണത്ഥമെന്നു അദ്ദേഹം പറയുന്നു. ജനകീയ ജനാധിപത്യത്തിൻെറ രൂപത്തിൽ ഇന്നു പ്രത്യക്ഷപ്പെടുന്നതു് ഇതാണത്രെ. മററുവിധത്തിൽ പറഞ്ഞാൽ റഷ്യയിലേയും ചൈനയിലേയും സവ്വാധിപത്യങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു് ഇതാണത്രേ.

സോവ്യററ യൂണിയനേയും ചീനാറിപ്പബ്ളിക്കിനേയും പോലത്തെ ഭരണകൂടങ്ങൾക്കു ഹെഗലിൻെറ ലേബൽ ഒട്ടിക്കാൻ ഇദ്ദേഹത്തിന്നൊരു പ്രയാസവും ഇല്ലാത്തതു വെച്ചുനോക്കിയാൽ, ഇദ്ദേഹം ഹേഗലിനെക്കുറിച്ചു വായിച്ചതു് വളരെ മുമ്പാണെന്നോ, ഹേഗലിൻെറ തത്വശാസ്ത്രത്തെക്കുറിച്ചു് ഇതിനകം മറന്നുപോയിരിക്കുന്നുവെന്നോ, അതുമല്ലെങ്കിൽ അതിനെക്കുറിച്ചുള്ള കേട്ടറിവേ ഇദ്ദേഹത്തിന്നുള്ളുവെന്നോ സംശയം കൂടാതെ അനുമാനിക്കാം.

ഹേഗലിനെക്കുറിച്ചു പഠിച്ചിട്ടുള്ള തത്വശാസ്ത്രവിദ്യാത്ഥികൾക്കു്, ഹേഗൽ രാജവാഴ്ചയെ അനുകൂലിച്ചിരുന്ന ഒരാളായിരുന്നുവെന്നും, ഫ്രെഡറിക്കു് രണ്ടാമൻെറ രാജാധിപത്യത്തെ അദ്ദേഹം പരമമായ ആശയത്തിൻെറ, അതായതു് ദൈവത്തിൻെറ, മൂത്തീകരണമായിട്ടാണു കണക്കാക്കിയിരുന്നതെന്നും അറിയാം.

"ഇക്കണോമിക്കു് റവ്യൂ"വിൻെറ വായനക്കാർ ഹെഗലിനെപ്പററിയോ സോഷ്യലിസ്റ്റു് രാജ്യങ്ങളെപ്പററിയോ കേട്ടിട്ടില്ലാത്തവരാണെന്ന വിചാരത്തോടുകൂടിയാവാം, ഒരുപക്ഷേ ഡോ:

സമ്പൂർണ്ണാനന്ദ് ഹെഗലിന്റെ സിദ്ധാന്തത്തേയും സോഷ്യലിസ്റ്റ്‌രാജ്യങ്ങളേയുംകുറിച്ചു ഇത്തരം കണ്ടുപിടുത്തങ്ങൾ നടത്തുന്നതു്.

ഹെഗലിന്റെ ദൃഷ്ടിയിൽ രാജാധിപത്യം പരമമായിരുന്നു, എന്നുവെച്ചാൽ ശാശ്വതമായിരുന്നുവെന്നു് ഇവിടെ പറഞ്ഞുകൊള്ളട്ടെ. മാർക്സിസ്റ്റ് വീക്ഷണഗതി നേരെമറിച്ചുമാണു്. മാർക്സിസ്റ്റുകാർ വിശ്വസിക്കുന്നതു്, തൊഴിലാളിവർഗ്ഗഭരണകൂടം—സോഷ്യലിസ്റ്റ് ഭരണകൂടംതന്നെ—കമ്മ്യൂണിസം പുരോഗമിക്കുന്നതോടെ കൊഴിഞ്ഞുവീഴുമെന്നാണു്.

ഡോ: സമ്പൂർണ്ണാനന്ദ് ഇന്ത്യൻ ജനങ്ങൾക്കു് കാഴ്ചവെക്കുന്ന 'സോഷ്യലിസ'ത്തെസ്സംബന്ധിച്ചു പറയുകയാണെങ്കിൽ, അതു് ജനങ്ങളുടെ ചിലവിൽ....മുതലാളിത്ത ഉടമസ്ഥതയെ നിലനിറുത്തുന്നതും, നാടുവാഴിത്ത ഉടമസ്ഥതയെ മുതലാളിത്ത ഉടമസ്ഥതയായി രൂപാന്തരപ്പെടുത്തുന്നതുമായ ഒരു സോഷ്യലിസമാകുന്നു. സ്വകാര്യമേഖലയെ നിലനിറുത്തുന്നതു് പൊതുനന്മക്കാണെന്നാണു് അദ്ദേഹം പറയുന്നതു്. വ്യവസായികൾക്കും മററു പ്രമാണികൾക്കും സമുദായത്തിൽ മാനമായ ഒരു സ്ഥാനം വഹിക്കാം. സെമിന്ദാരി നിറുത്തലാക്കിയപ്പോൾ നഷ്ടപരിഹാരം നൽകി ഇന്ത്യൻനാഷനൽ കോൺഗ്രസ്സ് ഉജ്ജ്വലമായ ഒരു കീഴ്‌വഴക്കമാണു് സൃഷ്ടിച്ചിരിക്കുന്നതെന്നു് അദ്ദേഹം പറയുന്നു. ഇതെത്രത്തോളം ഉജ്ജ്വലമാണെന്നു അറിയാൻ, അതിനെപ്പററി നാം ഇന്ത്യൻ കർഷകരോടു ചോദിക്കണം....

മുതലാളിമാരെ നിലനിർത്തുകയും നാടുവാഴികളെ മുതലാളിമാരായി മാററുകയും ചെയ്യുന്ന, ഡോ: സമ്പൂർണ്ണാനന്ദ് കണ്ടുപിടിച്ചിട്ടുള്ള, സോഷ്യലിസത്തിലേക്കുള്ള ഇന്ത്യൻമാർഗ്ഗം ഒരു സോഷ്യലിസ്റ്റ് മാർഗ്ഗമല്ല, മുതലാളിത്തമാർഗ്ഗമാണു്.

ഇന്ത്യൻ ജനങ്ങൾക്കു് സോഷ്യലിസം വളരെ ഇഷ്ടപ്പെട്ടതാണെന്നു് കാണുന്നു. മുതലാളിത്ത വളർച്ചയെ സോഷ്യലിസ

 3052

മായി ചിത്രീകരിക്കാനുള്ള കാരണം ഇതൊന്നുമാത്രമാണു്. ജനങ്ങളെ, ഇതു അവക്കു പററിയമാർഗ്ഗമാണെന്നു പറഞ്ഞു വിശ്വസിപ്പിക്കാനുള്ള ഒരു ശ്രമമാണിതെന്നു് വ്യക്തമാണു്. എന്നാൽ യഥാർത്ഥ സോഷ്യലിസം മുതലാളിത്തത്തിൽനിന്നു് മൗലികമായിത്തന്നെ വ്യത്യസ്തമാണു്. അടിസ്ഥാന ഉല്പാദനോപകരണങ്ങളെ മുതലാളി ഉടമകളുടെ കയ്യിൽനിന്നെടുത്തു് ജനങ്ങളുടെ കയ്യിലേക്കു കൊടുക്കുക എന്നതാണതിൻെറ സ്വഭാവം. എന്നുവെച്ചാൽ അവയെ പൊതുസ്വത്താക്കുന്നു. നാടുവാഴികളുടെ സ്വത്തും പിടിച്ചെടുത്തു് കൃഷിക്കാക്കു കൊടുക്കുന്നു. സോഷ്യലിസ്റ്റു് സമുദായം, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതു് എന്നന്നേക്കുമായി അവസാനിപ്പിക്കുന്നു. 'ഓരോരുത്തനും അവനവൻെറ കഴിവനുസരിച്ചെന്നതിനുപകരം, ഓരോരുത്തനും അവനവൻെറ വേലയനുസരിച്ചു്' എന്ന മുദ്രാവാക്യമായിത്തീരുന്നു, നിയന്ത്രിക്കുന്ന തത്വം. സോഷ്യലിസം ഒരു കൂട്ടവ്യവസ്ഥയാണു്. സോഷ്യലിസത്തിനുകീഴിൽ വ്യക്തി സ്വതന്ത്രനാണു്; കാരണം, അവൻ മഹത്തായ ഒരു നിലനില്പിൻെറ ഭാഗമാണു്—രാഷ്ട്രീയവും സാമ്പത്തികവുമായ മർദ്ദനങ്ങളിൽനിന്നു് വിമുക്തരായ ജനങ്ങളുടെ ഭാഗമാണു്.)

## നാടകങ്ങൾ — സ്കൂൾ ലൈബ്രറികൾക്ക് അംഗീകരിച്ചവ

| | | | |
|---|---|---|---|
| 1. | ഇതു ഭൂമിയാണ് | —കെ. ടി. മുഹമ്മദ് | 1-25 |
| 2. | ഇതു പൊളിററിക്സാണ് | —പി. ജെ. ആൻറണി | 0-25 |
| 3. | ഇങ്കുലാബിൻെറ മക്കൾ | ,, | 1-25 |
| 4. | ഇൻസ്പെക്ടർ ജനറാൾ | —ഗോഗോൾ | 1-50 |
| 5. | ഒരാടും ആറു മനുഷ്യരും | —എരൂർ വാസുദേവ് | 0-60 |
| 6. | കണ്ടംബെച്ച കോട്ട് | —ടി. മുഹമ്മദ് യൂസഫ് | 1-25 |
| 7. | ജ്ജ് നല്ല മനുസനാകാൻ നോക്ക് | —അയ്മു | 1-00 |
| 8. | ജീവിതം | —തിക്കൊടിയൻ | 1-25 |
| 9. | ഞങ്ങളുടെ മണ്ണ് | —പി. ജെ. ആൻറണി | 0-37 |
| 10. | നാടകങ്ങൾ (1-ാംഭാഗം) | മാക്സിംഗോർക്കി | 3-00 |
| 11. | ,, (2-ാംഭാഗം) | ,, | 3-50 |
| 12. | വഴി തുറന്നു | —പൊൻകുന്നം വർക്കി | 1-25 |
| 13. | വിശക്കുന്ന കരിങ്കാലി | —തോപ്പിൽ ഭാസി | 1-25 |
| 14. | ഷെൽട്ടർ | ,, | 1-00 |
| 15. | സവ്വേക്കല്ല് | ,, | 1-25 |
| 16. | മുടിയനായ പുത്രൻ | ,, | 2-00 |

**പ്രഭാത് ബുക്ക്ഹൗസ്**

എറണാകുളം, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ,
കോട്ടയം, കൊല്ലം, തിരുവനന്തപുരം.